പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പഞ്ചായത്ത്‌രാജ്

പുസ്തകം 60 ലക്കം 9 ഡിസംബർ 2020

ജനങ്ങൾ പറയുന്നു മുന്നോട്ടു തന്നെ

പിണറായി വിജയൻ

ജനകീയാസൂത്രണത്തിന്റെ കരുത്തിൽ ഒന്നായ് മുന്നേറാം

എ.സി. മൊയ്തീൻ

'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ അകറ്റി നിർത്തുക പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

പഞ്ചായത്ത്‌രാജ്

ഡിസംബർ 2020

അകത്ത്

ജനങ്ങോൾ പറയുന്നു
മുന്നോട്ടു തന്നെ !
പിണറായി വിജയൻ 5

ജനകീയാസൂത്രണത്തിന്റെ
കരുത്തിൽ ഒന്നായ് മുന്നേറാം
എ.സി. മൊയ്തീൻ 8

ജനപ്രതിനിധികൾ
ഹരിതകേരള സൃഷ്ടിയിലെ
ചാലകശക്തി
ഡോ. ടി.എൻ. സീമ 12

പുതിയ പ്രാദേശിക സർക്കാരുകളും
നവീന വികസന കാഴ്ചപ്പാടുകളും
ഡോ. പി.കെ. ജയശ്രീ ഐ.എ.എസ് 16

നവ കേരള സൃഷ്ടിക്കായി
പുതിയ ജനപ്രതിനിധികൾ
ഡോ. ജോയ് ഇളമൺ 20

ചെലവു കണക്കും സ്വത്തുവിവരവും
നൽകേണ്ടതെപ്പോൾ
കെ.ടി. ജോർജ് 23

ചില പുത്തൻ
വികസന ചിന്തകൾ
ഹുസൈൻ എം. മിന്നത്ത് 25

രണ്ടാംഘട്ട നൂറുദിന കർമ്മപരിപാടി
10,000 കോടിയുടെ വികസനം 30

13 സർക്കാർ ആശുപത്രികൾക്കു കൂടി
ദേശീയ ഗുണനിലവാര അംഗീകാരം 33

ജീവന്റെ വിലയുള്ള ബദൽ
ഷിജു ഏലിയാസ് 35

മണ്ണാണ് ജീവൻ
മണ്ണ് ജീവന്റെ ഹരിതകം
മുരളീധരൻ തഴക്കര 41

പംക്തികൾ

വാർത്തകൾ വിശേഷങ്ങൾ 34

ഊരും പേരും - 6 40

എന്ന് വായനക്കാർ 42

ഡിസംബർ 2020
പുസ്തകം 60 ലക്കം 9
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
വി.വി. രാജീവ്
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
ഡോ.പി.കെ. ജയശ്രീ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
വി.വി. രാജീവ്
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9447791524

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

എഡിറ്റോറിയൽ

പുതിയ ജനപ്രതിനിധികൾക്ക് സ്വാഗതം

തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതിരഞ്ഞെടുപ്പിൽ വിജയം കൈവരിച്ച് പ്രാദേശിക സർക്കാരുകളുടെ അധികാരമേറ്റെടുത്ത ജനപ്രതിനിധികൾക്ക് അഭിനന്ദനങ്ങൾ.

പ്രാദേശിക വികസന പ്രക്രിയയിലും പ്രളയവും കൊവിഡ് മഹാമാരിയും പോലുള്ള പ്രതിസന്ധിഘട്ടങ്ങളിലും സർക്കാരിനും ജനങ്ങൾക്കുമൊപ്പം നിന്ന് പ്രവർത്തിച്ചവരാണ് കേരളത്തിലെ ജനപ്രതിനിധികൾ. കൊവിഡ് വ്യാപനത്തിന്റെ നിയന്ത്രണം ഉൾപ്പെടെയുള്ള ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ കേരളത്തിന്റെ വിജയത്തിനു പിന്നിലെ ശക്തിയും പ്രാദേശിക സർക്കാരുകൾ തീർത്ത ജനകീയ അടിത്തറയാണ്. പ്രാദേശിക ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കി കാൽനൂറ്റാണ്ട് പൂർത്തീകരിച്ച ജനകീയാസൂത്രണ പ്രസ്ഥാനം നൽകിയ ഇച്ഛാശക്തിയിൽ നിന്നുമാണ് ഇത്തരത്തിലൊരു ജനകീയ അടിത്തറ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈവന്നത്. പ്രാദേശിക വികസനപ്രക്രിയയിലും കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വളരെയധികം മുന്നോട്ടുപോയി. അടിസ്ഥാന സൗകര്യവികസനം, കൃഷി, മൃഗസംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പ്രാദേശിക സർക്കാരുകളുടെ ഇടപെടൽ മൂലം വലിയ മാറ്റങ്ങളാണ് ഇക്കാലയളവിൽ ഉണ്ടായത്. കാര്യശേഷി വികസനത്തിൽ, പ്രത്യേകിച്ചും സ്ത്രീകളുടെ കാര്യശേഷി വികസനത്തിൽ വിപ്ലവകരമായ മാറ്റം കൈവരിക്കാനും അധികാര വികേന്ദ്രീകരണത്തിലൂടെ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞുവെന്നതും അഭിമാനകരമാണ്. കേരളം താഴെത്തട്ടിലേക്ക് അധികാരം കൈമാറിയതിന്റെ രജതജൂബിലി വർഷത്തിൽ അധികാരത്തിലേറിയ പുതിയ പ്രാദേശിക സർക്കാരുകൾ കേരളം കൈവരിച്ച മാതൃകാപരമായ നേട്ടങ്ങളുടെ തുടർച്ചയ്ക്കായി പ്രവർത്തിക്കണം.

ഒരു പുതിയ കേരളത്തിന്റെ സൃഷ്ടിക്കായി ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം വിജയകരമായി നടപ്പാക്കി വരുന്ന ഈ സമയത്ത് നമ്മുടെ വികസന കാഴ്ചപ്പാടുകൾ മാറേണ്ടിയിരിക്കുന്നു. പ്രാദേശിക ചിന്തകൾക്കും രാഷ്ട്രീയത്തിനും അതീതമായി നാടിന്റെ സമഗ്രവികസനത്തിന് ഊന്നൽ നൽകിക്കൊണ്ടാവണം പദ്ധതികൾ വിഭാവനം ചെയ്തു നടപ്പാക്കേണ്ടത്. വിവിധ തലത്തിലുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ ചേർന്ന് സംയോജിത പദ്ധതികൾ രൂപീകരിക്കുന്നതിന് പ്രാമുഖ്യം നൽകണം. ഇതിലൂടെ ബൃഹത്തായതും ജനോപകാരപ്രദമായതുമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. ഇപ്പോൾ നടപ്പാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം സംയോജിത പദ്ധതികൾ രൂപീകരിക്കുന്നതിന് ഏറെ സഹായകരമാകും. പ്രാദേശിക വികസനം, ദുരന്തനിവാരണം, സമ്പൂർണ്ണ ശുചിത്വം തുടങ്ങിയ മേഖലകളിൽ ഇടപെട്ടുകൊണ്ട് ഒരു നവകേരളം സൃഷ്ടിക്കാൻ പുതുതായി അധികാരമേറ്റ പ്രാദേശിക സർക്കാരുകൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്.

“ലക്ഷ്യം കണ്ടെത്തുക, മാർഗ്ഗം പിന്തുടരും ”
മഹാത്മാഗാന്ധി

ജനങ്ങൾ പറയുന്നു മുന്നോട്ടു തന്നെ !

■ **പിണറായി വിജയൻ**
മുഖ്യമന്ത്രി

തിരഞ്ഞെടുപ്പിൽ ജയിച്ചവരും ജയിക്കാൻ കഴിയാതെ പോയവരും, തിരഞ്ഞെടുപ്പു കഴിഞ്ഞാൽ ഒരുമിച്ചു നിന്ന് പ്രവർത്തിക്കണം. ഭിന്നതകൾക്ക് അപ്പുറത്ത് ജനങ്ങൾ ഒന്നിക്കുമ്പോഴാണ് നാട് വിജയിക്കുന്നത്. അതിലാണ് ജനാധിപത്യത്തിന്റെ കരുത്ത്. ഏതു വികസന സമീപനത്തിന് ഒപ്പം നിൽക്കുന്നു എന്ന ജനങ്ങളുടെ പ്രഖ്യാപനം കൂടിയാണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ്.

ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ ജനങ്ങൾ നെഞ്ചേറ്റിയതിന്റെ പ്രഖ്യാപനമായി ഈ കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ്. കൊവിഡ് മഹാമാരിയടക്കമുള്ള പ്രതിസന്ധികൾ വകവയ്ക്കാതെ, നാടിനും നാടിന്റെ വികസനത്തിനും വേണ്ടി നിലകൊള്ളുന്ന പൊതുപ്രവർത്തകർക്ക് വോട്ട് ചെയ്യാൻ ജനങ്ങൾ മുന്നോട്ടു വന്നപ്പോൾ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പേർ വോട്ടു ചെയ്ത പൊതു തിരഞ്ഞെടുപ്പിന് സംസ്ഥാനം സാക്ഷ്യം വഹിച്ചു. കേരളത്തിന്റെ സംസ്കാരത്തോടും നവോത്ഥാന പാരമ്പര്യത്തോടും നീതി പുലർത്തുന്ന ഒന്നായി തിരഞ്ഞെടുപ്പിന്റെ അവസരം മാറി.

തിരഞ്ഞെടുപ്പിൽ ജയിച്ചവരും ജയിക്കാൻ കഴിയാതെ പോയവരും, തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ ഒരുമിച്ച് നിന്ന് പ്രവർത്തിക്കണം; ഭിന്നതകൾക്ക് അപ്പുറത്ത് ജനങ്ങൾ ഒന്നിക്കുമ്പോഴാണ് നാട് വിജയിക്കുന്നത്. അതിലാണ് ജനാധിപത്യത്തിന്റെ കരുത്ത്. ഏതു വികസന സമീപനത്തിന് ഒപ്പം നിൽക്കുന്നു എന്ന ജനങ്ങളുടെ പ്രഖ്യാപനം കൂടിയാ ണ് ഒരു തദ്ദേശസ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പ്. ജനങ്ങൾ തിരഞ്ഞെടുപ്പിലൂടെ ഏൽപ്പിച്ച നൽകിയ അധികാരം ഉപയോഗിച്ച് ജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ദീർഘകാലാടിസ്ഥാനത്തിൽ ഗുണകരമാകുന്ന നടപടികൾ ജനപിന്തുണയോടെ നടപ്പിലാക്കാൻ പുതിയ ഭരണസമിതികൾക്ക് കഴിയുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

കൊവിഡ് മഹാമാരിയുടെ വ്യാപനം നിലനിൽക്കെ, സാധ്യമായ എല്ലാ സുരക്ഷാമാനദണ്ഡങ്ങളും ഒരുക്കി, ജനങ്ങളുടെ സഹകരണത്തോടെ മികച്ച രീതിയിൽ തിരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞതിലും നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. കൊവിഡ് വ്യാപനത്തിന്റെ സവിശേഷ സാഹചര്യത്തിൽ എന്നത്തേതിലും ഏറെ കരുതലോടെയും മുന്നൊരുക്കങ്ങളോടെയും ആണ് ഈ തിരഞ്ഞെടുപ്പ് നടത്തിയത്. കൊവിഡ് രോഗ ബാധിതർക്കും അവരുമായി സമ്പർക്കത്തിൽ വന്ന് ക്വാറന്റയിൻ നിർദ്ദേശിക്കപ്പെട്ടവർക്കും പോസ്റ്റൽ വോട്ടിനും, തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ക്വാറന്റയിനിൽ ആയവർക്ക് ബൂത്തുകളിൽ നേരിട്ടെത്തി വോട്ടവകാശം വിനിയോഗിക്കാനും അവസ രം ലഭിച്ചു. എല്ലാ ബൂത്തുകളിലും പേഴ്സണൽ പ്രൊട്ടക്ഷൻ കിറ്റ് ലഭ്യമാക്കിയിരുന്നു. ഇത്തരം ക്രമീകരണങ്ങൾ വിജയകരമാക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച ജീവനക്കാർ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

കൊവിഡ് മഹാമാരി അടക്കമുള്ള പ്രതിസന്ധികളുടെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനാധിപത്യ നേതൃത്വം കൂടിയേ തീരൂ എന്ന ജനങ്ങളുടെ ഇച്ഛയാണ് തിരഞ്ഞെടുപ്പിലെ ഉയർന്ന പോളിങ്ങ് നിരക്കിൽ പ്രതിഫലിച്ചത്. ഉന്നതലക്ഷ്യങ്ങളിലേക്ക് ചുവടുറപ്പോടെ നീങ്ങാൻ പുതിയ ഭരണസമിതികൾക്ക് കഴിയണം. വികസന പ്രവർത്തനങ്ങൾക്ക് ഒരു ദീർഘകാല പരിപ്രേക്ഷ്യം ഉണ്ടാവണം. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണമാറ്റം വികസന പ്രവർത്തനങ്ങളുടെ തുടർച്ചയെ ബാധിക്കരുത്. അഞ്ചു വർഷമെന്ന ഭരണ കാലയളവിന് അപ്പുറത്ത് തലമുറകളെ മുന്നിൽകണ്ട് സംസ്ഥാന സർക്കാർ തുടക്കം കുറിച്ച നവകേരള ദൗത്യങ്ങൾ വിശാലവും സർവ്വതല സ്പർശിയുമായ ഒരു വികസന പരിപ്രേക്ഷ്യം തുറന്നു വച്ചു. അത് ഏറ്റെടുത്ത് പ്രവർത്തിച്ച പ്രാദേശിക സർക്കാരുകൾ പ്രതിസന്ധി കാലത്ത് നാടിന്റെ സംരക്ഷകരും നേതാക്കളുമായി ഉയർന്നു.

ഭരണാധികാരികൾ വരികയും പോവുകയും ചെയ്യും; അവരെ തിരഞ്ഞെടുത്ത് അധികാരത്തിലേറ്റുകയും നിയമങ്ങളിലൂടെ നിയന്ത്രിക്കുകയും, പിന്നീട് ഒരു അവസരം വരുമ്പോൾ, അവരുടെ നിലപാടുകളും പ്രവർത്തനങ്ങളും വിലയിരുത്തി വോട്ടവകാശം വിനിയോഗിക്കുകയും ചെയ്യുന്ന ജനങ്ങളാണ് എല്ലാ അധികാരത്തിന്റെയും പ്രഭവം. ഈ കാഴ്ചപ്പാട് ഏറ്റെടുത്ത് മുന്നോട്ടു പോവാനും വികേന്ദ്രീകൃത ജനാധിപത്യത്തിന്റെ ഔന്നത്യങ്ങൾ സ്വന്തമാക്കാനും പുതിയ ഭരണസമിതികൾക്ക കഴിയണം.

കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ കേരളത്തിന്റെ ഭൂവിനിയോഗപരവും ജനസംഖ്യാപരവും സാമ്പത്തികവുമായ സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റം സൂക്ഷ്മമായി വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച വികസന സമീപനമാണ് ഈ സർക്കാർ തുടക്കം മുതൽ സ്വീകരിച്ചത്. സംസ്ഥാനത്തെ 1,200 പ്രാദേശിക സർക്കാരുകളുടേയും നിർലോപമായ പിന്തുണയും

> **അഞ്ചു വർഷമെന്ന ഭരണ കാലയളവിന് അപ്പുറത്ത് തലമുറകളെ മുന്നിൽകണ്ട് സംസ്ഥാന സർക്കാർ തുടക്കം കുറിച്ച നവകേരള ദൗത്യങ്ങൾ വിശാലവും സർവ്വതല സ്പർശിയുമായ ഒരു വികസന പരിപ്രേക്ഷ്യം തുറന്നു വച്ചു. അത് ഏറ്റെടുത്ത് പ്രവർത്തിച്ച പ്രാദേശിക സർക്കാരുകൾ പ്രതിസന്ധി കാലത്ത് നാടിന്റെ സംരക്ഷകരും നേതാക്കളുമായി ഉയർന്നു.**

അകമഴിഞ്ഞ പങ്കാളിത്തവുമാണ് ഈ സമീപനം വിജയത്തിൽ എത്തിച്ചത്. മണ്ണിന്റെയും പ്രകൃതിയുടെയും നന്മകൾ സംരക്ഷിക്കുകയും ശുചിത്വം ശീലമാക്കുകയും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയും ചെയ്യുന്ന ഹരിത കേരള ദൗത്യത്തിലൂടെ, ലോകത്തെങ്ങുമുള്ള വികസന വിദഗ്ധർ പഠനങ്ങളിലൂടെയും ചർച്ചകളിലൂടെയും രൂപപ്പെടുത്തുകയും ലോകരാജ്യങ്ങൾ അവരുടെ വികസന കാഴ്ചപ്പാടിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്ത പുതിയ കാലത്തിന്റെ സമീപനമാണ് നമ്മൾ പിൻപറ്റുന്നത്. അതിനോട് പുറം തിരിഞ്ഞു നിൽക്കാൻ ആർക്കു കഴിയും! ആരോഗ്യ രംഗത്തെ കേരള മാതൃകയ്ക്ക് മാറ്റുകൂട്ടിയ ആർദ്രം ദൗത്യം കൊവിഡ് കാലത്തെ ലോക മാധ്യമ റിപ്പോർട്ടുകളിൽ ഏറെ പ്രശംസിക്കപ്പെട്ടു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഏറ്റെടുത്ത നിരവധിയായ പദ്ധതികൾ കേരളത്തിലെ പൊതു വിദ്യാലയങ്ങളെ കണ്ടാലറിയാത്ത വിധം മാറ്റിക്കഴിഞ്ഞു. രാജ്യത്തെ ഏറ്റവും ബൃഹത്തായ സംസ്ഥാനാവിഷ്കൃത ഭവന പദ്ധതിയായി ലൈഫ് വേറിട്ടു നിൽക്കുന്നു. ഈ മുന്നേറ്റത്തിന് തുടർച്ചയുണ്ടാവണ മെന്ന് ജനം ആഗ്രഹിക്കുന്നു.

ലോകമാകെ പുതിയൊരു വികസന കാഴ്ചപ്പാടിനു വേണ്ടിയുള്ള ആലോചനകൾ നടക്കുന്ന വേളയിൽ അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടാണ് സംസ്ഥാനം നവകേരള വികസന കാഴ്ചപ്പാട് വികസിപ്പിച്ചത്. പരിസ്ഥിതി സംരക്ഷണം, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും സംരക്ഷണവും ക്ഷേമവും, കാർഷിക പുരോഗതിയും ഭക്ഷ്യ സുരക്ഷയും, ജനകീയ വിദ്യാഭ്യാസം, സമഗ്ര ആരോഗ്യ പരിരക്ഷ, അടിസ്ഥാന സൗകര്യ വികസനം, ഭരണ സംവിധാനത്തിന്റെ നവീകരണവും ആധുനികവൽക്കരണവും, സാമ്പത്തിക വളർച്ച എന്നിവയുൾക്കൊള്ളുന്ന ഒരു സമഗ്ര സമീപനത്തിനേ കേരളത്തിന്റെ വികസന പ്രതീക്ഷകളോട് നീതി പുലർത്താനാവൂ. അതാണ് കേരളം പിന്തുടരുന്നത്. അന്വേഷണങ്ങളിലൂടെയും ആശയ വിനിമയങ്ങളിലൂടെയും ഈ സമീപനം നിരന്തരം പുതുക്കിക്കൊണ്ടിരിക്കണം.

എല്ലാ വിഭാഗം ജനങ്ങൾക്കും കൂടുതൽ മികച്ച ജീവിത സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നുള്ളതാണ് വികസനത്തിന്റെ അടിയന്തര ലക്ഷ്യം. എന്നാൽ, അതിന് ഒരു ദീർഘകാല പരിപ്രേക്ഷ്യം ഉണ്ട്. സാമൂഹിക വികസനത്തിന്റേതായ ഉള്ളട

ക്കവും ദീർഘകാല ലക്ഷ്യങ്ങളുമുണ്ട്. മണ്ണും ജലവും പ്രകൃതിവിഭവങ്ങളും അമിതമായി ചൂഷണം ചെയ്യപ്പെടുന്നതും മലിനമാക്കപ്പെടുന്നതും തടയുകയും നമുക്ക് കൈമാറിക്കിട്ടിയ പ്രകൃതിയെ അതിന്റെ യഥാർത്ഥ നന്മകളോടുകൂടി ഭാവിതലമുറയ്ക്ക് കൈമാറി നൽകുകയും വേണം. ഈ കാഴ്ചപ്പാടോടെയാണ് നവ കേരള ദൗത്യങ്ങളുടെ ഭാഗമായി ഹരിതകേരളം ദൗത്യത്തിന് ഈ സർക്കാർ തുടക്കം കുറിച്ചത്. കേരളത്തിന്റെ പാരിസ്ഥിതിക വികസന കാഴ്ചപ്പാടിൽ ബോധവൽക്കരണത്തിലൂടെയുള്ള അവബോധസൃഷ്ടിയും നൂതന പ്രോജക്ടുകൾക്കു വേണ്ടിയുള്ള സാമ്പത്തിക മുതൽമുടക്കും സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. നമുക്കും നമ്മുടെ മക്കൾക്കും വരും തലമുറകൾക്കും വേണ്ടി നമ്മുടെ മണ്ണും പ്രകൃതിയുടെ നന്മകളും കാത്തുരക്ഷിക്കുന്ന ഒരു മഹത്തായ വികസന ദൗത്യമാണ് നമ്മൾ ഏറ്റെടുത്തത്. ഈ മണ്ണിൽ ജനിച്ച്, ഇവിടെ ജീവിച്ച്, ഈ മണ്ണിന്റെ ഭാഗമായിത്തീരുന്ന മനുഷ്യർ അവർ ജീവിച്ച കാലത്തിന്റെ മുദ്രകളായി ഈ മണ്ണിൽ ബാക്കിയാക്കുന്നതാണ് പ്രകൃതിയുടെ മേലുള്ള ഇടപെടലുകൾ. അതൊരിക്കലും പ്രകൃതിയെ നശിപ്പിക്കുന്നതാവരുത്. ഹരിത കേരള ദൗത്യത്തെ ജന ങ്ങൾ ഹൃദയത്തിൽ ഏറ്റെടുത്തു. കിള്ളിയാർ ദൗത്യവും പെരുംതോട് വലിയതോട് നവീകരണവും വരട്ടാർ പുനരുജ്ജീവനവും അടക്കം പതിനായിരക്കണക്കിന് പേർ അണിനിരന്ന എത്രയെങ്കിലും ശ്രമദാന പ്രവർത്തനങ്ങൾക്കാണ് ഈ കാലയളവിൽ കേരളം സാക്ഷ്യം വഹിച്ചത്. ഒരുപക്ഷേ, ഇന്ന് ജനാധിപത്യ ലോകത്ത് നടന്നുകൊണ്ടിരിക്കുന്നതിൽ ഏറ്റവും സമഗ്രവും വിപുലവുമായ പ്രകൃതി സംരക്ഷണ ദൗത്യമാണ് ഹരിതകേരളം മിഷനിലൂടെ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്.

ഭക്ഷ്യസുരക്ഷയും തൊഴിലവസര സൃഷ്ടിയും ലക്ഷ്യമിടുന്ന ബൃഹത്തായ വികസന പദ്ധതികളിലേക്ക് ഹരിത കേരള ദൗത്യത്തെ വ്യാപിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ മേഖലകളെ ഉൾപ്പെടുത്തി ഒരു വർഷം കൊണ്ട് 3,860 കോടി രൂപയുടെ മുതൽമുടക്ക് കണക്കാക്കുന്ന സുഭിക്ഷ കേരളം പദ്ധതി, ഏതാനും മാസങ്ങൾ പിന്നിടുമ്പോൾ, ഉൽപ്പാദന രംഗത്ത് പുതിയ ഊർജം സൃഷ്ടിച്ചിട്ടുണ്ട്. കൃഷി, തദ്ദേശസ്വയംഭരണ ം, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകൾ ഒത്തൊരുമിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ സംയോജനത്തിന്റെ പുതിയ സാധ്യതകൾ തുറന്നു വച്ചിരിക്കുന്നു. പ്രളയവും കൊവിഡ് മഹാമാരിയും സാമ്പത്തിക വളർച്ചയ്ക്കു മേൽ സൃഷ്ടിച്ച ആഘാതത്തെ സൂക്ഷ്മതലമുഖമായ ഇത്തരം പദ്ധതികളിലൂടെ കേരളം അതിജീവിക്കുകയാണ്. സംസ്ഥാനത്തിന് വലിയ തോതിൽ വിദേശ വരുമാനം സംഭാവന ചെയ്ത പ്രവാസികളിൽ നല്ലൊരു ഭാഗം കൊവിഡ് വ്യാപനത്തെ തുടർന്ന് മടങ്ങിയെത്തി. കൊവിഡ് ഭീഷണി ഇപ്പോഴും ഒഴിയാതെ നിൽക്കുന്നു. ഒരു വശത്ത് മഹാമാരിയുടെ വ്യാപനം തടയുന്നതിനും അതിന്റെ ആഘാതം കുറയ്ക്കുന്നതിനും ശ്രമിക്കുന്നതോടൊപ്പം, മറുവശത്ത്, അതുണ്ടാക്കുന്ന സാമ്പത്തിക പ്രത്യാഘാതങ്ങളെ നേരിടുകയും വേണം. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക എന്നതാണ് നമുക്കു മുന്നിലുള്ള ഏറ്റവും പ്രസക്തമായ പോംവഴി. അതിൽ നേതൃത്വപരമായ പങ്കുവഹിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. നാടിന്റെവിഭവശേഷി ശരിയായ അളവിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ഇത് സാധ്യമാണ്. മുഴുവൻ തരിശുനിലങ്ങളിലും കൃഷിയിറക്കുക, ഉല്പാദന വർദ്ധനവും കർഷകർക്ക് മെച്ചപ്പെട്ട വരുമാനവും ഉറപ്പാക്കുക, കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, മൃഗപരിപാലന മത്സ്യബന്ധന മേഖലകൾ അഭിവൃദ്ധിപ്പെടുത്തുക എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ യുവാക്കളെയും മടങ്ങി വരുന്ന പ്രവാസികളെയും കൃഷിയിലേക്ക് ആകർഷിക്കാൻ കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതികളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പുതിയ ജനപ്രതിനിധികൾ ഈ വെല്ലുവിളി ഏറ്റെടുക്കണം.

പ്രകടനപത്രികയിലൂടെ പ്രഖ്യാപിച്ച പരിപാടികളുടെ പുരോഗതി ഓരോ വർഷവും വിലയിരുത്തി പ്രോഗ്രസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചും അതിനോടുള്ള ക്രിയാത്മക പ്രതികരണങ്ങൾ കണക്കിലെടുത്ത് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയുമാണ് ഈ സർക്കാർ മുന്നോട്ട് പോവുന്നത്. ജനങ്ങൾക്കു മുന്നിൽ വച്ച വികസന കർമ്മപരിപാടിയിൽ പറഞ്ഞ 600 ഇനങ്ങളിൽ 570 എണ്ണവും പൂർത്തീകരിച്ചതിനു ശേഷം പ്രഖ്യാപിച്ച നൂറിന കർമ്മപരിപാടിയും വിജയം കണ്ടിരിക്കുന്നു. ഈ പദ്ധതികൾ വിജയത്തിൽ എത്തിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പോരുന്ന നിർണായക പങ്ക് എടുത്തു പറഞ്ഞേ തീരൂ. ദൗത്യം തുടരുകയാണ്. ഡിസംബർ 9 മുതൽ നടപ്പിലായ രണ്ടാംഘട്ട നൂറ് ദിന പരിപാടി 10,000 കോടി രൂപയുടെ വികസനപദ്ധതികളാണ് ലക്ഷ്യമിടുന്നത്. 5,700 കോടിയുടെ 526 പദ്ധതികൾ ഈ കാലയളവിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. 4,300 കോടിയുടെ 646 പദ്ധതികൾക്ക് ആരംഭം കുറിക്കുകയും ചെയ്യും. 80 ലക്ഷം കുടുംബങ്ങൾക്ക് നൽകി വരുന്ന സൗജന്യ ഭക്ഷ്യക്കിറ്റ് നാലു മാസത്തേക്കു കൂടി തുടരുന്നതടക്കമുള്ള പദ്ധതികൾ ഇതിൽ ഉൾപ്പെടും. നാലര വർഷം കൊണ്ട് 600 രൂപയിൽ നിന്ന് 1400 രൂപയാക്കി ഉയർത്തിയ ക്ഷേമ പെൻഷനുകൾ, ജനവരി 1 മുതൽ 1500 രൂപയാവും. ലൈഫ് പദ്ധതിയിൽ 35,000 വീടുകളുടെ നിർമ്മാണം ഉടൻ ആരംഭിക്കും. ഭൂമിയില്ലാത്ത വർക്കു വേണ്ടിയുള്ള 101 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. സംസ്ഥാന തലം മുതൽ ഏറ്റവും താഴേ തട്ടു വരെ ഈ പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്യും. സംസ്ഥാന സർക്കാരിനൊപ്പം നവകേരള വികസന ദൗത്യങ്ങളുടെ മുന്നണിപ്പോരാളികളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൂടി മനസ്സ് വച്ചാൽ കാർഷിക, ചെറുകിട വ്യവസായ വികസനം യാഥാർത്ഥ്യമാക്കുന്നതിനും മുഴുവൻ ജനങ്ങൾക്കും പാർപ്പിടം, ശുചിത്വ സൗകര്യങ്ങൾ മുതലാ യവ ലഭ്യമാക്കുന്നതിനും, ഭക്ഷ്യ സുരക്ഷയും പാരിസ്ഥിതിക സുസ്ഥിതിയും ഉറപ്പു വരുത്തുന്നതിനും പൊതുജനാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ലക്ഷ്യം നേടുമെന്നതിൽ സംശയമില്ല.

പ്രതിസന്ധികളുടെ കാലത്ത് നാടിനെ നയിക്കാൻ ജനങ്ങൾ തിരഞ്ഞെടുത്തവരാണ് പുതുതായി സ്ഥാനമേറ്റ ജനപ്രതിനിധികൾ. ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരാൻ അവർക്കു കഴിയട്ടെ. നന്നായി തുടങ്ങിയാൽ പകുതി പൂർത്തിയായി എന്ന ചൊല്ല് ഓർമ്മിക്കുക. നിങ്ങളുടെ ആദ്യ ചുവടുവയ്പ്പ് നവകേരള ലക്ഷ്യത്തിലേക്കുള്ള നാഴികക്കല്ല് താണ്ടുന്നതാവട്ടെ. തദ്ദേശസ്വയംഭരണ സ്ഥാപന പൊതുതിരഞ്ഞെടുപ്പിൽ അനുകൂലമായ ജനവിധി നേടിയ എല്ലാവർക്കും അഭിനന്ദനങ്ങൾ! □

ജനകീയാസൂത്രണ പ്രക്രിയ ആരംഭിച്ചിട്ട് ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്ന അവസരത്തിലാണ് ഇത്തവണ തദ്ദേശ തിരഞ്ഞെടുപ്പ് നടന്നത്. തിരഞ്ഞെടുപ്പ് ഫലം വന്നതോടുകൂടി ഇനി ജയിച്ചവരും പരാജയപ്പെട്ടവരുമില്ല. ഒത്തൊരുമയോടെ നാടിന്റെ വികസനത്തിനായി എല്ലാവരും ഒന്നിച്ച് അണിനിരക്കണം. അതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട കടമകൾ ഏറെയാണ്.

ജനകീയാസൂത്രണത്തിന്റെ കരുത്തിൽ ഒന്നായ് മുന്നേറാം

■ **എ.സി. മൊയ്തീൻ**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

ജനാധിപത്യത്തെ അർത്ഥപൂർണ്ണമാക്കുന്നത് ജനങ്ങളുടെ പങ്കാളിത്തമാണ്. അത് ഏറ്റവും ഫലപ്രദമായി നിർവ്വഹിക്കപ്പെടുന്നത് പ്രാദേശിക സർക്കാരുകളുമായി ബന്ധപ്പെട്ടാണ്. അധികാരവും അവകാശങ്ങളും വിഭവങ്ങളും കൈമാറിയതിലൂടെ കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ ജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന ഏറ്റവും താഴേത്തട്ടിലുള്ള ജനാധിപത്യപരമായ ഇടപെടലിന്റെ ഫലപ്രദമായ വേദികളായി മാറിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി അധികാര വികേന്ദ്രീകരണ പ്രക്രിയയും പഞ്ചായത്തീരാജ്/നഗരപാലികാ സ്ഥാപനങ്ങളും ഏറെ ശക്തിപ്പെട്ട സംസ്ഥാനമാണ് നമ്മുടേത്.

സംസ്ഥാനത്തെ അധികാര വികേന്ദ്രീകരണ പ്രക്രിയയെ ശക്തിപ്പെടുത്തുന്നതിൽ ജനകീയാസൂത്രണം വഹിച്ച പങ്ക് വളരെ

വലുതാണ്. ജനകീയാസൂത്രണ പ്രക്രിയ ആരംഭിച്ചിട്ട് ഇരുപത്തിയഞ്ചാം വർഷത്തിലേക്ക് കടന്ന അവസരത്തിലാണ് ഇത്തവണ തദ്ദേശ തിരഞ്ഞെടുപ്പ് നടന്നത്. തിരഞ്ഞെടുപ്പ് ഫലം വന്നതോടുകൂടി ഇനി ജയിച്ചവരും പരാജയപ്പെട്ടവരുമില്ല. ഒത്തൊരുമയോടെ നാടിന്റെ വികസനത്തിനായി എല്ലാവരും ഒന്നിച്ച് അണിനിരക്കണം. അതാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുക്കേണ്ട കടമകൾ ഏറെയാണ്.

ജനകീയാസൂത്രണത്തിന്റെ കരുത്തിൽ അധികാരവികേന്ദ്രീകരണം ശക്തിയോടെ മുന്നോട്ട്

മറ്റ സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി നമ്മുടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണ പ്രക്രിയയെ സാർത്ഥകമാക്കുന്നതിൽ ഒരു രീതിശാസ്ത്രമെന്ന നിലയിൽ ജനകീയാസൂത്രണം വഹിച്ച പങ്ക് വളരെ വലുതാണ്. ജനകീയാസൂത്രണത്തിന്റെ 25 വർഷത്തെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ കരുത്തോടെ അധികാര വികേന്ദ്രീകരണത്തെ നമുക്കു മുന്നോട്ടു കൊണ്ടു പോകേണ്ടതുണ്ട്. ജനങ്ങളുടെ ഫലപ്രദമായ പങ്കാളിത്തം വികസന, നിർവ്വഹണ പ്രവർത്തനങ്ങളിൽ ഉറപ്പ് വരുത്തുക എന്നതാണ് ഒരു ജനപ്രതിനിധി എന്ന നിലയിൽ നിങ്ങളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമെന്ന് ഞാൻ വിശ്വസിക്കുന്നു. അയൽക്കൂട്ടങ്ങൾ, അയൽസഭകൾ, ഗ്രാമസഭകൾ ഇവയെ ശക്തിപ്പെടുത്തികൊണ്ടു മാത്രമേ ജനപങ്കാളിത്തം നമുക്ക് ഉറപ്പാക്കാൻ കഴിയൂ. അതിനുള്ള ബോധപൂർവ്വമായ പരിശ്രമം ഉണ്ടാകേണ്ടതുണ്ട്.

കൊവിഡ് പ്രതിരോധവും തുടർ പ്രവർത്തനങ്ങളും

ആരോഗ്യ വകുപ്പിനോടൊപ്പം കൊവിഡ് മഹമാരിയെ ചേറുക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾ നിർണ്ണായകമായ പങ്കാണ് നിർവ്വഹിച്ചു വരുന്നത്. ഇക്കാര്യത്തിൽ അധികാരമൊഴിഞ്ഞ ഭരണസമിതി മികച്ച പ്രവർത്തനമാണ് കാഴ്ചവെച്ചത്. ഈ പ്രവർത്തനങ്ങൾ കൂടുതൽ മികവോടെ നമുക്ക് മുന്നോട്ടു കൊണ്ടു പേകേണ്ടതുണ്ട്. ലോകത്താകെ കൊവിഡ് പ്രതിരോധത്തിനായി നമ്മൾ സ്വീകരിച്ച വികേന്ദ്രീകൃത മാതൃകയെ അംഗീകരിച്ചിട്ടുണ്ട്. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളുടെ നടത്തിപ്പ്, ആശുപത്രികളുടെ വികസനം, വാക്സിൻ വിതരണത്തിനാവശ്യമായ പിന്തുണ, റിവേഴ്സ് ക്വാറന്റൈൻ, ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങി പ്രതിരോധ പ്രവർത്തനങ്ങൾ ഇനിയും വിട്ടുവീഴ്ചയില്ലാതെ തുടരേണ്ടതുണ്ട്.

കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളോടൊപ്പം പ്രധാനമാണ് കൊവിഡ് സൃഷ്ടിച്ച സാമൂഹിക, സാമ്പത്തിക പ്രശ്നങ്ങളെ മറികടക്കുക എന്നത്. ഇതിനായി ക്രിയാത്മകവും സർഗ്ഗാത്മകവുമായ ഇടപെടൽ അനിവാര്യമാണ്. പതിവ് രീതിയിലുള്ള സമീപനങ്ങളോ പ്രവർത്തനങ്ങളോ കൊണ്ട് കൊവിഡാനന്തര പ്രശ്നങ്ങളെ നമുക്ക് മറികടക്കാൻ കഴിയില്ല. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, ഭക്ഷ്യ സുരക്ഷ, ചെറുകിട - പരമ്പരാഗത വ്യവസായങ്ങൾ, ടൂറിസം, ഗതാഗതം തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലകളെയും കൊവിഡ് മഹാമാരി പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കാർഷിക, പരമ്പരാഗത, ചെറുകിട വ്യവ സായ മേഖലകളിൽ കൂടുതൽ പദ്ധതികളും വിഭവങ്ങളും നീക്കിവെയ്ക്കുക, പ്രവാസികളുടെ പുനരധിവാസം മുന്നിൽ കണ്ടു കൊണ്ടുള്ള പ്രത്യേക തൊഴിൽദാന പദ്ധതികൾ ഇവയ്ക്കെല്ലാം മുൻഗണന കൊടുക്കേണ്ടതായിട്ടുണ്ട്. ഈ ഭാരിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി വികസന ഫണ്ട്,

തനതു ഫണ്ട് ഇവയ്ക്കു പുറമേ കൂടുതൽ വിഭവ സമാഹരണത്തിനായി എല്ലാ തദ്ദേശസ്ഥാപനങ്ങളും പരിശ്രമിക്കണം.

2020 -21 വാർഷിക പദ്ധതികളുടെ പൂർത്തീകരണം

തദ്ദേശഭരണ സമിതികൾ അടിയന്തിര പ്രാധാന്യത്തോടെ വാർഷിക പദ്ധതികളുടെ പൂർത്തീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണം. കൊവിഡ് മഹാമാരിയും തിരഞ്ഞെടുപ്പും പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാൻ പാടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗങ്ങൾ ചേർന്ന് ആവശ്യമായ വിലയിരുത്തലുകളും തിരുത്തൽ നടപടികളും കൈക്കൊള്ളണം.

2021-22 വാർഷിക പദ്ധതി രൂപീകരണം

പുതിയ ഭരണസമിതികൾ മുൻഗണനാ പ്രാധാന്യത്തോടെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട മറ്റൊരു വിഷയമാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികളുടെ രൂപീകരണം. വാർഷിക പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് 2021 ജനുവരി ആദ്യവാരം തന്നെ തുടക്കം കുറിക്കേണ്ട തായിട്ടുണ്ട്. നിലവിലുള്ള മാർഗ്ഗരേഖ ശരിയായി മനസ്സിലാക്കി വിപുലമായ ജനപങ്കാളിത്തത്തോടെയായിരിക്കണം ഈ പ്രവർത്തനം പൂർത്തീകരിക്കേണ്ടത്. പുതിയ കാലത്തിന്റെ പ്രശ്നങ്ങളെ പ്രായോഗികമായി പരിഹരിക്കാൻ കഴിയുന്ന ഭാവനപൂർണ്ണമായ പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയണം. നിലവിൽ തദ്ദേശസ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള മികച്ച മാതൃകകളെ മനസ്സിലാക്കൽ, സംയോജന സാധ്യതകൾ ഉറപ്പിക്കൽ, ലഭ്യമായ വിഭവങ്ങൾ, കണ്ടെത്താൻ കഴിയുന്ന വിഭവങ്ങൾ, പ്രാദേശിക വൈദഗ്ധ്യം, ജനങ്ങളുടെ ആവശ്യങ്ങളും അത്യാവശ്യങ്ങളും ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ പദ്ധതി രൂപീകരണത്തിൽ പരിഗണിക്കേണ്ടതായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായ പ്രകൃതി ദുരന്തങ്ങളും കൊവിഡ് മഹാമാരിയും സംസ്ഥാനത്തിന് ഉണ്ടാക്കിയ ആഘാതം പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് 2021-22 വാർഷിക പദ്ധതിയിൽ ഉയർന്ന പരിഗണന നല്കണം.

സുഭിക്ഷ കേരളം പദ്ധതി

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവേശത്തോടെ ഏറ്റെടുത്തു. നടപ്പ സാമ്പത്തിക വർഷം മാത്രം 2,238 കോടി രൂപയുടെ പദ്ധതികളാണ് ഉല്പാദന മേഖലയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നത്. ഇതിൽ വികസന ഫണ്ട് വിഹിതം 1114.36 കോടി രൂപയാണ്. ഈ പദ്ധതി ആരംഭിച്ചതിനെ തുടർന്ന് കൂടുതൽ ആൾക്കാർ കൃഷി അനുബന്ധ മേഖലകളിലെ പ്രവർത്തനങ്ങളിലേയ്ക്ക് തിരിയുകയും അതിന്റെ ഫലമായി ഈ മേഖലകളിൽ വലിയ ഉണർവ്വ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. 2021-22 വാർഷിക പദ്ധതിയിലും സുഭിക്ഷ കേരളം പദ്ധതിക്ക് ഉയർന്ന പരിഗണന നല്കേണ്ടതാണ്.

പന്ത്രണ്ടിന പരിപാടി

നടപ്പ സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്കായി പന്ത്രണ്ടിന വികസന പരിപാടി തയ്യാറാക്കിയിരുന്നു. പ്രത്യേക ശ്രദ്ധ പതിയേണ്ട വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരുന്നത്. ജനകീയ ഹോട്ടലുകൾ, വയോജന അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ വയോക്ലബ്ബുകൾ, ശുചിത്വ കേരളം, പൊതു ടോയ്‌ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ, തോടുകളുടെ ശുചീകരണം, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീം, ഫലവൃക്ഷ തൈ നട്ടുവളർത്തൽ, ജൈവ പച്ചക്കറി കൃഷി, പൊതു വിദ്യാഭ്യാസ യജ്ഞം, പാലിയേറ്റീവ് പരിചരണം, പട്ടിക വിഭാഗങ്ങളുടെ വികസനം, ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ തുടങ്ങിയവയാണ് ഇതിൽ ഉൾപ്പെടുന്നത്. പുതിയ സാമ്പത്തിക വർഷവും ഈ പ്രവർത്തനങ്ങൾ പ്രത്യേക പരിഗണ നൽകി നടപ്പിലാക്കണം.

കൊവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവേശത്തോടെ ഏറ്റെടുത്തു. നടപ്പ സാമ്പത്തിക വർഷം മാത്രം 2,238 കോടി രൂപയുടെ പദ്ധതികളാണ് ഉല്പാദന മേഖലയ്ക്കായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നത്. ഇതിൽ വികസന ഫണ്ട് വിഹിതം 1114.36 കോടി രൂപയാണ്.

മാലിന്യ സംസ്കരണം

മാലിന്യ സംസ്കരണ രംഗത്ത് നമ്മൾ അനുവർത്തിച്ച വികേന്ദ്രീകൃത മാതൃക മെച്ചപ്പെട്ട ഫലങ്ങളാണ് പ്രദാനം ചെയ്തിട്ടുള്ളത്. രാജ്യത്തിനു തന്നെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഇന്ന് മാതൃകയായിരിക്കുകയാണ്. ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ, തൊഴിലുറപ്പ് മിഷനുകൾ, ക്ലീൻ കേരള കമ്പനി തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെയാണ് ഈ മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിയത്. ഹരിത കർമ്മ സേനകളുടെ ശാക്തീകരണവും സുസ്ഥിരമാക്കലും മാലിന്യ സംസ്കരണത്തിനാവശ്യമായ വിവിധ പിന്തുണാ സംവിധാനങ്ങളായ മെറ്റിരിയൽ കളക്ഷൻ സെന്ററുകൾ, റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ ഇവയുടെ സ്ഥാപനവും അടിസ്ഥാന സൗകര്യമൊരുക്കലും അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം തുടങ്ങിയവയെല്ലാം കൂടുതൽ ശ്രദ്ധയോടെ പരിഗണിക്കേണ്ട വിഷയങ്ങളാണ്. ഈ മേഖലയിൽ നാം സൃഷ്ടിച്ച നേട്ടങ്ങളെ നിലനിർത്തുവാനും കൂടുതൽ കരുത്തോടെ മുന്നോട്ടു നയിക്കുവാനും കഴിയണം.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

പരമ്പരാഗത ഉർജ്ജ മേഖലയുടെ സംരക്ഷണത്തോടൊപ്പം പുതിയ ഊർജ്ജ സ്രോതസ്സുകളുടെ പരിപോഷണത്തിന് പ്രാധാന്യം കൊടുക്കണം. ഇതിൽ പ്രധാനപ്പെട്ടതാണ് സൗരോർജ്ജ പദ്ധതികൾ. എളുപ്പത്തിൽ കൈകാര്യം ചെയ്യാൻ കഴിയുന്ന വിധം സൗരോർജ്ജ സാങ്കേതിക വിദ്യയിൽ വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഓഫീസുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുക അതോടൊപ്പം കെ.എസ്.ഇ.ബി.യുടെ പുരപ്പുറ സോളാർ പദ്ധതിക്കാവശ്യമായ പിന്തുണ കൊടുക്കുക ഇവയെല്ലാം നമുക്ക് ഏറ്റെടുക്കാവുന്ന പദ്ധതികളാണ്. അതോടൊപ്പം ബയോഗ്യാസ് പ്ലാന്റുകൾ കൂടുതലായി സ്ഥാപിക്കുന്നതിനു പ്രോത്സാഹനം നൽകണം.

ഊർജ്ജ സംരക്ഷണത്തിൽ വിപ്ലവകരമായ മാറ്റമാണ് എൽ ഇ ഡി സാങ്കേതിക വിദ്യയുടെ ആവിർഭാവത്തോടെ ഉണ്ടായിട്ടുള്ളത്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'നിലാവ്' പദ്ധതി ഈ മേഖലയിലെ മികച്ച കാൽവെയ്പാണ്. ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും ഉടമസ്ഥതയിലുള്ള റോഡുകളിലെ പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനും പാരിസ്ഥിതിക ആഘാതം ലഘൂകരിക്കുന്നതിനും സഹായിക്കുന്ന ഈ പദ്ധതി നടപ്പിലാവുന്നതോടു കൂടി വൈദ്യുതി ഉപഭോഗത്തിൽ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റിന്റെ കുറവും വൈദ്യുതി ചാർജ്ജിനത്തിൽ എൺപതു കോടി ലാഭവുമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. കൂടാതെ കാർബൺ ബഹിർഗമനത്തിൽ 166.5 ടണ്ണിന്റെ കുറവും ഉണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

ഇ- സർവ്വീസും കാര്യക്ഷമാർന്ന സേവനവും

നമ്മുടെ സംസ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങൾ കാലത്തിനനുസൃതമായി സ്മാർട്ടാവുകയാണ്. ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഐ എസ് ഒ സർട്ടിഫിക്കേഷൻ കരസ്ഥമാക്കി കഴിഞ്ഞു. നഗരസഭകളിൽ ഈ പ്രവർത്തനം പുരോഗമിക്കുകയാണ്. ജനങ്ങൾക്ക് വേഗത്തിൽ ഉന്നനിലവാരമാർന്ന സേവനം നൽകുവാൻ കഴിയണം. തദ്ദേശഭരണ ഓഫീസുകൾ കൂടുതൽ ജനസൗഹൃദമാകണം. സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം. ഇ-ഓഫീസാകുന്നതോടൊപ്പം സ്മാർട്ട് ഓഫീസുകളുമായി തദ്ദേശ ഭരണ ഓഫീസുകൾ മാറണം. ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് സംവിധാനം പൂർണ്ണമായി എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നടപ്പാക്കുന്നതോടു കൂടി ഇ-ഗവേണൻസിൽ നമ്മുടെ തദ്ദേശ സ്ഥാപനങ്ങൾ രാജ്യത്തിനു തന്നെ മാതൃകയാകും.

ദുരന്ത നിവാരണ പ്ലാനുകൾ

സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന പ്രകൃതി ക്ഷോഭങ്ങൾ, ആരോഗ്യ മേഖലയിൽ വെല്ലുവിളി ഉയർത്തികൊണ്ട് കടന്നു വരുന്ന മഹാമാരികൾ ഇവയെല്ലാം നമ്മുടെ ജീവനും സ്വത്തിനും വലിയ നാശമാണ് വരുത്തിവെയ്ക്കുന്നത്. ഈ വിപത്തുകളെ പലപ്പോഴും നമുക്ക് തടയാൻ കഴിഞ്ഞില്ലായെങ്കിലും മുൻകരുതലുകൾ സ്വീകരിക്കുക വഴി അവയുടെ ആഘാതം പരമാവധി ലഘൂകരിക്കാൻ കഴിയും. ഇതിനു സഹായകമാകുന്ന വിധം ഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളിലും ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറായിട്ടുണ്ട്. ഇവയുടെ പുതുക്കലുകളും കൂട്ടിച്ചേർക്കലുകളും വരുത്തി ഏറ്റെടുക്കേണ്ട പ്രവർത്ത നങ്ങൾ, സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്നിവയുടെ മുൻഗണനാ ക്രമത്തിൽ പട്ടിക തയ്യാറാക്കി ഇതിനനുസൃതമായി പദ്ധതികൾ തയ്യാറാക്കാൻ നമുക്ക് കഴിയണം.

കുടുംബശ്രീയും തദ്ദേശഭരണ സ്ഥാപനങ്ങളും

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ പ്രസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഇന്ന് ലോകത്തിനാകെ മാതൃകയാണ്. കുടുംബശ്രീ മാതൃക രാജ്യത്തെ മറ്റു സംസ്ഥാനങ്ങളും മറ്റു രാജ്യങ്ങളും തങ്ങളുടെ നാട്ടിൽ പകർത്തുന്നതിനു ശ്രമിക്കുകയാണ്. കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണ കൊടുക്കുന്നതിനും ജനാധിപത്യപരമായി പരസ്പരം സഹകരിച്ച് ഓരോ പ്രദേശത്തെയും ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തു പകരാനും ശ്രദ്ധിക്കണം.

നവകേരളത്തിനായി ഒന്നിച്ച്

ഗാന്ധിജി ജനാധിപത്യത്തെ ഇപ്രകാരമാണ് നിർവ്വചിച്ചിരിക്കുന്നത്, "സമൂഹത്തിലെ വിഭിന്ന ജനവിഭാഗങ്ങളുടെ ശാരീരികവും സാമ്പത്തികവും ആധ്യാത്മികവുമായ വിഭവങ്ങൾ സമാഹരിച്ച് അത് പൊതു നന്മക്കുവേണ്ടി പ്രയോജനപ്പെ ടുത്തുന്ന സുന്ദരമായ ഒരു കലയും ശാസ്ത്രവുമാണ് ജനാധിപത്യം." ജനാധിപത്യത്തെ അർത്ഥവത്താക്കുന്നത് അതിൽ ജനങ്ങൾക്ക് എത്രമാത്രം ക്രിയാത്മകമായി ഇടപെ ടാൻ കഴിയുന്നുവെന്നതിനെ ആശ്രയിച്ചാണ്. ജനങ്ങളുടെ പങ്കാളിത്തമാണ് ജനാധിപത്യത്തെ അർത്ഥപൂർണ്ണമാക്കുന്നത്. ഓരോ ജനപ്രതിനിധിയുടേയും പരമവും പ്രധാനവുമായ കർത്തവ്യം ജനപങ്കാളിത്തം ഉറപ്പാക്കുക എന്നതു തന്നെയാണ്. അപ്പോൾ മാത്രമേ സമൂഹത്തിലെ ഏറ്റവും താഴേത്തട്ടിലുള്ള ആളുകൾക്ക് പോലും വികസന പ്രവർത്തനങ്ങളിൽ പങ്കാളിയാകാനും തങ്ങളുടെ ആവശ്യങ്ങൾ ഉന്നയിക്കാനും അതു നേടിയെടുക്കാനും കഴിയൂ. സംസ്ഥാന സർക്കാർ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മികച്ച പിന്തുണയാണ് കഴിഞ്ഞ നാലര വർഷമായി നൽകിയിട്ടുള്ളത്. നവകേരള നിർമ്മാണത്തിനായുള്ള സർക്കാരിന്റെ പരിശ്രമങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മികച്ച പിന്തുണയാണ് നൽകി വരുന്നത്. തുടർന്നും സർക്കാരിന്റെ ജനപക്ഷ, ദരിദ്രപക്ഷ വികസനോന്മുഖ പ്രവർത്തന ങ്ങൾക്ക് എല്ലാ പിന്തുണയുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. □

ജനപ്രതിനിധികൾ ഹരിതകേരള സൃഷ്ടിയിലെ ചാലകശക്തി

■ ഡോ. ടി.എൻ. സീമ

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി കഴിഞ്ഞ നാലുവർഷമായി പ്രവർത്തിച്ചു വരുന്ന ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒട്ടേറെ നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് കൂടുതൽ ഹരിതാഭമായ ഒരു കേരളം സൃഷ്ടിക്കുന്നതിൽ പുതിയ ഭരണ സമിതികൾക്കും അതിലെ ജനപ്രതിനിധികൾക്കും വലിയ പങ്കുവഹിക്കാനാവും.

കാൽനൂറ്റാണ്ട് പിന്നിട്ട വികേന്ദ്രീകൃതാസൂത്രണത്തിന്റെ കാതലും കരുത്തുമായി കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതികൾ നിലവിൽ വരികയാണ്. ജനകീയാസൂത്രണത്തിലൂടെയുള്ള വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ ആരംഭിച്ച ശേഷം നിലവിൽ വന്നിട്ടുള്ള ഓരോ ഭരണ സമിതികളും മുൻ ഭരണ സമിതികളേക്കാൾ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ തന്നെയാണ് കാഴ്ചവെച്ചിട്ടുള്ളത്. മുൻ മാതൃകകൾ ഇല്ലാതെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ പിൻബലത്തിൽ മാത്രമാണ് ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ചതെങ്കിൽ ഇന്നത്തെ ജനപ്രതിനിധികൾക്ക് പഠിക്കാനും വിശകലനം ചെയ്യാനും തിരുത്തൽ വരുത്തി മുന്നോട്ടു പോകാനുമെല്ലാം സഹായകമായി ഒട്ടേറെ മാതൃകകൾ മുന്നിലുണ്ട്. അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാൻ ജനപ്രതിനിധികൾ ശ്രമിക്കുന്നതിനാലാണ് ഓരോ പുതിയ ഭരണ സമിതിയും കൂടുതൽ മികവിലേക്ക് ഉയരുന്നത്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി കഴിഞ്ഞ നാലുവർഷമായി പ്രവർത്തിച്ചു വരുന്ന ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒട്ടേറെ നല്ല മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. അവയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് കൂടുതൽ ഹരിതാഭമായ ഒരു കേരളം സൃഷ്ടിക്കുന്നതിൽ പുതിയ ഭരണ സമിതികൾക്കും അതിലെ ജനപ്രതി

നിധികൾക്കും വലിയ പങ്കുവഹിക്കാനാവും.

നവകേരള നിർമ്മിതിക്കായി സംസ്ഥാന സർക്കാർ രൂപം നൽകിയ നാലുമിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷൻ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങൾ സൃഷ്ടിച്ച് അഞ്ചാം വർഷത്തിലേക്ക് കടക്കുകയാണ്. വെള്ളം, വൃത്തി, വിളവ് എന്ന സവിശേഷ മുദ്രാവാക്യത്തിൽ തന്നെ മിഷന്റെ ലക്ഷ്യങ്ങൾ വ്യക്തമാണ്.

ജലസംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട മൂന്ന് ഉപമിഷനുകൾ ചേർന്നതാണ് ഹരിതകേരളം മിഷൻ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. സംസ്ഥാന, ജില്ലാ, തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിൽ മിഷൻ സംവിധാനം ഉണ്ട്. സംസ്ഥാനതല ഹരിതകേരളം മിഷന്റെ ചെയർമാൻ മുഖ്യമന്ത്രിയും തദ്ദേശ സ്വയംഭരണ സ്ഥാപനതല മിഷന്റെ ചെയർപേഴ്സൺ തദ്ദേശസ്വയംഭരണ സ്ഥാപന അധ്യക്ഷരുമാണ്.

വിവിധ വകുപ്പുകളേയും ഏജൻസികളെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്ന സഹായക സംവിധാനമായാണ് ഹരിതകേരളം മിഷൻ പ്രവർത്തിക്കുന്നത്. ഇതിനായി സംസ്ഥാനതല ഓഫീസിനുപുറമേ ജില്ലാതലത്തിൽ ഒരു കോർഡിനേറ്ററും ബ്ലോക്ക് തല ചുമതലയുള്ള റിസോഴ്സ് പേഴ്സൺമാരും നിലവിലുണ്ട്.

ജലസംരക്ഷണ ഉപമിഷൻ

ലഭിക്കുന്ന മഴയുടെ അളവ് പരിഗണിച്ചാൽ ജലസമൃദ്ധമായ നാടാണ് കേരളം. എന്നാൽ വർഷത്തിൽ 3 മാസത്തിലധികം കൊടും വരൾച്ചയും ജലക്ഷാമവും നേരിടുന്ന സ്ഥിതിയാണ് സംസ്ഥാനത്തിന്റെ മിക്ക ഭാഗങ്ങളിലും ഉള്ളത്. ലഭ്യമായ ജലസ്രോതസ്സുകൾ മലിനീകരിക്കപ്പെടുന്നതിന്റെ പ്രശ്നം ഇതോടൊപ്പം നിലനിൽക്കുന്നു. കൃഷിക്കും കുടിവെള്ളത്തിനുമുൾപ്പെടെ പ്രയോജനപ്പെടുത്താവുന്ന പല ജലസ്രോതസ്സുകളും ഉപയോഗ ശൂന്യമായി നശിക്കുന്ന സ്ഥിതിയും നിലവിലുണ്ട്. ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കണ്ടെത്തി കേരളത്തിന്റെ ജലസുരക്ഷ ഉറപ്പുവരുത്താൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷനിലെ ജലസംരക്ഷണ ഉപമിഷൻ പ്രവർത്തിക്കുന്നത്.

സംയോജിത നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ, ജലമിത ഉപയോഗത്തിലും മലിനജല പുനരുപയോഗ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിലും ഊന്നിയ ജലവിനിയോഗ സംസ്കാരം വളർത്തിയെടുക്കുക, ഭാവിയെക്കൂടി മുന്നിൽകണ്ടുകൊണ്ടുള്ള ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഉറപ്പാക്കുക, നിലവിലുള്ള ജലസ്രോതസ്സുകളെ ശുദ്ധീകരിച്ചും നവീകരിച്ചും പരിപാലിക്കുക തുടങ്ങിയവയെല്ലാമാണ് ഈ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളായി നിർവ്വചിച്ചിട്ടുള്ളത്.

ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കൽ, കിണർ റീചാർജിംഗ്, ക്വാറികളിലെ ജലസംഭരണികളെ പ്രയോജനപ്പെടുത്തൽ, ഭൂജലപോഷണം വഴി പരമാവധി വെള്ളം മണ്ണിലേക്ക് ഇറക്കൽ, ജല മലിനീകരണത്തിനെതിരെയുള്ള നിയമനടപടികൾ കർശനമായി നടപ്പാക്കൽ, ജല ഓഡിറ്റിംഗും ജല ബജറ്റിംഗും വഴി ജലത്തിന്റെ അമിതോപയോഗവും ദുരുപയോഗവും തടയൽ, ജലഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ മേൽ സൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടുന്നതിനായി നടപ്പിലാക്കി വരുന്നു.

കഴിഞ്ഞ 4 വർഷക്കാലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികൂടി പ്രയോജനപ്പെടുത്തി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഭാഗമായി വലിയ മാറ്റം ദൃശ്യമായി തുടങ്ങിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ തുടർച്ച നഷ്ടപ്പെടാതെ മുന്നോട്ടുപോയാൽ കേരളത്തിന്റെ ജലസുഭിക്ഷതയുടെ പഴയകാലത്തെ തിരിച്ചു കൊണ്ടുവരാനാകുമെന്നാണ് ഈ മാറ്റങ്ങൾ വിളിച്ചോതുന്നത്. ഇതിനായി പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് വലിയ പങ്കുവഹിക്കാനാവും. തങ്ങളുടെ ചുമതലയിലുള്ള വാർഡ് പ്രദേശത്ത് താഴെപ്പറയുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ വാർഡ് മെമ്പർമാർക്ക് നേതൃത്വപരമായി ഇടപെടാനാകും.

- ചരിവുകൂടിയ പ്രദേശങ്ങളിൽ ഒഴികെ മറ്റിടങ്ങളിൽ കഴിയുന്നിടത്തോളം മഴവെള്ളം മണ്ണിലാഴ്ത്താം.
- ജലത്തിന്റെ അമിതോപയോഗം ഇല്ലാതാക്കാം.
- പരമാവധി ജലം പുനരുപയോഗിക്കാം.
- എല്ലാവരും ജലാശയങ്ങളിലേക്ക്, ഇനി ഞാനൊഴുകട്ടെ പ്രവർത്തനങ്ങളുടെ തുടർച്ചയായി നീർച്ചാലുകളും തോടുകളും ശുചീകരിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യാം. ഈ പ്രവർത്തനങ്ങളുടെ അടുത്തഘട്ടം ഉടനെ ആരംഭിക്കാം.
- പ്രദേശത്തെ നീർച്ചാലുകളും കുളങ്ങളും ഉൾപ്പെടെയുള്ള എല്ലാ ജലസ്രോതസ്സുകളും മലിനപ്പെടാതിരിക്കാനുള്ള ഇടപെടലുകൾ നടത്താം.
- കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തി ജലജന്യ രോഗങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കാം.
- പാറക്വാറി പോലെയുള്ള ജലസംഭരണികളിൽ കെട്ടിക്കിടക്കുന്ന ജലം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താം.

ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ

വ്യക്തി ശുചിത്വത്തിൽ പുലർത്തുന്ന ജാഗ്രത പൊതു ശുചിത്വത്തിൽ പുലർത്താത്ത സ്ഥിതി കേരളം ഏറെക്കാലമായി നേരിടുന്ന ഒരു പ്രശ്നമാണ്. അതിവേഗം നഗരവത്കരണം നടന്നുകൊണ്ടിരിക്കുന്ന പ്രദേശമായതിനാലുള്ള സ്ഥലപരിമിതി, ഈർപ്പം കൂടുതലുള്ള അന്തരീക്ഷസ്ഥിതി തുടങ്ങി മാലിന്യ പ്രശ്നത്തെ രൂക്ഷമാക്കാനിടയുള്ള ഒട്ടേറെ സാഹചര്യങ്ങൾ കേരളത്തിൽ നിലവിലുണ്ട്. മാലിന്യം രൂപപ്പെടുന്ന സ്ഥലം മുതൽ സുരക്ഷിതമായി സംസ്കരിക്കപ്പെടുന്ന സ്ഥലം വരെയുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി മാത്രമേ ഈ പ്രശ്നം പരിഹരിക്കാനാവൂ. ഇതിനായാണ് ഹരിതകേരളം മിഷനിലെ ശുചിത്വ മാലിന്യസംസ്കരണ ഉപമിഷൻ പ്രവർത്തിക്കുന്നത്. ഈ ഉപമിഷന്റെ സാങ്കേതിക വിഭാഗമായാണ് ശുചിത്വമിഷൻ പ്രവർത്തിക്കുന്നത്. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സഹായം ഹരിതകേരളം മിഷനും ശുചിത്വമിഷനും ചേർന്ന് ലഭ്യമാക്കും.

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പൗരബോധം വളർത്തൽ, മാലിന്യത്തിന്റെ അളവ് കുറയ്ക്കലും രൂപപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി തരംതിരിച്ച് സുരക്ഷിതമായി സംസ്കരിക്കലും ഉൾപ്പെടെയുള്ള മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കൽ, സങ്കീർ

ണ്ണമായ മാലിന്യ പരിപാലന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ സഹായിക്കൽ തുടങ്ങിയവയെല്ലാമാണ് ഈ ഉപമിഷന്റെ പ്രധാന ലക്ഷ്യങ്ങളായി നിശ്ചയിച്ചിട്ടുള്ളത്.

ജൈവ മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള വികേന്ദ്രീകൃത സംവിധാനങ്ങൾ നടപ്പിലാക്കൽ, അജൈവ മാലിന്യങ്ങളെ വൃത്തിയാക്കി തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണത്തിന് കൈമാറൽ, ദ്രവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങളൊരുക്കൽ, വലിച്ചെറിയലും കത്തിക്കലും ഒഴുക്കിവിടലും ഉൾപ്പെടെയുള്ള മലിനീകരണ പ്രവർത്തനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കൽ, ജൈവമാലിന്യ പരിപാലനത്തിൽ ഹരിതപെരുമാറ്റച്ചട്ടം (ഗ്രീൻ പ്രോട്ടോക്കോൾ) വ്യാപകമാക്കൽ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ മേൽസൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടാനായി നടപ്പിലാക്കി വരുന്നുണ്ട്.

കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് വലിയ ചുവടുവയ്പ്പ് നടത്താൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. 660 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇതിനകം തന്നെ ശുചിത്വ പദവി നേടിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവ ശുചിത്വ പദവിയിലേക്ക് നീങ്ങുന്നു. 141 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉൾപ്പെടെ സമ്പൂർണ്ണ ശുചിത്വ പദവിയിൽ ഉടൻ എത്തും. ഒരു വർഷത്തിനകം കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സമ്പൂർണ്ണ ശുചിത്വ പദവിയിൽ എത്തിക്കാൻ കഴിയും എന്നതാണ് നിലവിലെ പുരോഗതി വ്യക്തമാക്കുന്നത്. പുതിയതായി അധികാരത്തിൽ വന്ന ഭരണ സമിതികൾക്ക് ഇക്കാര്യത്തിൽ ശക്തമായ നേതൃത്വം വഹിക്കാൻ കഴിയും. തങ്ങളുടെ ചുമതലയിലുള്ള വാർഡ് പ്രദേശത്ത് താഴെപ്പറയുന്ന ശുചിത്വ- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ വാർഡ് മെമ്പർമാർക്ക് നേതൃത്വപരമായി ഇടപെടാനാകും.

- മാലിന്യങ്ങൾ രൂപപ്പെടുന്ന സ്ഥലത്തു തന്നെ അവയെ ജൈവ-അജൈവ ഇനങ്ങളായി തരംതിരിക്കൽ നടത്താം.
- ജൈവ മാലിന്യങ്ങളെ പരമാവധി ജൈവ വളമാക്കി മാറ്റാം.
- പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളെ വൃത്തിയാക്കി ഹരിത കർമ്മസേനയ്ക്ക് കൈമാറാം.
- ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് പൂർണ്ണമായി ഉപേക്ഷിക്കാം. ഇതിനായി ഡിസ്പോസബിൾ ഫ്രീ കേരള കാമ്പയിൻ ഫലവത്താക്കാം.
- കഴിയുന്നിടത്തോളം പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കുപകരം പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കാം.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും പൂർണ്ണമായി ഒഴിവാക്കാം.
- അതത് തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലുള്ള സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കാം.

കൃഷി ഉപമിഷൻ

ജൈവ കൃഷിയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള കൃഷി വികസനത്തിലൂടെ സുരക്ഷിത ഭക്ഷണം സ്വയംപര്യാപ്തമായ രീതിയിൽ ഉൽപ്പാദിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങൾക്കായാണ് ഹരിതകേരളം മിഷന്റെ കൃഷി ഉപമിഷൻ രൂപീകരിച്ചിട്ടുള്ളത്.

ഒരു വർഷത്തിനകം കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സമ്പൂർണ്ണ ശുചിത്വ പദവിയിൽ എത്തിക്കാൻ കഴിയും എന്നതാണ് നിലവിലെ പുരോഗതി വ്യക്തമാക്കുന്നത്. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഇക്കാര്യത്തിൽ ശക്തമായ നേതൃത്വം വഹിക്കാൻ കഴിയും. തങ്ങളുടെ ചുമതലയിലുള്ള വാർഡ് പ്രദേശത്ത് ശുചിത്വ- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ നേതൃത്വപരമായി ഇടപെടാനാകും.

പച്ചക്കറിയിലും നെല്ലിലും പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടുക, ജൈവമാലിന്യത്തിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വളം ഉപയോഗിച്ച് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക, തരിശു കിടക്കുന്ന മുഴുവൻ പ്രദേശങ്ങളിലും കൃഷി വ്യാപിപ്പിക്കുക, വിപണി സംവിധാനം പരിഷ്കരിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ ഉപമിഷന് നിശ്ചയിച്ചിട്ടുള്ളത്.

നെൽകൃഷി വ്യാപ്തി 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറിലേക്ക് വ്യാപിപ്പിക്കൽ, തരിശ് രഹിത ഗ്രാമങ്ങൾ സൃഷ്ടിക്കൽ, ഹരിത സമൃദ്ധി വാർഡുകൾ സൃഷ്ടിക്കൽ, സഹകരണ മേഖലയുമായി സംയോജിച്ചുള്ള കൃഷി വ്യാപനം, വ്യവസായ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ എന്നിവയുമായി സഹകരിച്ച് കൃഷി വ്യാപിപ്പിക്കൽ തുടങ്ങി ഒട്ടേറെ പ്രവർത്തനങ്ങൾ മേൽസൂചിപ്പിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി നടപ്പിലാക്കി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കൃഷി വകുപ്പിന്റെ സഹായത്തോടെ ഈ മേഖലയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞ നാലു വർഷക്കാലം കഴിഞ്ഞിട്ടുണ്ട്. പുതിയ ഭരണസമിതികളുടെ നേതൃത്വത്തിൽ ഈ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോയാൽ വരുന്ന അഞ്ചു വർഷക്കാലം കൊണ്ട് കാർഷിക മേഖലയിൽ വലിയ കുതിച്ചുചാട്ടം തന്നെ നടത്താൻ കേരളത്തിന് സാധിക്കും. തങ്ങളുടെ ചുമതലയിലുള്ള വാർഡ് പ്രദേശത്ത് താഴെപ്പറയുന്ന കാർഷിക പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ വാർഡ് മെമ്പർമാർക്ക് നേതൃത്വപരമായി ഇടപെടാനാകും.

- എല്ലാ വീടുകളിലും ഒരിനം പച്ചക്കറിയെങ്കിലും കൃഷി ചെയ്യാം.
- ജൈവമാലിന്യങ്ങളെ വളമാക്കി കൃഷിക്ക് ഉപയോഗിക്കാം.
- മുട്ട, മത്സ്യം, പാൽ എന്നിവ ഉൾപ്പെടെയുള്ള സംയോജിത കൃഷി സാധ്യതകൾ പരമാവധി വീടുകളിൽ വ്യാപിപ്പിക്കാം.
- അധികമായി ഉൽപ്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കാം.
- ഭക്ഷ്യവസ്തുക്കളെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന കുടുംബശ്രീ സംരംഭങ്ങൾ ആരംഭിക്കാം.
- ഹരിതകർമ്മസേനയെ പ്രയോജനപ്പെടുത്തി കൃഷിക്ക് ആവശ്യമായ ഉൽപ്പാദന ഉപാധികൾ എല്ലാ വീടുകളിലും എത്തിക്കാം.

ഉപമിഷനുകളുടെ പരിധിയിൽ ഒതുങ്ങാത്ത ചില പ്രവർത്തനങ്ങൾകൂടി ഈ മേഖലയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്ക് ഏറ്റെടുക്കാവുന്നവയായിട്ടുണ്ട്. ഊർജ്ജസംരക്ഷണം, ഹരിതവൽക്കരണം തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങളാണ് പ്രധാനമായും ഇതിൽ വരുന്നത്. തങ്ങളുടെ ചുമതലയിലുള്ള വാർഡ് പ്രദേശത്ത് താഴെപ്പറയുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിൽ വാർഡ് മെമ്പർമാർക്ക് നേതൃത്വപരമായി ഇടപെടാനാകും.

- ഫിലമെന്റ് ബൾബുകൾ ഉപയോഗിക്കുന്ന വീടുകൾ കണ്ടെത്തി അവ മുഴുവൻ എൽ.ഇ.ഡി. ബൾബിലേയ്ക്ക് മാറുന്ന പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പാക്കാം.
- കാര്യക്ഷമതയുള്ള വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ച് ഊർജ്ജോപയോഗം കുറയ്ക്കാം.
- ബയോഗ്യാസ് പ്ലാന്റുകൾ, ടോയ്‌ലറ്റ് ലിങ്ക്ഡ് ബയോഗ്യാസ് പ്ലാന്റുകൾ എന്നിവയെ പ്രോത്സാഹിപ്പിക്കാം.
- സോളാർ പാനലുകൾ സ്ഥാപിക്കാൻ ശേഷിയുള്ളവരെ കണ്ടെത്തി സൗരോർജ്ജ വൈദ്യുത ഉപയോഗം പരമാവധി പ്രയോജനപ്പെടുത്താം.
- വിറക് ഉപയോഗിച്ച് കത്തിക്കുന്ന സ്ഥലങ്ങളിൽ ഊർജ്ജക്ഷമത കൂടിയ പുകയില്ലാത്ത അടുപ്പുകൾ പ്രോത്സാഹിപ്പിക്കാം.
- അടുക്കളയിലെ ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ചൂടാറാപെട്ടി പ്രോത്സാഹിപ്പിക്കാം.

പച്ചത്തുരുത്തുകൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന സവിശേഷമായ ഒരു പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനമാണ് പച്ചത്തുരുത്ത്. തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ ഒഴിഞ്ഞു കിടക്കുന്ന പൊതുസ്ഥലങ്ങളിൽ തദ്ദേശീയമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് ജൈവവൈവിധ്യത്തിന്റെ ചെറുമാതൃകകൾ സൃഷ്ടിക്കുന്ന പ്രവർത്തനമാണ് പച്ചത്തുരുത്തുകൾ. 1600 ലധികം പച്ചത്തുരുത്തുകൾ സംസ്ഥാനത്ത് ഇതിനകം തന്നെ നിലവിൽ വന്നുകഴിഞ്ഞു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ മുൻകൈയെടുത്താൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾകൂടി നടത്താൻ കഴിയും.

കഴിഞ്ഞ ഭരണ സമിതിയുടെ കാലത്ത് മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു പച്ചത്തുരുത്തെങ്കിലും സ്ഥാപിച്ചിരുന്നു. എല്ലാ വാർഡുകളിലും പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുണ്ട്. വാർഡിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം കണ്ടെത്തി, അവിടെ പച്ചത്തുരുത്ത് സ്ഥാപിക്കാം. അതുവഴി പരിസ്ഥിതി പുനഃസ്ഥാപനത്തിന് തുടക്കമിടാം.

എല്ലാ വാർഡുകളിലും ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥലങ്ങൾ കണ്ടെത്തി ഭരണ സമിതിയുടെ ആദ്യവികസന സംരംഭമായി ഒരു പച്ചത്തുരുത്തിന് തുടക്കം കുറിക്കാം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവ ഇതിനായി പ്രയോജനപ്പെടുത്താം. 5 വർഷം കഴിഞ്ഞ് ഈ ഭരണസമിതി സ്ഥാനമൊഴിയുമ്പോൾ ഭരണ സമിതിയുടെ ഓർമ്മത്തുരുത്തുകളായി അവ പച്ചപിടിച്ച് വളർന്നു നിൽക്കും.

നിലവിലുള്ള പച്ചത്തുരുത്തുകളുടെ പരിപാലനത്തിനുള്ള സംവിധാനം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വഴി ഉറപ്പുവരുത്താം.

കാവുകളും, കണ്ടൽക്കാടുകളും സംരക്ഷിച്ച് പരിപാലിക്കുന്നതിനായി പ്രത്യേക ഇടപെടൽ നടത്താം.

വിവിധ വകുപ്പുകൾ തമ്മിലും വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലും കൂടുതൽ ഫലപ്രദമായ ഏകോപനവും സംയോജനവും സാധ്യമാക്കി ലക്ഷ്യപ്രാപ്തിയിലെത്തുക എന്നതാണ് ഹരിതകേരളം മിഷൻ പ്രവർത്തനരീതി. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക പിന്തുണയും നൽകാൻ മിഷനു കഴിയുന്നു. നാടിന്റെ പച്ചയും മണ്ണിന്റെ നന്മയും ജലത്തിന്റെ ശുദ്ധിയും പരിസരത്തിന്റെ വൃത്തിയും വീണ്ടെടുക്കാനുള്ള ജനകീയ യജ്ഞമാണ് ഹരിതകേരളം മിഷൻ. വരും തലമുറകൾക്ക് ഈ നാടിനെ അതിന്റെ എല്ലാ സ്വാഭാവിക നന്മകളോടെയും കൈമാറാനുള്ള കൂട്ടായ പരിശ്രമമാണിത്. □

ലേഖിക ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ആണ്.



പുതിയ പ്രാദേശികസർക്കാരുകളും നവീന വികസന കാഴ്ചപ്പാടുകളും

■ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്

ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച വർദ്ധിച്ച തോതിലുള്ള അധികാരം അതിന്റെ യഥാർത്ഥമായ അന്തസ്സത്ത ഉൾക്കൊണ്ടു നടപ്പിലാക്കിയതിന് ഉത്തമോദാഹരണമാണ് 1994 ൽ പാസ്സാക്കിയ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളും 1996 ൽ കേരളത്തിൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനവും. പിന്നീട് ലോകത്തിനുതന്നെ മാതൃകയായ അധികാരവികേന്ദ്രീകരണ പ്രക്രിയയായി ജനകീയാസൂത്രണം മാറി.

തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ച് വിജയം നേടി പ്രാദേശിക സർക്കാരുകളുടെ ഭരണസാരഥികളായി അധികാരമേറ്റ എല്ലാ ജനപ്രതിനിധികൾക്കും അഭിനന്ദനങ്ങൾ. ഒരു പ്രദേശത്തിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ വികസനത്തിന്റെ കടിഞ്ഞാൺ ആ പ്രദേശത്തെ ജനപ്രതിനിധികളുടെ കൈകളിലാണ്. അവരുടെ ഉത്തരവാദിത്തം കൂടിയാണ് ആ പ്രദേശത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയെന്നത്. അതിനായി ജനങ്ങൾ കൽപ്പിച്ചു നൽകിയ അധികാരം അവർക്കുവേണ്ടി തന്നെ വിനിയോഗിക്കുവാൻ എല്ലാവർക്കും കഴിയണം. എങ്കിൽ മാത്രമേ ജനാധിപത്യ സംവിധാനവും അധികാരവികേന്ദ്രീകരണവും പൂർണ്ണതയിലേക്ക് എത്തുകയുള്ളൂ. ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും ശബ്ദമാകാനും ജനപ്രതിനിധികൾക്ക് കഴിയണം.

1993 ഏപ്രിൽ 24 ന് പ്രാബല്യത്തിൽ

വന്ന ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതി ലക്ഷ്യം വച്ചത് ഗ്രാമഭരണം പുനഃസംഘടിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ജനാധിപത്യവൽക്കരണത്തിനുമായി പഞ്ചായത്ത് ഭരണ നിർവ്വഹണത്തിന് നിലവിലുണ്ടായിരുന്ന നിരവധി നിയമങ്ങൾക്ക് പകരം സമഗ്രമായ ഒരു നിയമം കൊണ്ടു വരിക എന്നതായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽവന്നത്. ഈ ഭരണഘടനാ ഭേദഗതിയോടെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാപദവി ലഭിച്ചു.

ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച വർദ്ധിച്ച തോതിലുള്ള അധികാരം അതിന്റെ യഥാർത്ഥമായ അന്തസ്സത്ത ഉൾക്കൊണ്ടു നടപ്പിലാക്കിയതിന് ഉത്തമോദാഹരണമാണ് 1994 ൽ പാസ്സാക്കിയ പഞ്ചായത്ത് രാജ് മുനിസിപ്പാലിറ്റി നിയമങ്ങളും 1996 ൽ കേരളത്തിൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പ്രസ്ഥാനവും. പിന്നീട് രാജ്യത്തിനും ലോകത്തിനും മാതൃകയായ അധികാരവികേന്ദ്രീകരണ പ്രക്രിയയായി ജനകീയാസൂത്രണപ്രസ്ഥാനം മാറി. പങ്കാളിത്ത ആസൂത്രണത്തിലൂടെ പ്രാദേശിക വികസനത്തിന് പുതിയ മാനം കണ്ടെത്തിയ ഈ പ്രസ്ഥാനം ഇന്ന് കാൽ നൂറ്റാണ്ട് പിന്നിട്ടിരിക്കുന്നു. ഒരു ഗ്രാമത്തിന്റെ അല്ലെങ്കിൽ നഗരത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ആ പ്രദേശത്തെ ജനങ്ങളെക്കൂടി പങ്കെടുപ്പിക്കാനുള്ള തീരുമാനം ഇന്ത്യാ മഹാരാജ്യത്ത് തന്നെ പുതുമയാർന്നതായിരുന്നു. അധികാര വികേന്ദ്രീകരണം അതിന്റെ യഥാർത്ഥ അർത്ഥത്തിൽ തന്നെ നമ്മുടെ സംസ്ഥാനം ഉൾക്കൊള്ളുകയും അത് നാടിന്റെ സമഗ്ര വികസനത്തിന് വഴി തെളിക്കുകയുമുണ്ടായി. കാലാകാലങ്ങളിൽ മാറിവന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികൾക്കും ഈ വികസനപ്രക്രിയയുടെ മഹാവിജയത്തിൽ വിലമതിക്കാനാവാത്ത പങ്കുണ്ട്.

നവകേരള മിഷൻ എന്ന പേരിൽ ജനകീയസൂത്രണപ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി നാലു മിഷനുകൾക്ക് രൂപം നൽകുകയുമുണ്ടായി. ഭവനരഹിതരായ രണ്ടര ലക്ഷത്തോളം പേർക്ക് അടച്ചുറപ്പുള്ള വീടും ജീവനോപാധികളും നൽകിക്കൊണ്ട് ലൈഫ് മിഷനും നാടിന്റെ പച്ചപ്പും വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുക്കുന്നതിനും ശുചിത്വ-മാലിന്യ സംസ്കരണം മണ്ണ്, ജല സംരക്ഷണം, ജൈവ കൃഷിക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടുള്ള കാർഷിക വികസനം എന്നിവയ്ക്ക് നേതൃത്വം നൽകി ഹരിതകേരളം മിഷനും പ്രവർത്തിച്ചു വരുന്നു. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിക്കൊണ്ട് കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ആരോഗ്യമേഖലയെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിച്ചു കൊണ്ട് ആർദ്രം മിഷനും നവകേരള മിഷന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. ആരോഗ്യ മേഖലയിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനസൗഹൃദ, കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി ഒന്നാം ഘട്ടവും, 504 കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്ന രണ്ടാം ഘട്ടവും. 2020 ൽ മൂന്നാം ഘട്ടത്തിൽ 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെക്കൂടി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങളും ആർദ്രം മിഷന്റെ ഭാഗമായി നടന്നു വരുന്നു. ഈ മാറ്റങ്ങൾക്കെല്ലാം പിന്നിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കയ്യൊപ്പ് കാണാൻ കഴിയും. പ്രാദേശിക സർക്കാരുകൾ നൽകിയ പൂർണ്ണ സഹകരണമാണ് നവകേരള ദൗത്യത്തിന്റെ ഭാഗമായി ഈ മേഖലകളിൽ ശ്രദ്ധേയമായ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞത്. പുതുതായി ചുമതലയേറ്റ ഭരണസമിതികളും നവകേരള മിഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളിൽ പൂർണ്ണ സഹകരണം നൽകി മുന്നോട്ടു പോകണം.

സംയുക്ത പദ്ധതികൾ രൂപീകരിക്കുന്നതിൽ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോഴും ഏറെ പിന്നിലാണ്. ത്രിതല പഞ്ചായത്തുകൾ ഒരുമിച്ച് ചേർന്നുകൊണ്ടും ഒന്നിലധികം പ്രാദേശികസർക്കാരുകൾക്ക് സംയുക്തമായും പദ്ധതികൾ രൂപീകരിക്കാം. ഖര-ദ്രവമാലിന്യ സംസ്കരണ പദ്ധതികൾ, ശുചിത്വ പദ്ധതികൾ, പുഴകളുടെ സംരക്ഷണം, പൊതുശ്മശാനം തുടങ്ങിയവ ഇത്തരത്തിൽ സംയുക്ത പദ്ധതികളായി രൂപപ്പെടുത്താൻ കഴിയും.

ഗ്രാമപഞ്ചായത്തിന്റെ ചുമതലകളിൽ കെട്ടിടനിർമ്മാണ നിയന്ത്രണം, പരമ്പരാഗത കുടിവെള്ള സ്രോതസ്സുകളുടെയും കുളങ്ങളുടെയും ജലസംഭരണികളുടെയും സംരക്ഷണം, ഖര-ദ്രവ മാലിന്യങ്ങളുടെ നീക്കവും സംസ്കരണവും, സാംക്രമിക രോഗങ്ങളുടെ നിയന്ത്രണം, രോഗപ്രതിരോധ നടപടികൾ തുടങ്ങി 27 അനിവാര്യ ചുമതലകളും, 14 പൊതു ചുമതലകളും, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യവനവൽക്കരണം, ഭവനനിർമ്മാണം തുടങ്ങി 19 മേഖലകളിലായുള്ള ചുമതലകളുമാണുള്ളത്. ഈ ചുമതലകൾ പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതികൾ മുൻകൈയെടുക്കണം.

ഈ സർക്കാരിന്റെ കാലയളവിൽ തന്നെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളെയും ശുചിത്വ പദവിയിലും ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളെയും സമ്പൂർണ്ണ ശുചിത്വ പദവിയിലും എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. 501 ഗ്രാമപഞ്ചായത്തുകളും 58 നഗരസഭകളും 30 ബ്ലോക്ക് പഞ്ചായത്തുകളും ശുചിത്വ പദവിയിലേക്ക് ഉയർന്നു കഴിഞ്ഞു. ഖരമാലിന്യ സംസ്കരണത്തിന് മികച്ച അടിസ്ഥാന സൗകര്യം ഒരുക്കിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് ശുചിത്വ പദവി നൽകുക, ദ്രവ മാലിന്യം ഉൾപ്പെടെ സമ്പൂർണ്ണമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്ന മുറയ്ക്ക് സമ്പൂർണ്ണ ശുചിത്വ പദവി നൽകും. ശുചിത്വ പദവി നേടിയ തദ്ദേശഭരണ സ്ഥാപനങ്ങൾ സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് ഉയരുന്നതിനും മറ്റുള്ളവ സമ്പൂർണ്ണ ശുചിത്വ പദവിയിലേക്കോ ശുചിത്വ പദവിയിലേക്കോ ഉയരുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമ്പൂർണ്ണ ശുചിത്വകേരളം എന്ന സ്വപ്നസാക്ഷാത്ക്കാരത്തിനും പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഭരണസമിതികളും മുൻകൈയെടുക്കണം.

നിലവിലുണ്ടായിരുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങളെ കാലാനുസൃതമായി പരിഷ്കരിച്ചുകൊണ്ടും, വ്യത്യസ്ത രീതിയിൽ വ്യാഖ്യാനങ്ങൾക്കിടവരാത്ത തരത്തിൽ സമഗ്രമാക്കികൊണ്ടും, പരിസ്ഥിതി സംര

ക്ഷിച്ച കൊണ്ടുള്ള നിർമ്മാണം, ചെറിയ കെട്ടിട നിർമ്മാണങ്ങൾക്ക് ഇളവുകൾ നൽകിക്കൊണ്ടും 2019 ൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും പരിഷ്കരിച്ചു. നിർമ്മാണ പ്രവൃത്തികൾക്ക് 2020 ൽ കൂടുതൽ ഇളവുകൾ നല്കിക്കൊണ്ട് ഈ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയുണ്ടായി. ചട്ടങ്ങൾക്ക് ലംഘനം ഉണ്ടാകാത്ത രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടുന്ന ചുമതലയും പഞ്ചായത്തുകൾക്കുണ്ട്. ഇക്കാര്യത്തിലും പുതുതായി അധികാരമേറ്റ ഭരണ സമിതികൾ ശ്രദ്ധ ചെലുത്തണം.

മുൻ ഭരണസമിതിയുടെ തുടർച്ചയാണ് തുടർന്ന് അധികാരത്തിൽ വരുന്ന ഭരണസമിതികളും. ഈ കാഴ്ചപ്പാടിലായിരിക്കണം പുതിയ ഭരണസമിതികൾ വികസന കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടത്. സ്ഥാനമൊഴിഞ്ഞ ഭരണസമിതി ചെയ്തുവച്ച മാതൃകാപരമായ പ്രവർത്തനങ്ങളും അവശ്യം തുടരേണ്ട പദ്ധതികളും ഏറ്റെടുത്ത് നടത്തണം. അതുപോലെ ജനാധിപത്യ വ്യവസ്ഥയുടെ ഏറ്റവും താഴെത്തട്ടിലെ സംവിധാനമായ ഗ്രാമസഭകളുടെ തീരുമാനങ്ങൾ പരിഗണിച്ചുകൊണ്ടാവണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ഇത് ഭരണഘടനാപരമായ ബാധ്യതയാണെന്ന കാര്യം ഓർമ്മിക്കണം. ഗ്രാമസഭകൾ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഗ്രാമസഭയുടെ കൺവീനർ എന്ന നിലയിൽ ഇത് തിരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന്റെ നിയമപരമായ ബാധ്യതയാണ്. താൻ കൺവീനർ ആയിരിക്കുന്ന ഗ്രാമസഭയുടെ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചു ചേർക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നത് അംഗമെന്നുള്ള നിലയിലെ അയോഗ്യതയ്ക്ക് കാരണമാകുന്നതുമാണ്.

നടപടിക്രമങ്ങൾ ലളിതമാക്കിയും സാങ്കേതിക നൂലാമാലകൾ ഇല്ലാതാക്കിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിലും പദ്ധതി പ്രവർത്തനത്തിലും സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുകയെന്ന കാഴ്ചപ്പാടോടെയാണ് ഈ സർക്കാർ തുടക്കം മുതൽ പ്രവർത്തിച്ചു വരുന്നത്. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25 ശതമാനം തുകയാണ് 2020-21 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയത്. പദ്ധതി രൂപീകരണവും അംഗീകാരവും സമയബന്ധിതമാക്കുന്നതിനു സർക്കാർ മുന്തിയ പരിഗണന നൽകിവരുന്നു. ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള പദ്ധതികൾ മുൻവർഷം ഡിസംബറിൽ തന്നെ രൂപീകരിച്ച് അംഗീകാരം നേടാൻ കഴിയുന്ന തരത്തിലേക്ക് പദ്ധതി പ്രവർത്തനങ്ങൾ മാറിയിരിക്കുന്നു. ഇത് പദ്ധതികളുടെ നിർവഹണത്തിന് ഒരു പൂർണ്ണ സാമ്പത്തികവർഷം ലഭിക്കുന്നതിന് സഹായകമായി.

കൊവിഡിന്റെയും പൊതുതിരഞ്ഞെടുപ്പിന്റെയും പശ്ചാത്തലത്തിൽ ഈ സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ കുറച്ചു പിന്നിലായിരുന്നു. ഈ സാമ്പത്തിക വർഷത്തിലെ ഇനിയുള്ള മൂന്നു മാസങ്ങളിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനു പുതിയ ഭരണസമിതികൾ മുഖ്യപരിഗണന നൽകണം. ഒപ്പം അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതികൾ ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പുതന്നെ രൂപപ്പെടുത്തുന്നതിനും അംഗീകാരം നേടുന്നതിനും വേണ്ട കർമ്മപരിപാടികളും ഏറ്റെടുക്കണം. ചുരുക്കത്തിൽ പുതിയ ഭരണസമിതികൾ എത്രയും വേഗം കർമ്മനിരതരാകേണ്ടിയിരിക്കുന്നു.

പദ്ധതി രൂപീകരണം സംബന്ധിച്ച കാഴ്ചപ്പാടുകൾ മാറേണ്ടിയിരിക്കുന്നുവെന്ന് കൂടി ഓർമ്മപ്പെടുത്തുന്നു. വിഭവങ്ങൾ വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുകയെന്ന പഴയ രീതിയിൽ നിന്നും പ്രാദേശിക സർക്കാരുകൾ മാറി ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു തദ്ദേശഭരണ സ്ഥാപനത്തെ മുഴുവൻ ഒരു യൂണിറ്റായി കണ്ടുകൊണ്ടാവണം പദ്ധതി വിഭാവനം ചെയ്യേണ്ടതും രൂപീകരിക്കേണ്ടതും. നാടിന്റെ സമഗ്ര വികസനമാവണം ലക്ഷ്യം വയ്ക്കേണ്ടത്. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന രീതി പരമാവധി കുറച്ചു കൊണ്ടുവരണം. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള സാമൂഹിക പദ്ധതികൾ രൂപപ്പെടുത്തണം. അടിസ്ഥാന സൗകര്യ വികസനം എന്നത് നടപ്പാതകളുടെയും റോഡുകളുടെയും നിർമ്മാണം മാത്രമല്ല. ഭക്ഷ്യസുരക്ഷയ്ക്കായി കാർഷിക മേഖലയിലെ പദ്ധതികൾക്കും മൃഗസംരക്ഷണ മേഖലയിലെയും ക്ഷീര-മത്സ്യ മേഖലയിലെയും പദ്ധതികൾക്ക് ഊന്നൽ നൽകണം. പരിസ്ഥിതി സംരക്ഷണം, ജലസംരക്ഷണം, ശുചിത്വ-മാലിന്യ സംസ്കരണം എന്നീ വിഷയങ്ങൾക്കും പ്രാധാന്യം നൽകണം.

സംയുക്ത പദ്ധതികൾ രൂപീകരിക്കുന്നതിൽ നമ്മുടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോഴും ഏറെ പിന്നിലാണ്. ത്രിതല പഞ്ചായത്തുകൾ ഒരുമിച്ച് ചേർന്നുകൊണ്ടും ഒന്നിലധികം പ്രാദേശികസർക്കാരുകൾക്ക് സംയുക്തമായും പദ്ധതികൾ രൂപീകരിക്കാം. ഖര-ദ്രവമാലിന്യസംസ്കരണ പദ്ധതികൾ, ശുചിത്വ പദ്ധതികൾ, പുഴകളുടെ സംരക്ഷണം, പൊതുശ്മശാനം തുടങ്ങിയവ ഇത്തരത്തിൽ സംയുക്ത പദ്ധതികളായി രൂപപ്പെടുത്താൻ കഴിയും. കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത പദ്ധതികൾക്കും പ്രാധാന്യം നല്കണം. എന്നാൽ ഇത്തരം പദ്ധതികളോട് മുഖം തിരിക്കുകയാണ് തദ്ദേശഭരണസ്ഥാപനങ്ങൾ. സംയുക്ത പദ്ധതികൾ രൂപീകരിക്കുന്നതിനായി സർക്കാർ അനുവദിച്ച പ്രത്യേക ഇൻസെന്റീവ് പഞ്ചായത്തുകൾ കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിലും പ്രയോജനപ്പെടുത്തിയില്ല എന്നത് ഖേദകരമാണ്. പ്രാദേശിക ചിന്തകൾക്കും പ്രാദേശിക രാഷ്ട്രീയത്തിനും അതീതമായി വികസനവും സാമൂഹിക ഭദ്രതയും ലക്ഷ്യമാക്കി സമീപ ഗ്രാമപഞ്ചായത്തുകളും അവ ഉൾപ്പെടുന്ന ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

ഈ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ തദ്ദേശസ്വയംഭരണവകുപ്പ് ഏകീകരണം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സംയുക്തപദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് കൂടുതൽ സഹായകരമാകും. ത്രിതലപഞ്ചായത്തുകൾക്കും നഗരസഭകൾക്കും സംയുക്തമായി വലിയ പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുന്നതിന് ഇതിലൂടെ കഴിയും. ഇത്തരത്തിൽ സമഗ്ര-സംയോജിത പദ്ധതികളുടെ രൂപീകരണത്തിന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ മുൻകൈയെടുക്കണം. ഇതിലൂടെ വിഭവങ്ങൾ കൂടുതൽ ജനോപകാരപ്രദമായും നാടിന്റെ സമഗ്രവികസനത്തിനായും വിനിയോഗിക്കാൻ കഴിയണം. പ്രാദേശിക സർക്കാരുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങളിലും ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഇതിനായി നികുതികൾ, ലൈസൻസ് ഫീസ് തുടങ്ങിയവ കുടിശിക യില്ലാതെ പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഏറ്റെടുക്കേണ്ടതുണ്ട്. പുതിയ വരുമാന സ്രോതസുകൾ കണ്ടെത്തുന്നതിനുള്ള സംരംഭങ്ങൾ ഉണ്ടാവണം. തനത് വരുമാനം വർദ്ധിപ്പിച്ചാൽ മാത്രമേ നാടിനാവശ്യമായ വികസന പദ്ധതികൾ രൂപീകരി

ക്കാനും പ്രാദേശിക സർക്കാരുകളുടെ ദൈനംദിന പ്രവർത്തനങ്ങളും മുന്നോട്ടു കൊണ്ട് പോകാനും കഴിയൂ.

സംസ്ഥാനത്തെ മുഴുവൻ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളും സേവന പ്രദാനത്തിൽ അന്താരാഷ്ട്ര നിലവാരം കൈവരിച്ചു കൊണ്ട് ഐ.എസ്.ഒ. അംഗീകാരം നേടിയിരിക്കുന്ന സന്ദർഭത്തിലാണ് പുതിയ ഭരണസമിതികൾ അധികാരത്തിലേറുന്നത്. ഐ.എസ്.ഒ. അംഗീകാരത്തിന്റെ അന്തസ്സത്ത നിലനിർത്തുന്നതിന് പുതിയ ഭരണസമിതികൾ പ്രത്യേകം ശ്രദ്ധ ചെലുത്തണം. സേവനത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങളിൽ എത്തുന്ന പൗരന് ഒന്നിലധികം തവണ കയറിയിറങ്ങേണ്ട സാഹചര്യം ഒരിക്കലും ഉണ്ടാവരുത്. ഇപ്പോൾ സംസ്ഥാനത്തെ 150 ഗ്രാമപഞ്ചായത്തുകളിൽ വിന്യസിച്ചിട്ടുള്ള ILGMS Software പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി എല്ലായിടത്തും വിന്യസിക്കുന്നതോടെ സേവനപ്രദാനത്തിന്റെ കാര്യത്തിൽ വിപ്ലവകരമായ ഒരു മുന്നേറ്റം തന്നെയുണ്ടാകും.

ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ മുൻപരിചയമുള്ളവരും ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടവരും ഉണ്ടാവും. പുതുതായി തിരഞ്ഞെടുക്കപ്പെട്ടവർ മുൻപരിചയമുള്ളവരുടെ അനുഭവങ്ങളെ മാതൃകയാക്കി മുന്നോട്ട് പോകണം. ഒരു മഹാമാരിയുടെ കാലഘട്ടത്തിലാണ് പുതിയ ഭരണസമിതികൾ പ്രാദേശിക സർക്കാരുകളുടെ ഭരണസാരഥ്യം ഏറ്റെടുക്കുന്നത്. കൊവിഡ്-19 മഹാമാരിയുടെ വ്യാപനം തടയുന്നതിനു മാതൃകാപരമായ പ്രവർത്തനങ്ങളാണ് പ്രാദേശിക സർക്കാരുകൾ കാഴ്ച വച്ചത്. ഈ പ്രവർത്തനങ്ങൾ ഇനിയും തുടരേണ്ടതുണ്ട്. പൂർണ്ണമായും രോഗത്തെ പിടിച്ചുകെട്ടുന്നതുവരെ ജാഗ്രത തുടരണം. അതിനായുള്ള പ്രവർത്തനങ്ങളും ഏകോപിപ്പിക്കണം. പ്രളയകാലത്തും തദ്ദേശഭരണ സ്ഥാപനങ്ങൾ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചിരുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഭരണ-പ്രതിപക്ഷങ്ങളില്ല. തിരഞ്ഞെടുക്കപ്പെട്ടവർ എല്ലാം തന്നെ ഭരണസമിതി അംഗങ്ങളാണ്. അതിനാൽ രാഷ്ട്രീയമായോ മറ്റ തരത്തിലോ ഉള്ള യാതൊരു വേർതിരിവിന്റെയും ആവശ്യവുമില്ല. തിരഞ്ഞെടുക്കപ്പെട്ട മുഴുവൻ അംഗങ്ങളും തോളോടുതോൾ ചേർന്ന് നിന്നുകൊണ്ട് നാടിന്റെ വികസനം ലക്ഷ്യമാക്കി മാത്രം പ്രവർത്തിക്കണം. താഴെത്തട്ടിൽ നിന്നുയരുന്ന ആവശ്യാധിഷ്ഠിതമായ വികസനപദ്ധതികളുടെ രൂപീകരണവും നടത്തിപ്പും ലക്ഷ്യമിട്ടാണ് പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നത്. ഈ ശ്രമത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ എത്തി നിൽക്കുമ്പോൾ, കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ ഏറെ മുന്നിലാണെങ്കിലും ഇനിയും പല സാധ്യതകളും നമുക്ക് മുന്നിലുണ്ട്. പുതുതായി ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ ഭരണ സാരഥ്യം ഏറ്റെടുത്ത എല്ലാ ഭരണസമിതി അംഗങ്ങൾക്കും ഒരു സദ്ഭരണ നടത്തിപ്പിനും വിജയകരമായ ഒരു ഭരണകാലത്തിനും ആശംസകൾ നേരുന്നു.

□

ലേഖിക പഞ്ചായത്ത് ഡയറക്ടറാണ്.

നവ കേരള സൃഷ്ടിക്കായി പുതിയ ജനപ്രതിനിധികൾ

■ ഡോ. ജോയ് ഇളമൺ

അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെയും സമോജ്ജ്വല മാതൃകയായ ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷത്തിലാണ് പുതിയ ജനപ്രതിനിധികൾ അധികാരമേറ്റെടുക്കുന്നത്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷങ്ങളിലൂടെ നേടിയ നേട്ടങ്ങൾ നിലനിർത്താനും പുതിയ പ്രശ്നങ്ങളെ നേരിടുവാനും പുതിയ ലോകത്തിനനുസൃതമായ ആവശ്യങ്ങൾ നിറവേറ്റി നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കാനുമുള്ള ദൗത്യവുമായാണവർ സ്ഥാനമേറ്റെടുത്തിരിക്കുന്നത്.

ഇക്കഴിഞ്ഞ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ വിജയശ്രീലാളിതരായി അധികാരം ഏറ്റെടുത്ത എല്ലാ ജനപ്രതിനിധികൾക്കും അഭിനന്ദനങ്ങൾ. ആദ്യമായി തിരഞ്ഞെടുക്കപ്പെട്ടവരും പല തവണ ജനപ്രതിനിധികൾ ആയവരും ഉണ്ട്. 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ. അങ്ങനെ 1107 ത്രിതല പഞ്ചായത്ത് സമിതികളിലേക്കായി 18372 ജനപ്രതിനിധികൾ. 87 മുനിസിപ്പാലിറ്റികളിലും 6 കോർപ്പറേഷനുകളിലുമായി 3536 പേർ. അങ്ങനെ കേരളത്തിലെ ആയിരത്തി ഇരുന്നൂറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 21908 ജനപ്രതിനിധികൾ! 73, 74 ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിലുള്ള തദ്ദേശ ഭരണ സംവിധാനത്തിലെ ആറാമത്തെ ഭരണസമിതികൾക്ക് നേതൃത്വം നല്കുന്നവരാണിവർ. അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെയും സമോജ്ജ്വല മാതൃകയായ ജനകീയാസൂത്രണത്തിന്റെ രജത ജൂബിലി വർഷത്തിലാണ് ഇവർ അധികാരമേറ്റെടുക്കുന്നത്. കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷങ്ങളിലൂടെ നേടിയ നേട്ടങ്ങൾ നിലനിർത്താനും പുതിയ പ്രശ്നങ്ങളെ നേരിടുവാനും പുതിയ ലോകത്തിനനുസൃതമായ ആവശ്യങ്ങൾ നിറവേറ്റി നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കാനുമുള്ള ദൗത്യവുമായാണവർ സ്ഥാനമേറ്റെടുത്തിരിക്കുന്നത്.

ജനകീയാസൂത്രണം ആരംഭിച്ചതിനു ശേഷം തദ്ദേശഭരണ സംവിധാനം ഏറ്റവുമധികം ശക്തിപ്പെടുത്തിയ നാല് വർഷങ്ങളാണ് കടന്നു പോയത്. പ്രാദേശിക വികസന രംഗത്ത് വലിയ മുന്നേറ്റങ്ങൾ സൃഷ്ടിച്ച നാലു വർഷങ്ങളായിരുന്നു അവ. ഭരണഘടനാ ഭേദഗതി കൊണ്ട് മാത്രമായിരുന്നു തദ്ദേശ ഭരണ സംവിധാനം ശക്തിപ്പെടുന്നതെങ്കിൽ ഇന്ത്യയിലെങ്ങും മാറ്റങ്ങളുണ്ടാകേണ്ടിയിരുന്നു. എന്നാൽ അതുണ്ടായില്ല എന്നത് ചരിത്രവും നിലവിലെ യാഥാർത്ഥ്യവും ആണല്ലോ. 1996-ൽ ഇടതു ജനാധിപത്യ മുന്നണി സർക്കാർ ആരംഭിച്ച ജനകീയാസൂത്രണത്തിലൂടെയാണ് ഇന്ന് രാജ്യത്തിന് മാതൃകയാകുന്ന തലത്തിലേക്ക് നമ്മുടെ സംസ്ഥാനത്തെ തദ്ദേശഭരണ സംവിധാനം

ഉയർന്നത്. ഇനി കൂടുതൽ ഉയരത്തിലേക്കുള്ള യാത്രയുടെ നേതൃത്വത്തിലാണ് പുതിയ ജനപ്രതിനിധികൾ എത്തുന്നത്.

കൊവിഡിനെ നേരിടുക

കൊവിഡ് -19 നമ്മെ ഗ്രസിച്ചിരിക്കുന്ന കാലത്താണല്ലോ തിരഞ്ഞെടുപ്പ് നടന്നത്. കഴിഞ്ഞ മാസങ്ങളിൽ എല്ലാം കൊവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങൾക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻതൂക്കം നല്കിയത്. അവരുടെ നേതൃത്വത്തിൽ നടന്നു വന്ന പ്രവർത്തനങ്ങൾ കേരളത്തിന്റെ കൊവിഡ് പ്രതിരോധത്തിൽ നിർണ്ണായകമായിരുന്നു. അതുകൊണ്ട് തന്നെ പുതിയ ഭരണ സമിതിയെ സംബന്ധിച്ചിടത്തോളം ആദ്യ ദൗത്യം കൊവിഡ് – 19 പ്രതിരോധം തന്നെ. പഞ്ചായത്തുതല സമിതികളും വാർഡുതല സമിതികളും ആർ.ആർ.ടികളും പുന സംഘടിപ്പിച്ച് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക തന്നെയാണ് ആദ്യ നടപടി.

ദുരന്തങ്ങൾക്കായി ജാഗ്രത

2018 ലെ പ്രളയം നല്കിയ പാഠത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും ദുരന്തനിവാരണ പദ്ധതി രേഖ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ അതിനിയും മെച്ചപ്പെടുത്താനുണ്ട്. സമഗ്രമാവാനുണ്ട്. കൊവിഡ് അനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ ഉള്ളടക്കം പുനഃസംഘടിപ്പിക്കാനുണ്ട്. ദുരന്ത നിവാരണ രംഗത്ത് സ്ഥായിയായ സംവിധാനം എർപ്പെടുത്തുവാനുള്ള ദീർഘ വീക്ഷണത്തോടെയുള്ള ശ്രമം ആരംഭിക്കണം. രേഖയിൽ ഉൾപ്പെടുത്തുന്ന വിഷയങ്ങൾ നടപ്പിലാക്കുവാനും അടിയന്തിര പ്രതികരണ സംഘം – Emergency Response Team – ERT രൂപീകരിച്ച് പരിശീലനം നല്കി അവരെ സജ്ജമാക്കുവാനും അടിയന്തിര ശ്രദ്ധ പതിയണം. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന പ്രശ്നങ്ങളും ദുരന്ത സാധ്യതകളും പഠിച്ച് പ്രാദേശിക കർമ്മ പദ്ധതിക്ക് രൂപം നല്കാൻ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും മുന്നോട്ട് വരണം.

വാർഷിക പദ്ധതിയിലേക്ക്

2020-21 ലെ വാർഷിക പദ്ധതിയുടെ അവസാന മൂന്നു മാസങ്ങളാണ് മുന്നിലുള്ളത്. തിരഞ്ഞെടുപ്പും കൊവിഡും എല്ലാം വാർഷിക പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ട്. ഇനിയുള്ള കാലയളവിൽ ആ പ്രശ്നങ്ങൾ പരിഹരിച്ച് നിർവ്വഹണം പൂർത്തിയാക്കാൻ നടപടിയെടുക്കണം. ഇതോടൊപ്പം 2021-22 ലേക്കുള്ള വാർഷിക പദ്ധതി രൂപീകരണം ഗൗരവമായി കാണണം. പതിമൂന്നാം പദ്ധതിയുടെ അവസാന വർഷം കൂടിയാണല്ലോ ഇത്. ലക്ഷ്യമിട്ട പരിപാടികൾ പൂർത്തീക രിക്കാനാവണം ശ്രദ്ധ. അതിൽ ഏറെ പ്രധാനം പത്തുണ്ടിന പരിപാടിയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ്. മാലിന്യ നിർമ്മാർജ്ജനത്തിൽ നിന്ന് തന്നെ തുടങ്ങാം. അനിവാര്യ ചുമതലകളിൽ ഒന്നാണല്ലോ മാലിന്യസംസ്കരണം. ഗാർഹിക, വ്യക്തി ശുചിത്വത്തിനോപ്പം പൊതുസ്ഥലങ്ങളിൽ ഉപയോഗ യോഗ്യമായ വൃത്തിയും വെടിപ്പുമുള്ള ശൗചാലയങ്ങളും ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും ഉറപ്പ് വരുത്തണം. ഓരോ പഞ്ചായത്തും ശുചിത്വത്തിന്റെയും മാലിന്യ നിർമ്മാർജ്ജനത്തിന്റെയും ലക്ഷ്യങ്ങൾ കൈവരിച്ചാൽ മാലിന്യമുക്തകേരളം ആയി മാറുമല്ലോ.

വിശപ്പിനോടു വിട

ദാരിദ്ര്യ നിർമ്മാർജ്ജനം തന്നെയാകണം നമ്മുടെ ലക്ഷ്യം. ആദ്യ വർഷം മുതൽ തന്നെ ഇതിനായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയാൽ ഈ ഭരണ സമിതിയുടെ കാലത്ത് തന്നെ ഈ ലക്ഷ്യം കൈവരിക്കാനാവും. ജനകീയ ഹോട്ടൽ ഇനിയും ആരംഭിച്ചിട്ടില്ലാത്തിടത്തു തുടങ്ങുവാനും, മെച്ചപ്പെടുത്താനുമാവണം. അതിലെല്ലാം ഉപരി രൂക്ഷമായ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ ഓരോ വാർഡിലും കണ്ടെത്തി അവരോരുത്തർക്കും വേണ്ടി വ്യക്തമായ മൈക്രോപ്ലാനുകൾ രൂപീകരിച്ച് പ്രവർത്തിക്കണം. പലയിടങ്ങളിലും ഇവരുടെ എണ്ണം കുറവാകാം. എന്നാൽ നമ്മുടെ പ്രദേശത്തു ഒരാളും പട്ടിണിയിൽ ആകരുത് എന്ന ദൃഢനിശ്ചയം ആദ്യം തന്നെ സ്വീകരിക്കണം.

എല്ലാവർക്കും തൊഴിൽ

ഈ കൊവിഡ് കാലത്തും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പപദ്ധതിയും അയ്യൻകാളി നഗര തൊഴിലുറപ്പപദ്ധതിയും ചിട്ടപ്പെടുത്തി നാം നടത്തിയ പ്രവർത്തനം നിരവധി കുടുംബങ്ങളെ പട്ടിണിയുടെ വക്കിൽ നിന്നും രക്ഷിച്ചു. അതിനി കൂടുതൽ ശക്തമായ രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ ഓരോ ജനപ്രതിനിധിയും മുൻകൈ എടുക്കണം. രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 ദിവസം തൊഴിൽ ലഭ്യമാകാനുള്ള ശ്രദ്ധക്കൊപ്പം അത്തരം പണികൾ നാടിനു ഉപകാരപ്രദമാണ് എന്നുറപ്പ് വരുത്തുകയും വേണം. അഭ്യസ്തവിദ്യർക്കായി തൊഴിൽ കണ്ടെത്തുന്നതിനു ഇതിനകം പ്രഖ്യാപിച്ച പ്രാദേശിക തൊഴിലുറപ്പ പദ്ധതി (Local Employment assurance programme) പ്രാവർത്തികമാ കാൻ പുതിയ ഭരണസമിതികൾ ശ്രമം തുടങ്ങണം. പ്രവാസികളെയും ഇതിൽ ഉൾപ്പെടുത്തണം.

സുഭിക്ഷ കേരളം

കൊവിഡ് കാലത്തെ മറ്റൊരു പ്രധാനപ്പെട്ട ഇടപെടൽ ആയിരുന്നു കാർഷിക – അനുബന്ധ മേഖലകളെ കേന്ദ്രീകരിച്ചുള്ള സുഭിക്ഷ കേരളം പദ്ധതി. അത് സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനത്തിനും സ്വയം പര്യാപ്തതയ്ക്കും ഏറെ വിലപ്പെട്ടതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിൽ ഇത് നിർണ്ണായകമാണ്. അതിനു അനുസൃതമായ ആസൂത്രണം ഈ വാർഷിക പദ്ധതി മുതൽ തന്നെ ആരംഭിക്കണം.

തോടുകളും പുഴകളും കുളങ്ങളും വീണ്ടെടുക്കുവാൻ ആവശ്യമായ സമഗ്ര പരിപാടി ഉടൻ ആരംഭിക്കണം. പച്ച തുരുത്തുകൾ നാടെങ്ങും ഉണ്ടാവണം. തുടങ്ങിയവ നിലനിർത്താൻ നടപടി വേണം. എല്ലാവർക്കും വർഷത്തിലുട നീളം സ്ഥായിയായി കുടിവെള്ളം ലഭ്യമാക്കുന്നതിനു ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾ ആരംഭിക്കണം. ഇതിനെല്ലാം ഹരിതകേരളംമിഷനും ജലജീവൻമിഷനും കൃഷി-അനുബന്ധവകുപ്പുകളുമായും ചേർന്ന് പ്രവർത്തിക്കണം. ഇത്തവണത്തെ വാർഷിക പദ്ധതി മുതൽ തന്നെ അവരുടെ എല്ലാം സഹായം തേടണം.

സാമൂഹിക സാംസ്കാരിക മുന്നേറ്റം

പട്ടിക ജാതി- പട്ടിക വർഗ വികസന രംഗത്ത് ഇനിയും ഒരുപാട് മുന്നേറാനുണ്ട്. ഒരു പക്ഷെ ഇതായിരിക്കണം ഈ ഭരണ സമിതിയുടെ പ്രധാന ദൗത്യം. ഇത് ആദ്യമേ തന്നെ തീരുമാനിച്ച പരിപാടികൾ ആസൂത്രണം ചെയ്യണം.

നമ്മുടെ സ്കൂളുകൾ ഇനിയും ശക്തിപ്പെടണം. ആരോഗ്യ സ്ഥാപനങ്ങളും അടുത്ത തലത്തിലേക്ക് ഉയരണം. അതിനായി ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയുമായി ആദ്യം തന്നെ ചർച്ച ചെയ്തു വരും വർഷങ്ങളിലേക്കുള്ള പരിപാടി തയ്യാറാക്കണം. ഇനി ഒരു ഇടപെടൽ കൂടിയായാൽ വീടില്ലാത്ത ഒരാളും കേരളത്തിൽ ഉണ്ടാവില്ല. നമ്മുടെ പഞ്ചായത്തിൽ വീടില്ലാത്ത ആരുമില്ല എന്ന് ഉറപ്പ് വരുത്താനാവണം.

ബാലസൗഹൃദ, ഭിന്നശേഷി സൗഹൃദ, വായോ സൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാകണം കേരളത്തിലെ ഓരോ പ്രദേശവും. അത് വഴി കേരളവും. കേരളത്തിലെ ജനസംഖ്യയിൽ പ്രായമേറിയവരുടെ എണ്ണം വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ ഓരോ പ്രദേശവും വയോജന സൗഹൃദം ആകണം. ഇതിനെല്ലാം അതതു സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പും ചേർന്ന് വിശദമായ പ്രവർത്തന പരിപാടികൾ തയ്യാറാക്കണം. കിലക്കു ഇതിനായി ഏറെ സഹായിക്കാനാവും. ഇത് തന്നെയാണ് ലിംഗ നീതി അടിസ്ഥാനമാക്കി സ്ത്രീ സൗഹൃദപഞ്ചായത്തുകൾ ആകാനുള്ള ശ്രമത്തിലും ഉണ്ടാവേണ്ടത്. ഒരു പക്ഷെ ഈ വാർഷിക പദ്ധതിയിൽ തന്നെ വനിതാ ഘടക പദ്ധതിയെ ഗൗരവമായി കണ്ടു മെച്ചപ്പെടുത്തണം. ഭിന്നലിംഗ വിഭാഗങ്ങളെ ഉൾക്കൊള്ളാനും അവരുടെ ഉന്നമനത്തിനു പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിലേക്കു നാടിനെ മാറ്റിയെടുക്കുവാൻ ഇനി വരുന്ന അഞ്ചു വർഷങ്ങൾക്കാകണം.

കേരളത്തിന്റെ വികസനത്തിൽ കലാസാംസ്കാരിക മേഖലയ്ക്കുള്ള പങ്കു നിസ്തർക്കമാണ്. അവയെ പരിപോഷിപ്പിക്കുവാൻ വാർഷിക പദ്ധതിയിലൂടെ കഴിയും. കായിക രംഗവും മെച്ചപ്പെടുത്തണം.

ഗുണമേന്മയിലൂന്നിയ സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും

സാധാരണ ഗതിയിൽ റോഡുകൾ പഞ്ചായത്തുകളുടെ മുഖ്യ അജണ്ട ആകാറുണ്ട്. എന്നാൽ അതിലുപരി അവയുടെ ഗുണനിലവാരം ഉയർത്താനുള്ള സമഗ്ര ഇടപെടൽ ആവശ്യമാണ്.

സേവനങ്ങളിലെ ഗുണമേന്മ ഉയർത്താനുള്ള ശ്രമങ്ങളുടെ ഭാഗമായുള്ള ഇടപെടലിലൂടെ നമ്മുടെ പഞ്ചായത്തുകൾ എല്ലാം ISO സർട്ടിഫിക്കറ്റ് നേടിക്കഴിഞ്ഞുവല്ലോ. ഇനി അടുത്ത തലത്തിലേക്ക് നീങ്ങാൻ ആവണം. സേവനങ്ങൾ വാതിൽ പടിയിലോ മുറിയിൽ തന്നെയോ എത്തിക്കുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങണം. പുതിയ കാലത്തിനു അനുസൃതമായ രീതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നയിക്കുവാൻ പുതിയ ഭരണസമിതികൾ തയ്യാറാവണം.

വരും തലമുറകൾക്കായി

പരിസ്ഥിതിയും ജൈവ വൈവിധ്യവും കാലാവസ്ഥ വ്യതിയാനവും എല്ലാം പരിഗണിക്കുന്ന ഒരു വർക്കിംഗ് ഗ്രൂപ്പ് ഓരോ പഞ്ചായത്തിലും ഉണ്ട്. അതിലൂടെ ഈ വാർഷിക പദ്ധതി മുതൽ തന്നെ ദീർഘവീക്ഷണമുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. എല്ലാ ഗ്രാമപഞ്ചായത്തുകളും കാർബൺ ന്യൂട്രൽ ആക്കാനാവുമോ?കാലാവസ്ഥാ വ്യതിയാനത്തെ നേരിടാനുള്ള കർമ്മ പദ്ധതി തയ്യാറാക്കാനാവുമോ? വൈദ്യുതി ചെലവു കുറയ്ക്കുന്നതിനു വേണ്ടി ഊർജ്ജക്ഷമത കൂടിയ ബൾബുകൾ, ഉപകരണങ്ങൾ തുടങ്ങിയവയിലേക്ക് നാട് മാറാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനാവുമോ? ദുരന്ത നിവാരണ പദ്ധതി മെച്ചപ്പെടുത്താനാവുമോ? ഇവയെ ല്ലാം പഞ്ചവത്സര പദ്ധതിയിലും വാർഷിക പദ്ധതിയിലും ഉൾചേർക്കണം.

ശക്തമായ കുടുംബശ്രീ, ശക്തമായ പഞ്ചായത്ത്

പ്രാദേശിക സാമ്പത്തിക വികസനത്തിനും സ്ത്രീ ശാക്തീകരണത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും കുടുംബശ്രീക്കുള്ള പങ്കു വളരെ പ്രധാനമാണ്. തദ്ദേശഭരണ സംവിധാനത്തിന്റെ വലിയ കുടക്കീഴിൽ ആണ് അവ പ്രവർത്തിക്കുക. എന്നാൽ സ്വതന്ത്രമാണത്. പ്രാദേശിക ഭരണം ജനകീയവും ശക്തവുമാക്കുന്നതിൽ നിർണ്ണായക പങ്കാണു കുടുംബശ്രീക്കുള്ളത്. ഈ ഭരണസമിതിയുടെ കാലത്ത് കുടുംബശ്രീ നാട്ടിൽ കൂടുതൽ ശക്തമാക്കാനുള്ള നടപടികൾ കൈക്കൊള്ളാനാകണം.

സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി മുന്നോട്ട്

2030 ൽ നേടേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഏറിയ പങ്കും സാക്ഷാത്കരിക്കപ്പെടേണ്ടത് താഴെ തട്ടിൽ ആണ്. പഞ്ചായത്തുകൾക്ക് അതിൽ നിർണ്ണായകമായ പങ്കാണുള്ളത്. വിവിധ വകുപ്പുകളും ഏജൻസികളും മറ്റു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒത്തു ചേർന്നുള്ള സമഗ്ര സംയോജിത പരിപാടികൾക്ക് ആദ്യം തന്നെ തുടക്കം കുറിക്കണം. ഓരോ ലക്ഷ്യങ്ങളിലും 2025 ആകുമ്പോഴേക്കും നേടേണ്ടവ എന്തെന്ന് തീരുമാനിച്ച് അതിനായുള്ള പ്രവർത്തന പരിപാടികൾ വാർഷിക പദ്ധതിയിലും പഞ്ചവത്സര പദ്ധതിയിലും ഉൾപ്പെടുത്തണം.

ഇവയൊക്കെ ജനപങ്കാളിത്തത്തോടെ മാത്രമേ നടപ്പിലാക്കാനാവൂ. ജനകീയതയും സുതാര്യതയും ഉറപ്പുവരുത്തി ഗ്രാമസഭകളെ ശക്തവും ഫലപ്രദവുമാക്കാൻ ജനപ്രതിനിധികൾ ആത്മാർത്ഥമായ ശ്രമം നടത്തേണ്ടതുണ്ട്.

തുടക്കമെന്ന നിലയിൽ ആലോചിക്കാനുള്ള ചില കാര്യങ്ങളാണ് ഇവിടെ സൂചിപ്പിച്ചത്. ഇവ ആസൂത്രണം ചെയ്യുന്നതിന് വേണ്ട കാര്യശേഷി വികസിപ്പിക്കുന്നതിൽ കിലക്ക് നിർണ്ണായക സഹായമെത്തിക്കാനാവും. പ്രളയവും കൊവിഡും മറ്റുമുയർത്തിയ വെല്ലുവിളികളെ മറികടന്നു കൊണ്ട് പുതിയ കേരളം സൃഷ്ടിക്കുവാൻ നമുക്കാവണം. നവകേരള സൃഷ്ടിക്കായി പുത്തൻ പഞ്ചായത്തിരാജും എന്നതാവട്ടെ നമ്മുടെ മുദ്രാവാക്യം. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷം അങ്ങനെ ഒരു പുതിയ യാത്രയ്ക്ക് തുടക്കം കുറിക്കട്ടെ. □

ലേഖകൻ കില ഡയറക്ടർ ജനറൽ ആണ്.



ചെലവു കണക്കും സ്വത്തുവിവരവും നൽകേണ്ടതെപ്പോൾ

■ കെ.ടി. ജോർജ്

തദ്ദേശ ഭരണസ്ഥാപനത്തിലെ ഒരംഗം തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്ത് അധികാരമേറ്റെടുക്കാതിരിക്കുകയോ തിരഞ്ഞെടുപ്പ് ചെലവുകണക്കോ സ്വത്തുവിവരം സംബന്ധിച്ച പത്രികയോ നിശ്ചിത സമയപരിധിക്കകം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാതിരിക്കുകയോ ചെയ്യുന്നത് അയോഗ്യതയ്ക്ക് കാരണമാകുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗത്തിന് മനഃപൂർവമല്ലാത്ത വീഴ്ച കൊണ്ടല്ലെങ്കിലും ചില സംഗതികളിൽ അംഗമായി തുടരുന്നതിന് അയോഗ്യത ഉണ്ടായേക്കാം. സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാതിരിക്കൽ, തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നൽകാതിരിക്കൽ, സ്വത്തുവിവരത്തെ സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകാതിരിക്കൽ എന്നിവ മൂലമുണ്ടാകുന്ന അയോഗ്യതയാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്.

സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാതിരിക്കൽ

വോട്ടെണ്ണലിനുശേഷം ഒരാൾ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കുന്ന തീയതി മുതൽ ഏറ്റവും കൂടിയത് 30 ദിവസത്തിനുള്ളിൽ മതിയായ കാരണങ്ങളില്ലാതെ സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്തു സ്ഥാനം ഏറ്റെടുക്കാത്ത പക്ഷം അദ്ദേഹം തന്റെ സ്ഥാനം സ്വമേധയാ ഒഴിഞ്ഞതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാ

പിക്കുന്നതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 152 -ാം വകുപ്പ് (5) -ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒരു കൗൺസിലറുടെ കാര്യത്തിൽ അങ്ങനെ സ്വമേധയാ ഒഴിഞ്ഞതായി പ്രഖ്യാപിക്കുവാനുള്ള അധികാരം കേരള മുനിസിപ്പാലിറ്റി ആക്ട് 143-ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ പ്രകാരം 30 ദിവസം കണക്കാക്കുന്നത്, മത്സരമില്ലാതെ ഒരാൾ തിരഞ്ഞെടുക്കപ്പെടുന്ന സാഹചര്യങ്ങളിൽ അതായത് ഒരു നിയോജകമണ്ഡലത്തിലേക്ക് ഒരു സ്ഥാനാർത്ഥി മാത്രമേ ഉള്ളൂവെങ്കിൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതായി വരണാധികാരി പ്രഖ്യാപിക്കുന്ന ദിവസം മുതലായിരിക്കും. സത്യപ്രതിജ്ഞയോ ദൃഢപ്രതിജ്ഞയോ ചെയ്യാതിരിക്കുന്നതിന് മതിയായ കാരണങ്ങളുണ്ടോയെന്നത് ഓരോ കേസിന്റെയും പ്രത്യേകം സാഹചര്യം നോക്കിയാണ് തീരുമാനിക്കുന്നത്.

തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ബോധിപ്പിക്കാതിരിക്കൽ

തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഏതൊരു സ്ഥാനാർത്ഥിയും താൻ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതിയ്ക്കും തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിക്കപ്പെടുന്ന തീയതിക്കും (രണ്ടു തീയതികളും ഉൾപ്പെടെ) ഇടയിൽ തിരഞ്ഞെടുപ്പ് സംബന്ധമായി താനോ തന്റെ തിരഞ്ഞെടുപ്പ് ഏജന്റോ വഹിച്ചതോ അധികാരപ്പെടുത്തിയതോ ആയ എല്ലാ ചെലവുകളുടെയും കണക്ക് സ്ഥാനാർത്ഥിയോ സ്ഥാനാർത്ഥിയുടെ തിരഞ്ഞെടുപ്പ് ഏജൻറ് മുഖേനയോ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരമുള്ള തിരഞ്ഞെടുപ്പ് ചെലവുകളുടെ ഒരു കണക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഏതൊരു സ്ഥാനാർത്ഥിയും ഈ ആവശ്യത്തിലേക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് ആക്ട് 86-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 142-ാം വകുപ്പും കാണുക.) മേൽപ്പറഞ്ഞ പ്രകാരമുള്ള 30 ദിവസം കണക്കാക്കുന്നത് വരണാധികാരി ഒരു സ്ഥാനാർത്ഥി തിരഞ്ഞെടുക്കപ്പെട്ടതായി പ്രഖ്യാപിക്കുന്ന തീയതി മുതലാണ്. ഇപ്രകാരം 30 ദിവസത്തിനുള്ളിൽ തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുകയോ, വീഴ്ച വരുത്തിയതിന് മതിയായ കാരണങ്ങൾ ഇല്ലെങ്കിലോ, ബോധിപ്പിച്ച കണക്കുകൾ കുറവാണെന്നോ നിർണ്ണയിക്കപ്പെട്ട പരിധിയിൽ കൂടുതൽ ചെലവ് ചെയ്തിട്ടുണ്ടെന്നോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ബോധ്യപ്പെടുന്നുവെങ്കിൽ അങ്ങനെയുള്ള ഒരാളെ അയോഗ്യനാക്കാവുന്നതും കമ്മീഷന്റെ ഉത്തരവ് തീയതി മുതൽ അഞ്ച് വർഷക്കാലത്തേക്ക് അങ്ങനെയുള്ള ആൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗമായിരിക്കുവാനോ അംഗമായി തിരഞ്ഞെടുക്കപ്പെടുന്നതിനോ അയോഗ്യത ഉണ്ടായിരിക്കുന്നതാണ്. വരണാധികാരി പ്രസിദ്ധീകരിക്കുന്ന, മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ 6-ാം നമ്പർ ഫോറത്തിൽ പേരുള്ള ഏതൊരാളും തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ സമർപ്പിക്കേണ്ടതാണ്. 6-ാം നമ്പർ ഫോറത്തിൽ പേരുള്ള ഒരാൾ താൻ അതിനുശേഷം മത്സരത്തിൽ നിന്നും സ്വയം പിന്മാറിയാൽ പോലും തിരഞ്ഞെടുപ്പ് ചെലവ് കണക്ക് നൽകിയിട്ടില്ലെങ്കിൽ അയോഗ്യനാക്കപ്പെടാവുന്നതാണ്. തിരഞ്ഞെടുപ്പ് ചെലവുകളുടെ കണക്ക് എൻ- 30-ാം നമ്പർ ഫോറത്തിലാണ് നൽകേണ്ടത്. ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയുടെ കാര്യത്തിൽ ജില്ലാ കളക്ടർക്കും ആണ് തിരഞ്ഞെടുപ്പ് ചെലവ് കണക്കുകൾ സമർപ്പിക്കേണ്ടത്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ യഥാക്രമം 25,000, 75,000, 1,50,000 രൂപയും മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയിൽ യഥാക്രമം 75,000, 1,50,000 രൂപയും ആണ് സ്ഥാനാർത്ഥികൾക്ക് ചെലവാക്കാൻ കഴിയുന്ന പരമാവധി തുക.

സ്വത്ത് വിവരം സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകാതിരിക്കൽ

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 159 -ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ട് 143 എ വകുപ്പും പ്രകാരം ഒരു അംഗം അല്ലെങ്കിൽ കൗൺസിലർ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ 30 മാസത്തിനകം നിശ്ചിത ഫോറത്തിൽ തന്റെയും തന്റെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും സ്വത്തുക്കളുടെയും ബാധ്യതകളുടെയും സ്റ്റേറ്റ്മെന്റ് സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സ്വത്തു വിവരം സമർപ്പിക്കാതിരിക്കുന്ന ഏതൊരു അംഗത്തെയും അല്ലെങ്കിൽ കൗൺസിലറെയും അതതു സംഗതി പോലെ കേരള പഞ്ചായത്ത് രാജ് 36(1)(q) വകുപ്പ് പ്രകാരമോ കേരള മുനിസിപ്പാലിറ്റി ആക്ട് 91(1)(p) വകുപ്പ് പ്രകാരമോ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അയോഗ്യനാക്കാവുന്നതാണ്. അങ്ങനെ അയോഗ്യനാക്കപ്പെടുന്ന അംഗമോ അല്ലെങ്കിൽ കൗൺസിലറോ പ്രസ്തുത പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ കാലാവധിയുടെ അത്രയും കാലം അയോഗ്യനായിരിക്കുന്നതാണ്. മുകളിൽ പറഞ്ഞ വകുപ്പുകൾ പ്രകാരം ഒരു അംഗമോ കൗൺസിലറോ ആസ്തി ബാധ്യത സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് നിശ്ചിത സമയത്തിനകം നൽകാതിരുന്നാൽ മാത്രമേ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അങ്ങനെയുള്ള ആളിനെ അയോഗ്യനായി പ്രഖ്യാപിക്കുകയുള്ളൂ. (Karthikeyan P.T. v. Kerala State Election Commission, 2008 ICO 7203 : 2008 (3) KLJ 341 : 2008(4) KLT 63). ഒരംഗമോ അല്ലെങ്കിൽ കൗൺസിലറോ കളവായതോ കളവാണെന്ന് താൻ അറിയുകയോ വിശ്വസിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നുവെങ്കിൽ അപ്രകാരം കളവായി വിവരം നൽകിയ ആളിന്റെ പേരിൽ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള മറ്റ് നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്. ആസ്തിബാധ്യതകളുടെ സ്റ്റേറ്റ്മെന്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് വെറുതെ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗിൽ അയച്ചു കൊടുക്കുന്നത് മേൽപ്പറഞ്ഞ വ്യവസ്ഥകളുടെ ആവശ്യത്തിലേക്ക് മതിയാകുന്നതല്ല. (Faisal C.P. v. Kerala State Election Commission ; 2009 ICO 1587 : 2010(1) KHC 32) ആയതിനാൽ സ്വത്തുവിവരം സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് നൽകിയിട്ടില്ല എന്ന കാരണത്താൽ അയോഗ്യത ഉണ്ടായി എന്ന കാര്യത്തിൽ വല്ല കേസും ഉത്ഭവിക്കുന്ന സംഗതിയിൽ അതിനെ പ്രതിരോധിക്കുവാൻ മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. □

ലേഖകൻ ലോക്കൽ ഗവൺമെന്റ് കമ്മീഷനിൽ ലീഗൽ കൺസൾട്ടന്റാണ്.

ചില പുത്തൻ വികസന ചിന്തകൾ

■ **ഹുസൈൻ എം. മിന്നത്ത്**

വാർഷിക ബഡ്ജറ്റുകളിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഏകദേശം 25% തുകയും പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തുമ്പോൾ അവരാകട്ടെ ഏകദേശം 20,000 കോടി രൂപക്കുള്ള മൂന്ന് ലക്ഷത്തിലധികം പദ്ധതികളാണ് ഓരോ വർഷവും രൂപം നൽകുന്നതും നിർവ്വഹണം നടത്തുന്നതും എന്ന് പറയുമ്പോൾ തന്നെ പ്രാദേശികവികസനത്തിനുമൊക്കെ അപ്പുറം സംസ്ഥാനത്തിന്റെ വികസനത്തിൽപോലും പ്രാദേശികസർക്കാരുകൾ വളരെ വലിയ പങ്കാണ് വഹിക്കുന്നതെന്നു വ്യക്തമാണ്

ലോകത്തെ മിക്കരാജ്യങ്ങളും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളും സ്വീകരിച്ചതിൽ നിന്നും ഏറെക്കുറെ വ്യത്യസ്തമായ കേരളത്തിന്റെ ജനകീയ വികസനതന്ത്രത്തിന് കാൽ നൂറ്റാണ്ടിന്റെ ചരിത്രമാണുള്ളത്. 941 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും 87 മുൻസിപ്പാലിറ്റി കൾക്കും 6 കോർപ്പറേഷനുകൾക്കും 14 ജില്ലാ പഞ്ചായത്തുകൾക്കും അങ്ങനെ 1200 ഓളം വരുന്ന പ്രാദേശിക സർക്കാരുകൾക്ക് ധനവും അധികാരവും ചുമതലകളും സ്ഥാപനങ്ങളും ഉദ്യോഗസ്ഥരെയും വിട്ടുനൽകിക്കൊണ്ട് പൂർണ്ണമായ സ്വയം ഭരണാധികാരം നൽകി നടപ്പിലാക്കിയ ഈ ജനപങ്കാളിത്തവികസന മാതൃകയിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന 21900 ജനപ്രതിനിധികൾക്കൊപ്പം പൊതുജനങ്ങളും പങ്കാളികളായപ്പോൾ ചരിത്രപരമായി തന്നെ കേരളം ഒരു വഴികാട്ടിയായി മാറുകയായിരുന്നു. നമ്മുടെ സംസ്ഥാനം സാമ്പത്തിക, സാമൂഹ്യ, ആരോഗ്യ, വിദ്യഭ്യാസ, ഉൽപാ ദന, വ്യാവസായിക, സേവന, മാനവവികസനമടക്കമുള്ള ഏതൊരുമേഖലയിലും നടത്തിയിട്ടുള്ള മുന്നേറ്റങ്ങളിൽ ഈയൊരു സമവാക്യം നമുക്ക് ദർശിക്കാനാവും. വാർഷിക ബഡ്ജറ്റുകളിൽ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ ഏകദേശം 25% തുകയും പ്രാദേശിക സർക്കാരുകൾക്ക് വകയിരുത്തുമ്പോൾ അവരാകട്ടെ ഏക ദേശം 20,000 കോടി രൂപക്കുള്ള മൂന്ന് ലക്ഷത്തിൽ അധികം പദ്ധതികളാണ് ഓരോ വർഷവും രൂപം നൽകുന്നതും നിർവ്വഹണം നടത്തുന്നതും എന്ന്പറയുമ്പോൾ തന്നെ പ്രാദേശികവികസനത്തിനുമൊക്കെ അപ്പുറം സംസ്ഥാനത്തിന്റെ വികസനത്തിൽപോലും പ്രാദേശിക സർക്കാരുകൾ വളരെ വലിയ പങ്കാണ് വഹിക്കുന്നതെന്നു വ്യക്തമാണ്. രാജ്യവ്യാപകമായി നമ്മുടെ വികേന്ദ്രീകൃതാസൂത്രണ മാതൃക 2017 മുതൽ ഗ്രാമപഞ്ചായത്ത് വികസനപദ്ധതി (GPDP) എന്ന പേരിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുമ്പോൾ പുതുതായി

അധികാരത്തിലേറുന്ന പ്രാദേശിക സർക്കാരുകളും ജനപ്രതിനിധികളും കൃത്യമായ കാഴ്ചപ്പാടോടെ വേണം വികസനഅജണ്ടകൾക്ക് രൂപം നൽകേണ്ടത്.

ജനകീയപദ്ധതിഎന്നനിലയിൽ 1996 ൽ ഒമ്പതാം പഞ്ചവത്സര പദ്ധതിയിൽ തുടക്കം കുറിച്ച 'ജനകീയാസൂത്രണം' ഇന്ന് പതിമൂന്നാം പഞ്ചവൽസര (2017-22) പദ്ധതിയുടെ അവസാന വർഷങ്ങളിൽ എത്തിനിൽക്കുമ്പോൾ നാളിതുവരെ ആർജ്ജിച്ചെടുത്ത കരുത്തുമായി അത് രണ്ടാംഘട്ടത്തിൽ പ്രവേശിച്ചിരിക്കുകയാണ്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ ചില പോരായ്മകൾ കണ്ടെത്താമെങ്കിലും ഇക്കാലയളവിനുള്ളിൽ പ്രാദേശിക സർക്കാരുകൾ ഏറ്റെടുത്തു നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലപ്രാപ്തിയിലും ഭൗതിക നേട്ടങ്ങളിലും ആർക്കും തന്നെ വലിയ തർക്കങ്ങൾ കാണില്ല. ജീവനോപാധി മെച്ചപ്പെടുത്തൽ, തൊഴിലില്ലായ്മക്ക് പരിഹാരം, വിദ്യഭ്യാസം, ആരോഗ്യം, വനിതാ ശാക്തീകരണം, പട്ടികജാതിവർഗ്ഗ വികസനം, വയോജന-യുവജന-ശിശുക്ഷേമം, കുടിവെള്ളം, പാർപ്പിടം, ശുചിത്വം, അടിസ്ഥാനവികസനം, ഉത്പാദന, വ്യവസായ, സേവന മേഖല വികസനം തുടങ്ങി എല്ലാ മേഖലകളിലും നാം നേടിയെടുത്ത നേട്ടങ്ങളെയും വികസനത്തെയും സുസ്ഥിരമായും സ്ഥായിയായും നിലനിർത്തിക്കൊണ്ട് കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയ കാലത്തിന്റേതായ വെല്ലുവിളികളെ നേരിടാൻ സുസജ്ജവും പര്യാപ്തവുമാക്കുന്നതോടൊപ്പം തന്നെ സമയബന്ധിതമായും കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതലസ്പർശിയായും പദ്ധതിരൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്ന തരത്തിലുള്ള ചില ചുവടുവെയ്പുകളും കഴിഞ്ഞകാല ന്യൂനതകൾ പരിഹരിച്ചു കൊണ്ടുള്ള ഒരു മുന്നേറ്റവുമാണ് ലോകം ശ്രദ്ധിച്ച കേരളത്തിന്റെ വികസന മാതൃകയുടെ രണ്ടാം ഘട്ടത്തിൽ "നവകേരളത്തിന് ജനകീയാസൂത്രണം" എന്നതിലൂടെ നാം ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ പുതിയ നേതൃത്വവും ഭരണസമിതികളും കുട്ടിവായിക്കേ ണ്ടതും മുൻകൂട്ടി കാണേണ്ടതുമായ ചിലതുണ്ട്.

കൊവിഡാനന്തര നവകേരള നിർമ്മാണം

2018 ലും 2019 ലും പ്രളയവും 2020 ൽ കൊവിഡ് മഹാമാരിയും സംസ്ഥാനത്ത് ആഞ്ഞടിച്ചപ്പോൾ വികസിതരാജ്യങ്ങൾ ഉൾപ്പെടെ പലരും പകച്ചുനിന്നപ്പോഴും അതിനെതിരെ പ്രാദേശിക സർക്കാരുകൾ തീർത്ത ജനകീയപ്രതിരോധം ലോകം കണ്ടതാണ്. ജനങ്ങളുടെ ജീവനോപാധികളും തൊഴിലും തൊഴിൽ സംരംഭങ്ങളെയും എന്തിന് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ സാമ്പത്തിക മേഖലയെ ആകമാനം കൊവിഡും തുടർന്നുണ്ടായ ലോക്ക്ഡൗണും കാര്യമായി തന്നെ ബാധിക്കുകയുണ്ടായി. പ്രാദേശിക വികസന പ്രവർത്തനത്തിനായി വകയിരുത്തിയ കോടികൾ കൊവിഡ് പ്രതിരോധത്തിനും അതിജീവനത്തിനുമായി ചെലവഴിക്കുകയുണ്ടായി. സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിരുന്ന ലക്ഷക്കണക്കിന് പ്രവാസികളുടെ തിരിച്ചുവരവും തൊഴിലില്ലായ്മയും പുതിയഭരണസമിതികൾക്ക് മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി തന്നെയാണ്. കൊവിഡാനന്തര നവകേരള സൃഷ്ടി തന്നെയായിരിക്കും പുതുതായി ചുമതലയേൽക്കുന്ന പ്രാദേശിക സർക്കാരുകൾക്ക് മുമ്പിൽവരുന്ന ഏറ്റവും പ്രധാന വെല്ലുവിളി. നൂതനമായ ആശയങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതായിരിക്കുന്നു. ആഗോളതലത്തിൽ തന്നെ കൊവിഡ് മഹാമാരിയെ നേരിടുന്നതിൽ പലതന്ത്രങ്ങളും പരീക്ഷിച്ചെങ്കിലും ഒരുപരിധിയെങ്കിലും വിജയം കണ്ടത് പ്രാദേശികമായി നടത്തിയ പ്രതിരോധ പ്രവർത്തനങ്ങളാണ്. കേരളം പ്രാദേശിക സർക്കാരുകളെ മുൻനിർത്തി നടത്തിയ പ്രവർത്തനങ്ങൾ ലോകം മുഴുവൻ വലിയ രീതിയിൽ ചർച്ചചെയ്യപ്പെടുകയും ആഗോള സമ്പദ്ക്രമം തന്നെ പ്രാദേശിക സാമ്പത്തിക (localisation) ക്രമത്തെകുറിച്ച് ചിന്തിക്കുന്നതിനും ഈ മഹാമാരി വഴിവെച്ചിട്ടുണ്ട്. ഈയൊരു ചട്ടക്കൂടിൽ വിശാലമായ കാഴ്ചപ്പാടോടു കൂടിവേണം പ്രാദേശികസർക്കാരുകൾ പദ്ധതിയെയും ആസൂത്രണത്തെയും സമീപിക്കുവാൻ .

പതിനാലാം പദ്ധതി (2022- 27) മുന്നൊരുക്കപ്രവർത്തനങ്ങൾ

പുതിയ സമിതികളുടെ ആദ്യവർഷം തന്നെ പതിനാലാം പദ്ധതിയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾ ആരംഭിക്കേണ്ടതായിട്ടുണ്ട്. കാൽനൂറ്റാണ്ടിന്റെ കരുത്തുമായി ജനകീയാസൂത്രണം രണ്ടാംഘട്ടത്തിലേക്ക് കടക്കുമ്പോൾ ആരോഗ്യ വിദ്യഭ്യാസ മാനവ സാമ്പത്തിക സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിവിധമേഖലകളിൽ കഴിഞ്ഞകാലങ്ങളിൽ നാം നേടിയെടുത്തിട്ടുള്ള അടയാളപ്പെടുത്തലുകളും നേട്ടങ്ങളും സുസ്ഥിരമായും സ്ഥായിയായും നിലനിർത്തിക്കൊണ്ട് കേരളത്തിന്റെ ജനകീയ വികസന മാതൃകയെ പുതിയകാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ പറ്റുന്ന രീതിയിൽ പ്രാപ്തമാക്കേണ്ടതും വികസന പ്രശ്നങ്ങളെ കേവലം പ്രാദേശികതലത്തിനും അപ്പുറം വിശാലമായ കാഴ്ചപ്പാടിൽ തന്നെ നോക്കിക്കാണാൻ സജ്ജമാക്കേണ്ടതായിട്ടുമുണ്ട്. സംസ്ഥാനത്തെ ആകെ ബാധിക്കുന്ന പ്രശ്നങ്ങളായ ദുരന്തനിവാരണം, മാലിന്യസംസ്കരണം, കുടിവെള്ളം, നഗരവൽക്കരണം, വയോജനസംരക്ഷണം, അടിസ്ഥാന സൗകര്യവികസനം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും രണ്ടാം തലമുറ ഉയർത്തുന്ന പ്രശ്നങ്ങളും (Second generation issues) പരിഹരിക്കാൻ പറ്റുന്ന തലത്തിലേക്ക് നമ്മുടെ പ്രാദേശിക സർക്കാരുകൾ വളർന്നിട്ടുണ്ട്. അതിനാൽ തന്നെ മാറിമാറി വരുന്ന സാഹചര്യത്തിനും കാലഘട്ടത്തിനും അനുസരിച്ച് പ്രാദേശികസർക്കാരുകളുടെ ഇടപെടലുകളും ഉത്തരവാദിത്തങ്ങളും ചുമതലകളും ചലനാത്മകവും അതിവിശാലവും ആകുന്ന രീതിയിൽ ബഹുതല ആസൂത്രണതലത്തിലേക്ക് കാര്യങ്ങളെ നോക്കിക്കാണുന്നതിന് അവരെ സജ്ജരാക്കേണ്ടതാണ്. മുൻകാലത്ത് സംഭവിച്ച ന്യൂനതകൾ പരിഹരിച്ചു കൊണ്ട് സമയബന്ധിതമായും കൂടുതൽ ഗുണകരവും ഫലപ്രദവും സർവ്വതലസ്പർശിയായും പദ്ധതി രൂപീകരണവും നിർവ്വഹണവും സാധ്യമാക്കുന്ന തരത്തിലുള്ള ചില ചുവടുവെയ്പുകൾ നടത്താൻ പ്രാദേശിക സർക്കാരുകളെ സജ്ജമാക്കി എടുക്കേണ്ടതും പുതിയ ഭരണസമിതികൾക്ക് മുമ്പിലുള്ള വെല്ലുവിളി തന്നെയാണ്.

ജില്ലാപദ്ധതികളും സംയോജിത വികസനസാധ്യതകളും

ജില്ലയിലെ മുഴുവൻ വികസന പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുകയും പ്രാദേശിക സർക്കാരുകളുടെ വാർഷികപദ്ധതികൾക്ക് അംഗീകാരം നൽകുന്നതും പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതും ഭരണഘടനാ സമിതി കൂടിയായ ജില്ലാ പ്ലാനിംഗ് കമ്മറ്റികളാണ് (District Planning Committee). DPC കളുടെ നേതൃത്വത്തിൽ ജില്ലകളുടെ സമഗ്ര വികസനത്തിന് ഒരു സംയോജിത സമീപനം കൈകൊള്ളുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും 2018 ൽ തന്നെ ജില്ലാ പദ്ധതി

കൾക്ക് (District Plan) രൂപം നൽകിയിട്ടുണ്ട്. പ്രാദേശികവും ധനപരവും വകുപ്പുതലത്തിലുമുള്ള വികസന സാധ്യതകളും ബഹുതല ആസൂത്രണ സാധ്യതകളും സമന്വയിപ്പിച്ചു കൊണ്ടുള്ള സമഗ്രമായ ഒരു വികസന കാഴ്ചപ്പാടാണ് ജില്ലാപദ്ധതികൾ മുന്നോട്ടുവയ്ക്കുന്നത്. വിവിധതലത്തിലുള്ള പ്രാദേശിക സർക്കാരുകളുടെയും വകുപ്പുകളുടെയും വിവിധപദ്ധതികളുടെ സംയോജനം പ്രോത്സാഹിപ്പിക്കുവാനും പുതിയ വികസന സാധ്യതകൾ നിർവ്വഹണ യോഗ്യമാക്കുന്നതിനും ജില്ലാ പദ്ധതികൾ ലക്ഷ്യംവയ്ക്കുന്നു. മാറിമാറിവരുന്ന സാഹചര്യത്തിനനുസരിച്ച് പണ്ടു മുതലേ പിൻതുടരുന്ന പദ്ധതി രൂപീകരണ നിർവ്വഹണ രീതിയിൽ നിന്നും മാറി ചിന്തിക്കേണ്ടതിന്റെ സാധ്യതകളും ഇത് മുന്നോട്ട് വയ്ക്കുന്നുണ്ട്. പ്രാദേശിക സർക്കാരുകൾ വലിയ ഭൗതിക നേട്ടമില്ലാത്ത ചെറിയ ചെറിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനു പകരം ജില്ലക്ക് മുഴുവൻ ഗുണം ലഭിക്കുന്ന സംയോജിത സാധ്യതകളുള്ള വലിയ പദ്ധതികൾ കണ്ടെത്താൻ കൂടി പുതിയതായി വരുന്ന ഭരണസമിതികൾക്ക് സാധിച്ചാൽ അത് വലിയൊരു മാറ്റത്തിന്റെ തുടക്കമായിരിക്കും. ഇത്തരം സംയോജിത പദ്ധതികളുടെ രൂപീകരണത്തിനും പഠനത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കുന്നതിനാവശ്യമായ പിന്തുണ സംവിധാനം ജില്ലാ ആസൂത്രണസമിതികൾക്കും പ്രാദേശിക സർക്കാരുകൾക്കും നൽകുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ റിസോഴ്സ് സെന്ററുകൾ (District Resources centre) 2019 ൽ സ്ഥാപിതമായിട്ടുണ്ട്. ഈ സാധ്യതകൾ കൂടി വികസന അജണ്ടകൾ രൂപീകരിക്കുമ്പോൾ പ്രാദേശിക സർക്കാരുകളുടെ ശ്രദ്ധയിൽ ഉണ്ടാകേണ്ടതാണ് .

ദുരന്ത നിവാരണ പദ്ധതികളുടെ നിർവ്വഹണം

കാലാവസ്ഥ വ്യതിയാനം മൂലവും അടിക്കടിയുണ്ടാവുന്ന പ്രകൃതിദുരന്തരങ്ങളും പരിസ്ഥിതി ലോല പ്രദേശങ്ങളുടെ സാന്നിധ്യവുമെല്ലാം സംസ്ഥാനത്തെ ദുരന്തസാധ്യതയുള്ള പ്രദേശമായി നിലർത്തുകയാണ്. ദുരന്തങ്ങൾക്ക് പ്രാദേശികസ്വഭാവം ചിലപ്പോഴെങ്കിലും ഉണ്ടാകാറുണ്ടെങ്കിലും അടുത്തിടെ ഉണ്ടായിട്ടുള്ള പ്രളയവും, കൊവിഡ് മഹാമാരിയും സംസ്ഥാനത്തെയാകമാനം ബാധിച്ചിട്ടുള്ളതാണ്. ദുരന്തങ്ങൾ വിതയ്ക്കുന്ന നാശനഷ്ടങ്ങളുടെ കാഠിന്യം പ്രാദേശികമായി നടത്താമായിരുന്ന ചില ഇടപെടലുകളിലൂടെ ലഘൂകരിക്കാൻ സാധിക്കുമെന്നും ഇതിനായി പ്രാദേശികസർക്കാരുകളുടെ ദുരന്തതയ്യാറെടുപ്പ് കാര്യക്ഷമമാക്കണമെന്നും കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. ഇത്തരം ചില കണ്ടെത്തലുകളാണ് എല്ലാ ഗ്രാമ-നഗര പ്രാദേശികസർക്കാരുകളും ദുരന്തനിവാരണ പദ്ധതികൾ (Disaster Management Plan) തയ്യാറാക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയത്. എന്നാൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ച് അന്തിമഘട്ടത്തിൽ എത്തിനിൽക്കുമ്പോഴാണ് കൊവിഡ് മഹാമാരി രാജ്യത്ത് ആഞ്ഞടിച്ചത്. ചില പ്രാദേശിക സർക്കാരുകൾ എങ്കിലും ദുരന്തനിവാരണ പദ്ധതികൾ ഇനിയും അന്തിമമാക്കേണ്ടതായിട്ടുണ്ട്. പ്രാദേശികമായി പ്രാദേശിക സർക്കാരുകൾ കണ്ടറിഞ്ഞ ദുരന്തസാധ്യതകൾ ലഘൂകരിക്കണമെങ്കിൽ ദുരന്തനിവാരണ പദ്ധതി നിർദ്ദേശങ്ങൾ അവരുടെ വാർഷിക പദ്ധതികളുടെ ഭാഗമാകേണ്ടതും നിർവ്വഹണം നടത്തേണ്ടതും അനിവാര്യമാണ്. കൊവിഡ് 19 പോലുള്ള മഹാമാരിയുടെ സാധ്യതകൾ കൂടി കണക്കിലെടുത്ത് ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ചില ഉറച്ച കാൽവെയ്പുകൾ പ്രാദേശിക സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്.

ദുരന്തസാധ്യതകൾ ലഘൂകരിക്കണമെങ്കിൽ ദുരന്ത നിവാരണ പദ്ധതി നിർദ്ദേശങ്ങൾ വാർഷിക പദ്ധതികളുടെ ഭാഗമാകേണ്ടത് അനിവാര്യമാണ്. കൊവിഡ് 19 പോലുള്ള മഹാമാരികളുടെ സാധ്യതകൾ കൂടി കണക്കിലെടുത്ത് ദുരന്തനിവാരണവുമായി ബന്ധപ്പെട്ട് ചില ഉറച്ച കാൽവെയ്പുകൾ പ്രാദേശിക സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്.

മിഷൻ അന്ത്യോദയ സർവ്വേ 2020 റിപ്പോർട്ടുകൾ

കേരളത്തിന്റെ ജനകീയാസൂത്രണത്തെ കേന്ദ്രസർക്കാർ അതേ മാതൃകയിൽ രാജ്യത്തെ മുഴുവൻ സംസ്ഥാനങ്ങളിലും നടപ്പാക്കിക്കൊണ്ട് People Plan Campain (PPC) ന് 2017 ൽ തുടക്കം കുറിക്കുകയും ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) എന്ന പേരിൽ അത് രാജ്യത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ആരംഭിക്കുകയും ചെയ്യുകയുണ്ടായി. GPDP യുടെ ഭാഗമായി രാജ്യത്തെ ഓരോ ഗ്രാമപഞ്ചായത്തും അവർക്ക് കേന്ദ്ര ധനകാര്യകമ്മീഷൻ അനുവദിച്ച ഫണ്ടുപയോഗിച്ച് വിവിധ വികസനപദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്. ഈ പദ്ധതികൾ ഏറ്റെടുമ്പോൾ ഗ്രാമപഞ്ചായത്തുകൾ വികസന വിടവുകൾ (Development Gap) കണ്ടെത്തി അവ ദുരീകരിക്കുന്നതിനുള്ള പദ്ധതികളാവണം ഏറ്റെടുക്കേണ്ടത്. ഇതിന്റെ ഭാഗമായി രാജ്യവ്യാപകമായി അടിസ്ഥാനവികസനം, മാനവവികസനം, സാമൂഹ്യവികസനം എന്നീ സൂചികകളുടെ അടിസ്ഥാനത്തിൽ മിഷൻ അന്ത്യോദയ സർവ്വേ-2020 കേന്ദ്ര ഗ്രാമമന്ത്രാലയം നടത്തുകയുണ്ടായി. വികസനവിടവുകൾ ഇല്ലാതാക്കാനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടത് സർവ്വേ കണ്ടെത്തലുകൾ പ്രകാരമാവണം. ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള സർവ്വേ റിപ്പോർട്ടുകൾ കേന്ദ്ര ഗ്രാമമന്ത്രാലയത്തിന്റെ സൈറ്റിൽ ലഭ്യമാണ്. ആസൂത്രണ പ്രക്രിയയിൽ ഭരണസമിതികൾക്ക് ഈ റിപ്പോർട്ടുകൾ വലിയ മുതൽ കൂട്ടായിരിക്കും.

വികേന്ദ്രീകൃതാസൂത്രണ റൗണ്ട് സർവ്വേ സീരിസ്സുകൾ

പ്രാദേശികമായി ശേഖരിക്കപ്പെട്ടിട്ടുള്ള അടിസ്ഥാനവിവരങ്ങൾ ഉപയോഗിച്ചു കൊണ്ടുള്ള വിവരാധിഷ്ഠിതമായ ആസൂത്രണം പ്രാദേശിക വികസനപദ്ധതി രൂപീകരണത്തിന് ഒഴിച്ചു കൂടാൻ പറ്റാത്ത ഒന്നാണ്. സംസ്ഥാനത്ത് ജനകീയാസൂത്രണം ആരംഭിച്ച് കാൽ നൂറ്റാണ്ട് പിന്നിട്ടെങ്കിലും നാളിതു വരെ പ്രാദേശിക സർക്കാരുകൾ നടപ്പാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതിക നേട്ടങ്ങളെയും കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭിക്കുന്നതിന് കൃത്യമായ ഒരു സംവിധാനം നിലവിൽ ഇല്ല. ഈ വിവരങ്ങൾ പ്രാദേശിക സർക്കാരു

കളെ സംബന്ധിച്ചിടത്തോളം തുടർപദ്ധതി രൂപീകരണത്തിനുള്ള അടിസ്ഥാനവിവരങ്ങൾ തന്നെയാണ്. ഓരോ അഞ്ചുവർഷം കഴിയുമ്പോഴും പുതിയ ഭരണസമിതികൾ അധികാരത്തിൽ എത്തുമ്പോൾ കഴിഞ്ഞ കാല ഭരണസമിതികൾ ഏറ്റെടുത്തു നടത്തിയ പ്രദേശിക പദ്ധതികൾ സംബന്ധിച്ചും അവയുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും സംബന്ധിച്ച സ്ഥിതി വിവരകണക്കുകൾ ലഭ്യമല്ലാത്തതും പലപ്പോഴും തുടർ വികസന പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കാറുണ്ട്. പുതിയ കർമ്മപദ്ധതികളും വികസനപരിപാടികളും ആസൂത്രണം ചെയ്യുന്നതിലും ഇത് പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുമുണ്ട്. ഓരോ ഭരണസമിതിയുടെയും കാലത്ത് ഏറ്റെടുത്ത പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായാൽ അതാതു ഭരണസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്താനും പോരായ്മകൾ കണ്ടെറിയാനും സഹായകമാവും. ഈ സ്ഥിതിവിവരകണക്കുകളിലൂടെ ലഭിക്കുന്ന തിരിച്ചറിവുകളും, അനുഭവപാഠങ്ങളും, മാതൃകയാക്കാവുന്ന പദ്ധതികളുടെ വിവരങ്ങളും തുടർന്ന് അധികാരത്തിലെത്തുന്ന പ്രാദേശിക സർക്കാരുകൾക്ക് പുതിയ തലത്തിൽ നിന്നും പദ്ധതികളെ നോക്കിക്കാണവാനും, രൂപീകരിക്കാനും നടപ്പിലാക്കാനും വികസനത്തിന് പുതിയ ദിശ തന്നെ നൽകുവാനും സഹായിക്കും. പ്രാദേശിക സർക്കാർ ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലപ്രാപ്തിയെയും ഭൗതികനേട്ടങ്ങളെയും കുറിച്ചുള്ള വിവരശേഖരണ പരിപാടിയായ 'വികേന്ദ്രീകൃതാസൂത്രണ റൗണ്ട്സർവ്വേ' (Decentralization Round Survey) സീരിസിലെ ആദ്യറൗണ്ട് സർവ്വേ പുതിയ ഭരണസമിതിയുടെ ആദ്യമാസങ്ങളിൽ ആരംഭിക്കാനാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. സർവ്വേയുടെ ആദ്യ റൗണ്ടിൽ ഇക്കഴിഞ്ഞ പ്രാദേശിക സർക്കാറിന്റെ അഞ്ച് വർഷക്കാലം അതായത് 2015-16 മുതൽ 2019-20 വരെയുള്ള കാലഘട്ടത്തിൽ അവർ നടപ്പിലാക്കിയ പദ്ധതികളുടെ ഫലപ്രാപ്തിയെക്കുറിച്ചും ഭൗതിക നേട്ടങ്ങളെ കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കും. ഫലപ്രദമായ ആസൂത്രണത്തിന് ഈ റിപ്പോർട്ടുകൾ പുതിയ ഭരണസമിതികൾക്ക് വലിയൊരു മുതൽക്കൂട്ട് തന്നെയായിരിക്കും.

നഗരവൽക്കരണം ഉയർത്തുന്ന പ്രശ്ന പരിഹാരങ്ങൾ

നഗരവൽക്കരണം ദ്രുതഗതിയിൽ നടന്നു കൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. പ്രാദേശിക വികസനത്തിൽ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം സംസ്ഥാനത്ത് നാഗരിക വളർച്ച ദ്രുതഗതിയിൽ ആക്കിയിട്ടുണ്ട്. നഗരങ്ങളായി കണക്കാക്കിയിട്ടുള്ള പ്രദേശങ്ങളേക്കാൾ ദ്രുതഗതിയിൽ നാഗരികതയിലേക്ക് ചുവടുമാറ്റം നടത്തുന്ന ധാരാളം പ്രദേശങ്ങൾ സംസ്ഥാനത്തുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. നാഗരികത ഉയർത്തുന്ന എല്ലാ വികസന പ്രശ്നങ്ങളും വെല്ലുവിളികളും ഇന്ന് സംസ്ഥാനത്തെ ഒട്ടുമിക്കപ്രദേശങ്ങളും അഭിമുഖീകരിക്കുന്നുണ്ട് . ഗ്രാമീണവികസനത്തിനും അപ്പുറത്തേക്ക് പ്രാദേശികവികസനം നാഗരികതയിലേക്ക് ചുവടുമാറ്റിയിട്ടുണ്ട് എന്ന് പറയുന്നതാണ് കൂടുതൽ നല്ലത്. നഗരവൽക്കരണം ഉയർത്തുന്ന പ്രശ്നങ്ങൾ ഒട്ടും ചെറുതല്ല അതിനാൽ ഈ വെല്ലുവിളികളെ തരണം ചെയ്യുന്നതിന് ലഭ്യമായ അവസരങ്ങളെ ഫലപ്രദമായി വിനിയോഗിക്കേണ്ടതും ഇതിനായി പ്രത്യേകപരിപാടികളും തന്ത്രങ്ങളും പ്രാദേശികസർക്കാരുകൾ ആവിഷ്കരിക്കേണ്ടതായിട്ടുമുണ്ട്. വികേന്ദ്രീകൃതമായി ജൈവമാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും ഉറപ്പാക്കുന്ന പൊതു സ്വകാര്യ സംരംഭ സാധ്യതകൾ ഉൾപ്പെടെയുള്ളവ പ്രാദേശികസർക്കാരുകൾ പരീക്ഷിക്കേണ്ടതിന്റെ സമയം ഏറെ അതിക്രമിച്ചിരിക്കുന്നു.

പതിനഞ്ചാം കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗം

പതിനഞ്ചാം ധനകാര്യകമ്മീഷൻ 2020-21 വർഷത്തേക്കു മാത്രമായി 2412 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. ഇതിൽ 1628 കോടി രൂപ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും 445 കോടി രൂപ മുൻസിപ്പാലിറ്റികൾക്കും 339 കോടി രൂപ പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള ഏഴ് നഗരസഞ്ചയ തദ്ദേശ സ്ഥാപനങ്ങൾക്കുമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റിക്കും അനുവദിച്ച തുകയുടെ 50% വും ഏഴു നഗരസഞ്ചയങ്ങൾക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ തുകയും a) കുടിവെള്ള ജലസംരക്ഷണം b)ശുചിത്വഖരമാലിന്യം എന്നീ രണ്ട് മേഖലകളിൽ പ്രത്യേക ഉദ്ദേശ ഗ്രാൻറായി (Tied Grant) മാത്രമേ വിനിയോഗിക്കാവൂ എന്ന് കേന്ദ്ര ധനകാര്യകമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട് . കൂടാതെ ഓരോ തദ്ദേശസ്ഥാപനവും ധനകാര്യകമ്മീഷൻ വിഹിതവിനിയോഗം സംബന്ധിച്ച് മേൽപ്രതിപാദിച്ച രണ്ട് മേഖലകൾ ഉൾക്കൊള്ളിച്ച് തദ്ദേശസ്ഥാപനം ഒരു ഉപപദ്ധതി തയ്യാറാക്കാനും ഇതു വാർഷികപദ്ധതികളുടെ ഭാഗമാക്കാനും പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്. ഇതിനും പുറമേ നഗര തദ്ദേശസ്ഥാപനങ്ങൾ എല്ലാം തന്നെ കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന സ്റ്റാർറേറ്റിംഗ് പദവി നിശ്ചയിക്കാനുള്ള സർവ്വീസ് ലെവൽ ബഞ്ച്മാർക്ക് കൈവരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ പ്രത്യേകമായി ആവിഷ്കരിക്കേണ്ടതുമാണ്. 2020-21 ലെ പദ്ധതി നിർവ്വഹണത്തിന് ഇനിയും മാസങ്ങൾ അവശേഷിക്കെ മേൽ നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ലെങ്കിൽ തുടർന്നുള്ള വർഷങ്ങളിൽ കേന്ദ്ര ധനകാര്യവിഹിതം തദ്ദേശസ്ഥാപനങ്ങൾക്ക് കിട്ടാതെ വന്നെന്നിരിക്കും. പുതിയ ഭരണസമിതികളുടെ ശ്രദ്ധ ഇക്കാര്യത്തിൽ പ്രത്യേകം എത്തേണ്ടതാണ്.

സുഭിക്ഷകേരളം - കൊവിഡ് കാലത്തെ ഉൽപാദനമേഖല തുടർ ഇടപെടലുകൾ

കൊവിഡ് കാല അതിജീവനവും ഭക്ഷ്യസുരക്ഷയും ലക്ഷ്യമാക്കി 'സുഭിക്ഷകേരളം' എന്ന പേരിൽ ഒരു പദ്ധതി 2020-21 ൽ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. 3860 കോടി രൂപയുടെ പദ്ധതികളാണ് കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം , മത്സ്യബന്ധനം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിയത്. കൊവിഡിന്റെ പശ്ചാത്തലത്തിൽ സ്വദേശത്തും വിദേശത്തും തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചു വരുന്ന പ്രവാസികളെയും തൊഴിൽ രഹിതരായ യുവാക്കളെയും കാർഷിക മേഖലയിലേക്ക് ആകർഷിക്കുക വഴി വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുക, കാർഷികമേഖലയിൽ ഏർപ്പെട്ടിരിക്കു ന്നവർക്ക് കൂടുതൽ വരുമാനം ഉറപ്പാക്കുക, ഭക്ഷ്യസ്വയംപര്യാപ്തത, തരിശുനിലങ്ങളിൽ പൂർണ്ണമായി കൃഷിയിറക്കുക എന്നിവ 'സുഭിക്ഷകേരളം' പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങളാണ്. ഈ പദ്ധതി പ്രാ

ദേശികസർക്കാരുകൾ എല്ലാം തന്നെ വലിയ ഉത്സാഹത്തോടെയാണ് ഏറ്റെടുത്ത് നടത്തിവരുന്നത്. സംസ്ഥാനത്തെ ഗ്രാമ-നഗര പ്രാദേശികസർക്കാരുകൾ 'സുഭിക്ഷ കേരളം' പദ്ധതിയുടെ ഭാഗമായി 695.87 കോടി രൂപക്കുള്ള 14386 പദ്ധതികളാണ് നടപ്പുവർഷം ഏറ്റെടുത്തത്. കൃഷി അനുബന്ധമേഖലയിൽ വലിയൊരു കുതിച്ചുചാട്ടം തന്നെ ഉണ്ടാക്കിയെടുക്കാൻ ഈ പദ്ധതിക്ക് സാധിച്ചിട്ടുണ്ടെങ്കിലും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണവും വിപണനവും വിവിധവകുപ്പുകളുടെ സംയോജനവും അടക്കമുള്ള തുടർ പ്രവർത്തനങ്ങൾ കൂടി പൂർണ്ണമായും നടന്നെങ്കിൽ മാത്രമേ പദ്ധതി ഉദ്ദേശലക്ഷ്യം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. കേരളത്തിലെ ഉൽപാദനമേഖലാ വികസനത്തിന്റെ വലിയൊരു സാധ്യതതന്നെയാണ് ഇക്കാര്യത്തിൽ പുതിയഭരണസമിതികൾ ഏറ്റെടുക്കേണ്ടത്.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ പുനരുജ്ജീവനവും പ്രോത്സാഹനവും

2018ലെയും 2019ലെയും പ്രളയവും തുടർന്നുണ്ടായ കൊവിഡ് മഹാമാരിയും സാധാരണക്കാരുടെയും യുവജനങ്ങളുടെയും പ്രവാസികളുടെയും ദൈനംദിന ജീവിതത്തേയും ജീവനോപാധികൾ ഇല്ലാതാക്കിയതിന്റെയുമൊക്കെ നേർചിത്രങ്ങൾ നാം കണ്ടുകഴിഞ്ഞു. ദുരന്തത്തിനെതിരെ പ്രാദേശികമായി ജനകീയപ്രതിരോധം സൃഷ്ടിച്ചും അതിജീവന ദുരന്തലഘൂകരണ പ്രവർത്തനങ്ങളും പ്രാദേശികസർക്കാരുകൾ ഏറ്റെടുത്ത് നടത്തുമ്പോഴും സ്ഥായിയായ ജീവനോപാധികൾ ജനങ്ങൾക്ക് ഉറപ്പാക്കുന്ന പദ്ധതികളും പരിപാടികളും ഇനിയും പ്രാദേശിക സർക്കാരുകൾ ആസൂത്രണം ചെയ്തിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അനന്തമായ വികസന സാധ്യതകൾ ഉള്ള ചെറുകിട-കുടിൽ തൊഴിൽ സംരംഭങ്ങളുടെ പുനരുജ്ജീവനവും പ്രോത്സാഹനവും പ്രാദേശികമായി ഉറപ്പാക്കിയാൽ തന്നെ ഈ പ്രശ്നങ്ങൾക്കെല്ലാം ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ സാധിക്കും. തദ്ദേശസ്ഥാപനങ്ങളുടെയും, സർക്കാർ വകുപ്പുകളുടെയും, സ്വകാര്യവ്യക്തികളുടെയും അധീനതയിൽ ഉപയോഗശൂന്യമായും അടച്ചിട്ടതുമായ വ്യവസായ എസ്റ്റേറ്റുകളും, വ്യവസായ പാർക്കുകളും പലതും ശ്രദ്ധിക്കാതെ പോവുകയാണ്. ചെറിയ മുതൽ മുടക്കിൽ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ പ്രാദേശികമായി ഉറപ്പാക്കിക്കൊണ്ട് ലഭ്യമായ എല്ലാ വികസന സാധ്യതകളുടെയും ഉപയുക്തത പ്രാദേശികമായി ഉറപ്പാക്കേണ്ടതാണ്. സംസ്ഥാന ജനസംഖ്യയുടെ 60%ൽ അധ്വാനശക്തി (Labour Force) ആണെങ്കിലും ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്രശ്നം തൊഴിൽ ശക്തിയെ ഫലപ്രദമായി വിനിയോഗിക്കാൻ അവസരങ്ങളും തൊഴിൽസാധ്യതകളും സൃഷ്ടിക്കുക എന്നതു തന്നെയാണ്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കണക്ക്പ്രകാരം സംസ്ഥാനത്തെ അധ്വാനശക്തിയിൽ 12.5% പേരും തൊഴിൽ രഹിതരാണ് ഇത് ഏകദേശം 50 ലക്ഷത്തിനടുത്ത് വരും എന്ന് പറയുമ്പോൾ തന്നെ ഈ തൊഴിൽ ശക്തിയെ പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന്റെ പ്രാദേശിക സാധ്യതകൾ കണ്ടെത്തേണ്ടതായിട്ടുണ്ട് .

പ്രത്യേക പദ്ധതികളുടെ നിർവ്വഹണത്തിൽ നടത്തേണ്ട ഇടപെടലുകൾ

സംസ്ഥാന പദ്ധതിവിഹിതത്തിന്റെ 10% പട്ടികജാതി-വർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനും തദ്ദേശസ്ഥാപനങ്ങൾ അവരുടെ പദ്ധതിവിഹിതത്തിന്റെ 10% വനിതാ വികസനത്തിനും 5% ശിശുക്കൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജൻഡർ വിഭാഗങ്ങൾക്കും 5% വൃദ്ധർ, പാലിയേറ്റീവ് കെയറിനുമുള്ള പദ്ധതികൾക്കും നിർബന്ധമായും വകയിരുത്താറുണ്ടെങ്കിലും ഈമേഖലയിൽ ഏറ്റെടുക്കുന്ന പദ്ധതികളുടെ ഗുണനിലവാരവും ഫലപ്രാപ്തിയും വിശകലന വിധേയമാക്കേണ്ടതുതന്നെയാണ്. സാമ്പ്രദായികമായ രീതിയിലുള്ള പദ്ധതികളാണ് ഇന്നും ഈ മേഖലകളിൽ ഏറ്റെടുക്കുന്നതെന്ന് വിശകലന വിധേയമാക്കിയാൽ നമുക്കു കാണാവുന്നതാണ്. മാറുന്ന കാലഘട്ടത്തിനനുസരിച്ചുള്ള നൂതന പദ്ധതികൾ ഈ മേഖലയിൽ ഏറ്റെടുക്കാനുള്ള ഇച്ഛാശക്തി പ്രാദേശിക സർക്കാരുകൾക്ക് ഉണ്ടാകേണ്ടതാണ്. സംസ്ഥാന ജനസംഖ്യയിൽ വർദ്ധിച്ചു വരുന്ന വയോജനങ്ങളുടെ എണ്ണം അവരുടെ ക്ഷേമം ഉറപ്പാക്കുന്ന പദ്ധതികൾ പ്രാദേശികമായിത്തന്നെ രൂപപ്പെടുത്തേണ്ടതിലേക്കാണ് വിരൽ ചൂണ്ടുന്നത്. മാനവവികസനത്തിനും സാമൂഹ്യക്ഷേമത്തിനും കൂടുതൽ തുക സംസ്ഥാനം വകയിരുത്തുമ്പോൾ മാനവമൂലധനത്തിന്റെ പരമാവധി ഉപയോഗം കണ്ടെത്താവുന്ന പദ്ധതികൾക്കും യുവജനക്ഷേമം ഉറപ്പാക്കുന്ന പദ്ധതികൾക്കും പ്രാധാന്യം നൽകേണ്ടതായിട്ടുണ്ട്. പ്രത്യേക പദ്ധതികൾക്കായി വകയിരുത്തുന്ന തുകകൾ പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നില്ല എന്നൊരാക്ഷേപവും നിലനിൽക്കുമ്പോൾ ഭരണസമിതികളുടെ ജാഗ്രത ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതു തന്നെയാണ്.

കഴിഞ്ഞ കാൽ നൂറ്റാണ്ട് വികസനചരിത്രം പരിശോധിച്ചാൽ പ്രാദേശിക വികസനത്തിലൂടെ തന്നെയാണ് സംസ്ഥാനത്ത് സമഗ്രവികസനം സാധ്യമായതെന്നും അതിന്റെ കേന്ദ്രബിന്ദുവായി പ്രവർത്തിക്കുന്നത് പ്രാദേശിക സർക്കാരുകൾ തന്നെയാണെന്നും അടിവരയിട്ട് പറയാം. മാറിമാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിന്റെയും ജനങ്ങളുടെയും ആവശ്യത്തിനനുസരിച്ച് വികസനവും പരിവർത്തനവും സാധ്യമാക്കുവാൻ പ്രാദേശിക സർക്കാരുകളുടെയും അധികാരവികേന്ദ്രീകരണത്തിന്റെയും വിഹായസ്സ് ഇനിയും വിപുലീകരിക്കേണ്ടതാണ് ആ ഒരു ദൗത്യം കൂടി പുതിയ ഭരണസമിതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

കൊവിഡ് കാല അതിജീവനവും ഭക്ഷ്യസുരക്ഷയും ലക്ഷ്യമാക്കി 'സുഭിക്ഷകേരളം' എന്ന പേരിൽ ഒരു പദ്ധതി 2020-21 ൽ നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. 3860 കോടി രൂപയുടെ പദ്ധതികളാണ് കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം , മത്സ്യബന്ധനം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടേയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിയത്.

ലേഖകൻ സംസ്ഥാന ആസൂത്രണ ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടർ ആണ്

രണ്ടാംഘട്ട നൂറുദിന കർമ്മപരിപാടി 10,000 കോടിയുടെ വികസനം

* 5700 കോടി രൂപയുടെ 5526 പദ്ധതികൾ പൂർത്തീകരിക്കും

* 4300 കോടി രൂപയുടെ 646 പദ്ധതികൾക്ക് തുടക്കമാകും

ആദ്യഘട്ട നൂറുദിന പരിപാടികളുടെ പൂർത്തീകരണത്തെത്തുടർന്ന് രണ്ടാംഘട്ട നൂറുദിന കർമ്മ പരിപാടിയുമായി സർക്കാർ. ഇതിന്റെ ഭാഗമായി 10,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയോ തുടക്കം കുറിക്കുകയോ ചെയ്യുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 5700 കോടി രൂപയുടെ 5526 പദ്ധതികൾ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യും. 4300 കോടി രൂപയുടെ 646 പദ്ധതികൾക്ക് തുടക്കം കുറിക്കും. രണ്ടാംഘട്ട 100 ദിവസങ്ങൾക്കുള്ള കർമ്മ പരിപാടി ഡിസംബർ 9 ന് തുടങ്ങാനിരുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം കഴിഞ്ഞ ശേഷമാണ് ഇത് പ്രഖ്യാപിക്കുന്നതെന്നും മുഖ്യമന്ത്രി അറിയിച്ചു. ഒന്നാംഘട്ട 100 ദിനപരിപാടിയിൽ 122 പ്രോജക്ടുകൾ പൂർത്തീകരിച്ചു. 100 ദിന പരിപാടിയിൽ ആദ്യം പ്രഖ്യാപിക്കാത്ത പദ്ധതികളും പിന്നീട് വകുപ്പുകൾ ഉൾപ്പെടുത്തി. സെപ്തംബർ 2020 മുതൽ ഡിസംബർ 9 വരെയാണ് ഒന്നാംഘട്ട നൂറുദിന പരിപാടി നടപ്പാക്കിയത്. രണ്ടാംഘട്ട 100 ദിനപരിപാടി ഒന്നാംഘട്ടത്തിന്റെ തുടർച്ചയാണ്. അതുകൊണ്ട് ഒന്നാംഘട്ട 100 ദിന പരിപാടിയുടെ അനുഭവങ്ങൾ കൂടി ഉൾക്കൊണ്ട് രണ്ടാംഘട്ട പരിപാടി കൂടുതൽ ക്രിയാത്മകമാക്കാനുള്ള ഇടപെടൽ സർക്കാർ നടത്തും.

രണ്ടാം ഘട്ടത്തിൽ 50,000 പേർക്ക് തൊഴിൽ നൽകാനാണ് ലക്ഷ്യംവയ്ക്കുന്നത്. കുടുംബശ്രീ സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാമിൽ 15000 സംരംഭങ്ങൾക്കു തുടക്കമാകും. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള കേരള ചിക്കൻ ഔട്ട് ലെറ്റുകൾ, പുതിയ ജനകീയ ഹോട്ടലുകൾ, കയർ ആൻഡ് ക്രാഫ്റ്റ് സ്റ്റോറുകൾ, ഹോം ഷോപ്പികൾ എന്നിവിടങ്ങളിൽ 2500 പേർക്കാണ് തൊഴിൽ നൽകുക. കേരളബാങ്ക്, പ്രാഥമിക സഹകരണബാങ്കുകൾ എന്നിവയിലെ വായ്പകളിലൂടെ 10,000 പേർക്ക് തൊഴിൽ നൽകും. ആകെ അരലക്ഷം പേർക്ക് തൊഴിൽ നൽകുന്നതിന്റെ വിശദാംശങ്ങൾ പ്രത്യേകം അറിയിക്കും. 2021 ജനുവരി ഒന്നുമുതൽ നാടിന് നവവത്സര

സമ്മാനമായി ക്ഷേമ പെൻഷനുകൾ 100 രൂപ വീതം വർദ്ധിപ്പിച്ച് 1500 രൂപയായി ഉയർത്തും. 847 കുടുംബശ്രീ ഭക്ഷണശാലകൾ ആരംഭിച്ചു കഴിഞ്ഞു. 153 എണ്ണവും കൂടി ആരംഭിക്കും.

കൊറോണക്കാലമായിട്ടും ഉത്സവ കാലഘട്ടങ്ങളിൽ വില ഉയർന്നുവെന്ന പരാതി ഉണ്ടായിട്ടില്ല. കേരളീയന്റെ പ്രധാന ആഹാര സാധനമായ അരിയുടെ വില കുറയുകയാണുണ്ടായത്. എല്ലാ സാമ്പത്തിക പരാധീനതകൾക്കിടയിലും റേഷൻ കാർഡ് ഉടമകൾക്കുള്ള കിറ്റ് വിതരണം തുടരും. സൗജന്യ പലവ്യഞ്ജന കിറ്റുകൾ അടുത്ത നാല് മാസവും കൂടി എല്ലാ റേഷൻ കാർഡ് ഉടമകൾക്കും റേഷൻ കടകൾ വഴി നൽകും. 80 ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്കാണ് ഇതിന്റെ ഭാഗമായുള്ള സമാശ്വാസം ലഭിക്കുക.. 20 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായും അഞ്ചെണ്ണം സൂപ്പർ സ്റ്റോറുകളായും ഉയർത്തും. ജിപിഎസ് സംവിധാനവും കേന്ദ്രീകൃത മോണിറ്ററിങ്ങും നടപ്പാക്കും. പ്രതിരോധ പാർക്ക്, പാലക്കാട് (131 കോടി രൂപ) അടക്കം ഒമ്പത് വ്യവസായ പദ്ധതികളുടെ ഉദ്ഘാടനം മാർച്ച് 31ന് മുമ്പ് നടത്തും. മലബാർ കോഫിയുടെ നിർമ്മാണത്തിനുള്ള എസ് പി വി ക്ക് രൂപം നൽകും. അതിന്റെ അടിസ്ഥാനത്തിൽ മലബാർ കോഫി പൗഡർ വിപണിയിലിറക്കും.

അവയവദാന ശസ്ത്രക്രിയ കഴിഞ്ഞവർക്ക് സ്ഥിരമായി കഴിക്കേണ്ട 250 രൂപ മാർക്കറ്റ് വില വരുന്ന അഞ്ച് ഇനം മരുന്നുകൾ ഗുണമേന്മ ഉറപ്പാക്കി അഞ്ചിലൊന്നു വിലയ്ക്ക് കെഎസ്ഡിപിയിൽ ഉൽപ്പാദനം ആരംഭിക്കും. വെർച്ചൽ കയർ മേള ഫെബ്രുവരിയിൽ നടത്തും. കൊവിഡിനു ശേഷം രാജ്യത്ത് നടക്കുന്ന അപൂർവ്വം വാണിജ്യ മേളകളിലൊന്നായിരിക്കും ഇത്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ക്രെഡിറ്റേഴ്സുമായുള്ള ബാധ്യത തീർത്ത് 146 കോടി രൂപ മുടക്കി കേരള സർക്കാർ ഏറ്റെടുക്കും. ടൂറിസം വകുപ്പ് കൊവിഡാനന്തര കാലത്തെ ഉദ്ദേശിച്ചുകൊണ്ടുള്ള മാർക്കറ്റിങ്ങിലാണ് ഊന്നൽ നൽകുന്നത്. 310 കോടി രൂപ ചെലവു വരുന്ന 27 ടൂറിസം വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും.

വൻകിട പദ്ധതികൾക്ക് ശ്രദ്ധേയമായ പുരോഗതി ഉണ്ടാക്കാനായി. ഗെയിൽ പൈപ്പ് ലൈൻ കൊച്ചി-മംഗലാപുരം റീച്ച് ജനുവരി മാസത്തിലും കൊച്ചി-പാലക്കാട് റീച്ച് ഫെബ്രുവരി മാസത്തിലും ഉദ്ഘാടനം നടക്കും. ഇതുപോലെ തന്നെയാണ് റായ്പ്പൂർ-പുഗലൂർ-മാടക്കത്തറ ലൈൻ. ജനുവരിയിൽ ഈ പദ്ധതിയുടെയും ഉദ്ഘാടനം നടക്കും. കെ-ഫോൺ പദ്ധതിയുടെ പൂർത്തീകരണം ഡിജിറ്റൽ കേരള എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഒരു നിർണ്ണായക കാൽവയ്പ്പായിരിക്കും. ഇതിന്റെ ഭാഗമായുള്ള സംസ്ഥാനതല കൺട്രോൾറൂം, 14 ജില്ലാതല കേന്ദ്രങ്ങൾ, തിരഞ്ഞെടുക്കപ്പെട്ട ഓഫീസുകളുടെ നെറ്റ് വർക്കിങ് എന്നിവയടങ്ങുന്ന ഒന്നാംഘട്ടത്തിന്റെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ബിപിഎൽ കുടുംബങ്ങളിലേയ്ക്കും 30,000 സർക്കാർ ഓഫീസുകളിലേയ്ക്കും കെ-ഫോൺ ഏതാനും മാസങ്ങൾക്കുള്ളിൽ എത്തിക്കാൻ ഇതിലൂടെ കഴിയും. ദേശീയ ജലപാതയുടെ കോവളം മുതൽ ചാവക്കാട് വരെയുള്ള റീച്ചിന്റെ സ്ഥലം ഏറ്റെടുക്കലും പുനരധിവാസവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. കൊച്ചി വാട്ടർ മെട്രോയുടെ ഉദ്ഘാടനവും ഫെബ്രുവരിയിൽ നടക്കും.

എറണാകുളം ബൈപ്പാസിന് 182 കോടി രൂപ ചെലവഴിച്ചുള്ള കുണ്ടന്നൂർ, വെറ്റില മേൽപ്പാലങ്ങൾ തുറന്നുകൊടുക്കും.

●●●

പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും. 32 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ/കമ്മ്യൂണിറ്റി/പബ്ലിക് ഹെൽത്ത് സെന്ററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കും 53 ജനറൽ/ജില്ല/ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ്, പുതിയ ഒപി ബ്ലോക്ക് തുടങ്ങിയ കൂടുതൽ ചികിത്സ/ പരിശോധനാ സൗകര്യങ്ങളും രോഗീസൗഹൃദ സംവിധാനങ്ങളും നിലവിൽ വരും.

●●●

നാലുപതിറ്റാണ്ടിന്റെ കാത്തിരിപ്പിനുശേഷം 387.18 കോടി രൂപ ചെലവഴിച്ചു നിർമ്മിച്ച ആലപ്പുഴ ബൈപ്പാസ് തുറക്കും. കാഞ്ഞങ്ങാട് റെയിൽവേ മേൽപ്പാലത്തിന്റെയും വട്ടോളി പാലത്തിന്റെയും ഉദ്ഘാടനം നിർവ്വഹിക്കും. അകത്തേത്തറ, ചിറയിൻകീഴ്, മാളിയേക്കൽ, ഗുരുവായൂർ, ചിറങ്ങര, ഇരവിപുരം, വാടാനാംകുറിശ്ശി, താനൂർ-തെയ്യാല, ചേലാരി ചെട്ടിപ്പടി, കൊട്ടവള്ളി എന്നിങ്ങനെ 252 കോടി രൂപ ചെലവു വരുന്ന 10 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കും. 569 കോടി രൂപ ചെലവുവരുന്ന 17 പ്രധാന റോഡുകൾ ഉദ്ഘാടനം ചെയ്യും. റീ-ബിൽഡ് കേരളയുടെ ഭാഗമായി 1613 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന പതിനാല് റോഡുകളുടെ പണി തുടങ്ങും. ഉയർന്ന നിലവാരത്തിൽ നവീകരണം നടത്തിയ 18 റോഡുകൾ ഉദ്ഘാടനം ചെയ്യും. ആലപ്പുഴ കെഎസ്ആർടിസി ഗ്യാരേജിന്റെ പണികൾ ആരംഭിക്കുന്നതോടൊപ്പം 145 കോടി രൂപ അടങ്കലുള്ള ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ ശിലാസ്ഥാപനവും ഇക്കാലയളവിൽ നടത്തും.

75 പുതിയ കറ്റാമരൻ പാസഞ്ചർ ബോട്ടുകൾ ജനുവരിയിൽ നീറ്റിലിറക്കും. 3 വാട്ടർ ടാക്സികളും സോളാർ, വൈദ്യുതി ബോട്ടുകളും സർവ്വീസ് ആരംഭിക്കും.

കെ.എസ്.ആർ.ടി.സിയുടെ അനുബന്ധ കോർപ്പറേഷനായി കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് നിലവിൽ വരും. ഈ സംവിധാനത്തിന്റെ കീഴിലാണ് കിഫ്ബി മുഖേന വാങ്ങുന്ന ആധുനിക ബസുകൾ സർവ്വീസ് നടത്തുക. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഗേറ്റ് കോംപ്ലക്സ് ഉദ്ഘാടനം നടക്കും. ടെക്നോസിറ്റിയിൽ ഒരുലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള കെട്ടിടം പൂർത്തിയാക്കും. ഇന്റഗ്രേറ്റഡ് സ്റ്റാർട്ട്അപ്പ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്യും. വൈദ്യുതി വാഹനങ്ങൾക്കുള്ള ചാർജ്ജിംങ് സ്റ്റേഷനുകൾ 6 കോർപ്പറേഷൻ പരിധിയിൽ ആരംഭിക്കും.

496 കോടി രൂപയുടെ 46 വിവിധ കൃഷി പദ്ധതികൾ മാർച്ച് 31നകം തുടങ്ങും.

ഒന്നര ലക്ഷത്തിലേറെ പട്ടയങ്ങൾ വിതരണം ചെയ്തു കഴിഞ്ഞു. 10000 പട്ടയങ്ങൾ കൂടി 100 ദിവസത്തിനുള്ളിൽ വിതരണം ചെയ്യും. 16 വില്ലേജ് ഓഫീസുകൾ കൂടി സ്മാർട്ടാക്കും. കൊവിഡ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 18ൽ നിന്ന് 10ൽ താഴെയായിട്ടുണ്ട്. തിരഞ്ഞെടുപ്പിന്റെയും മറ്റും പശ്ചാത്തലത്തിൽ കൊവിഡ് പ്രതിരോധ പ്രവർ

ത്തനങ്ങളും ചികിത്സാ സൗകര്യവും കൂടുതൽ ജാഗ്രതയോടെ ഏകോപിപ്പിക്കും. കൊവിഡ് ചികിത്സ സൗജന്യമായി നൽകുന്ന സംസ്ഥാനമാണ് കേരളം ഇതിന്റെ തുടർച്ച എന്ന നിലയിൽ കൊവിഡ് വാക്സിൻ കേരളത്തിൽ എല്ലാവർക്കും സൗജന്യമായി നൽകും.

പുതിയതായി 49 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തും. 32 കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ/കമ്മ്യൂണിറ്റി/പബ്ലിക് ഹെൽത്ത് സെന്ററുകളുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിക്കും 53 ജനറൽ/ജില്ല/താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ ഡയാലിസിസ്, പുതിയ ഒപി ബ്ലോക്ക് തുടങ്ങിയ കൂടുതൽ ചികിത്സ/പരിശോധനാ സൗകര്യങ്ങളും രോഗിസൗഹൃദ സംവിധാനങ്ങളും നിലവിൽ വരും. 25 കോടി രൂപ ചെലവിൽ നിർമ്മിച്ച 50 സ്കൂളുകളുടെയും മൂന്നു കോടി രൂപ ചെലവിൽ നിർമ്മിച്ച 30 സ്കൂളുകളുടെയുമടക്കം 80 പുതിയ ആധുനിക സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തും. മൂന്നു കോടി രൂപയും ഒരു കോടി രൂപയും മുതൽമുടക്കി നിർമ്മിക്കുന്ന 300 പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് തറക്കല്ലിടും. ഉന്നതവിദ്യാഭ്യാസത്തെ കൂടുതൽ ശക്തിപ്പെടുത്താൻ നടപടികളുണ്ടാവും. മഹാരാജാസ്, യൂണിവേഴ്സിറ്റി കോളേജ്, കേരള വർമ്മ കോളേജ് തുടങ്ങി 13 കോളേജുകളിലും എംജി യൂണിവേഴ്സിറ്റി കാമ്പസിലുമായി കിഫ്ബി വഴിയുള്ള 205 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്ക തുടക്കം കുറിക്കും. എ.പി.ജെ. അബ്ദുൾകലാം സർവ്വകലാശാല കാമ്പസിനുള്ള സ്ഥലമെടുപ്പ് പൂർത്തിയാക്കി ശിലാസ്ഥാപനം നടത്തും.

കൊല്ലം ശ്രീനാരായണ ഗുരു സാംസ്കാരിക സമുച്ചയം, വി ടി ഭട്ടതിരിപ്പാട് സ്മാരക സമുച്ചയത്തിന്റെ ആദ്യഘട്ടം, എന്നിവയുടെ നിർമ്മാണം ആരംഭിക്കും. കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാം ഘട്ട നിർമ്മാണം 2021 ഫെബ്രുവരിയിൽ പൂർത്തിയാക്കും. ഗോവിന്ദ പൈ സ്മാരകം, കൊല്ലം ബസവേശ്വര സ്മാരകം എന്നിവയടക്കം 9 സാംസ്കാരിക കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്യും.

പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ പെരളശ്ശേരി എ.കെ.ജി. മ്യൂസിയം, ചന്തപ്പുരയിലെ തെയ്യം മ്യൂസിയം, രാജാരവി വർമ്മ ആർട്ട് ഗ്യാലറി കെട്ടിടം എന്നിവയുടെ ശിലാസ്ഥാപനം നടക്കും.

185 കോടി രൂപ മുതൽ മുടക്കിൽ ഒമ്പതു പുതിയ സ്റ്റേഡിയങ്ങൾക്ക് ശിലാസ്ഥാപനം നടത്തും. 182 കോടി രൂപയുടെ അമൃത് സ്കീമിൽപ്പെട്ട 24 പദ്ധതികൾ ഉദ്ഘാടനം ചെയ്യപ്പെടും. 189 കോടി രൂപയുടെ ചെലവു വരുന്ന മറ്റു 37 നഗരവികസന പദ്ധതികൾക്കും തുടക്കമാകും.100 കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ നിർമ്മാണം ആരംഭിക്കുകയോ നിലവിൽ വരികയോ ചെയ്യും. 250 പഞ്ചായത്തുകൾ കൂടി ശുചിത്വ പദവിയിലേയ്ക്ക് ഉയരുന്നതോടെ 80 ശതമാനം ഗ്രാമപ്രദേശവും ശുചിത്വ മാനദണ്ഡങ്ങളിലേയ്ക്ക് എത്തിച്ചേരും.

സ്മാർട്ട് സിറ്റി പദ്ധതിയിൽപ്പെടുത്തി തിരുവനന്തപുരം, കൊച്ചി നഗരസഭകളിലായി 190 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കും. മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നവീകരണ പരിപാടിയിൽപ്പെടുന്ന 1620 പ്രവൃത്തികൾ (3598 കി.മീ) ജനുവരി 31നകം പൂർത്തിയാക്കും. രണ്ടാംഘട്ടത്തിൽപ്പെട്ട 1627 പ്രവൃത്തികൾ (3785 കി.മീ) ഫെബ്രുവരി 28നകം പൂർത്തിയാക്കും. മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട 1625 പ്രവൃത്തികൾ (4421 കിമീ) മാർച്ച് 31നകം പൂർത്തിയാക്കും.

ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾകൂടി മാർച്ച് 31നകം പൂർത്തീകരിക്കുകയും 35,000 ഭവനങ്ങളുടെ നിർമ്മാണം തുടങ്ങുകയും ചെയ്യും. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനായി 101 ഭവന സമുച്ചയങ്ങളാണ് ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഇതിൽ 5 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം മാർച്ച് 31ന് മുമ്പ് പൂർത്തീകരിക്കും. കഴിഞ്ഞ നാലു വർഷത്തിനിടെ 41,578 കിലോമീറ്റർ നീർച്ചാലുകളും 390 കിലോമീറ്റർ പുഴയും വീണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മാർച്ച് 31ന് മുമ്പ് ഇത് 50,000 കിലോമീറ്ററായി വർദ്ധിക്കും.

ലൈഫ് പദ്ധതി പ്രകാരം പുതിയ 15,000 വീടുകൾകൂടി മാർച്ച് 31 നകം പൂർത്തീകരിക്കുകയും 35,000 ഭവനങ്ങളുടെ നിർമ്മാണം തുടങ്ങുകയും ചെയ്യും. ഭൂമിയും വീടും ഇല്ലാത്തവർക്ക് വീട് നൽകുന്നതിനായി 101 ഭവന സമുച്ചയങ്ങളാണ് ലൈഫ് മിഷന്റെ മൂന്നാംഘട്ടത്തിൽ ഏറ്റെടുക്കുന്നത്. ഇതിൽ 5 ഭവന സമുച്ചയങ്ങളുടെ നിർമ്മാണം മാർച്ച് 31 ന് മുമ്പ് പൂർത്തീകരിക്കും.

അയ്യൻകാളി നഗര തൊഴിലുറപ്പ് പരിപാടിയിൽ മാർച്ച് 31നകം 8 ലക്ഷം തൊഴിൽ ദിനങ്ങൾകൂടി സൃഷ്ടിക്കും. കെഎസ്എഫ്ഇയുമായി സഹകരിച്ച് കുടുംബശ്രീ നടപ്പിലാക്കുന്ന ലാപ് ടോപ്പ് വിതരണ പദ്ധതിയുടെ ഉദ്ഘാടനം ഫെബ്രുവരിയിൽ നടക്കും. ഇതുവരെ രജിസ്റ്റർ ചെയ്യാത്തവർക്ക് ഇനിയും രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസരമുണ്ടാകും. കുടുംബശ്രീയുടെ നേതൃത്വത്തിൽ 500 കയർ ആൻറ് ക്രാഫ്റ്റ് സ്റ്റാളുകൾ ഉദ്ഘാടനം ചെയ്യും.

ആറ് പ്രധാന കിഫ്ബി ജലവിതരണ പദ്ധതികൾ രണ്ടാം 100 ദിന പരിപാടിയിൽ ഉദ്ഘാടനം ചെയ്യും.

തോട്ടം തൊഴിലാളികൾക്കുള്ള പ്രത്യേക ഭവന പദ്ധതിയിൽ വയനാട്ടിലെ തോട്ടം തൊഴിലാളികളുടെ വീടുകളുടെ ശിലാസ്ഥാപനവും കുളത്തുപ്പുഴ പ്ലാന്റേഷൻ തൊഴിലാളികളുടെ വീടുകളുടെ താക്കോൽദാനവും നടത്തും. മുതിർന്ന പൗരൻമാർക്കുള്ള നവജീവൻ തൊഴിൽ പദ്ധതിക്കും തുടക്കം കുറിക്കും. മേനംകുളത്ത് സ്ത്രീ തൊഴിലാളികൾക്കായുള്ള അപ്പാർട്ട്മെന്റിന്റെ ശിലാസ്ഥാപനം നടത്തും. ചെല്ലാനം, താനൂർ, വെള്ളിയിൽ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ കമ്മീഷനിംഗ് നടക്കും. ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനു തറക്കല്ലിടും. തലായി മത്സ്യബന്ധന തുറമുഖത്തോട് അനുബന്ധിച്ചുള്ള തീരസംരക്ഷണം, നീണ്ടകര തുറമുഖത്തിൽ ഡ്രഡ്ജിങ്, തങ്കശ്ശേരി മത്സ്യബന്ധന തുറമുഖ നവീകരണം എന്നിവയും ഈ സമയത്ത് നിർമ്മാണോദ്ഘാടനം നിർവഹിക്കും.

60 കോടി രൂപ മുതൽമുടക്കിൽ 9 തീരദേശ ജില്ലകളിൽ പൂർത്തിയാകുന്ന 87 തീരദേശ റോഡുകൾ ഉദ്ഘാടനം ചെയ്യും. മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള പുനർഗേഹം പദ്ധതിയിൽ കാരോട്, ബീമാപ്പള്ളി, വലിയതുറ, കൊല്ലം ക്യൂഎസ്എസ് കോളനി, പൊന്നാനി ഫ്ളാറ്റ്, ആലപ്പുഴ പുറക്കാട്, കോഴിക്കോട് വെസ്റ്റ് എന്നിവിടങ്ങളിലായി 774 കുടുംബങ്ങൾക്കുള്ള ഫ്ളാ

റ്റുകൾ/വീടുകൾ ഉദ്ഘാടനം ചെയ്യും. അപേക്ഷ നൽകിയിട്ടുള്ള മറ്റുള്ളവർക്ക് വീടും സ്ഥലവും വാങ്ങുന്നതിന് 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മത്സ്യ ബന്ധന യാനങ്ങളുടെയും എഞ്ചിനുകളുടെയും ഇൻഷുറൻസ് പദ്ധതിയ്ക്കു തുടക്കം കുറിക്കും. രണ്ട് മറൈൻ ആംബുലൻസുകൾ പ്രവർത്തനക്ഷമമാക്കും.

പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കായി 3000 പഠനമുറികൾ പൂർത്തിയാക്കും. 1620 പേർക്ക് ഭൂമി വാങ്ങാനായി ധനസഹായം നൽകും. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി 2000 പേർക്ക് സ്വയംതൊഴിൽ വായ്പ നൽകും. 3500 പേർക്ക് വനാവകാശ രേഖയും 2500 പേർക്ക് നിക്ഷിപ്ത വനഭൂമിയിലുള്ള അവകാശവും 300 പേർക്ക് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം കൃഷി ഭൂമിയും ലഭ്യമാക്കും. 4800 പട്ടികവർഗ്ഗ വീടുകൾകൂടി പൂർത്തീകരിക്കും. തിരിച്ചെത്തിയ പ്രവാസികൾക്കുള്ള ക്ഷേമ പദ്ധതികൾക്കായുള്ള നിർദ്ദേശം സർക്കാർ ക്ഷണിച്ചിരുന്നു. ഇതിൽ നടപ്പാക്കാനാകുന്ന പ്രോജക്ടുകൾ ജനുവരി, 2021ൽ പ്രഖ്യാപിക്കും.

തിരുവനന്തപുരം സൈബർ ഡോം കെട്ടിടം, ക്രൈംബ്രാഞ്ച് കോംപ്ലക്സ്, മൂന്നാം ഡിസ്ട്രിക്റ്റ് ട്രെയിനിംഗ് സെന്ററർ, വിവിധ ജില്ലകളിലെ ഡിസ്ട്രിക്റ്റ് കമാൻഡന്റ് കൺട്രോൾ സെന്ററുകൾ, ആലുവ പൊലീസ് സ്റ്റേഷൻ കെട്ടിടം, കൊച്ചിയിലെ സ്മാർട്ട് പൊലീസ് സ്റ്റേഷൻ എന്നിവയുടെ ഉദ്ഘാടനം നടക്കും. സ്ത്രീകളുടെ സുരക്ഷയ്ക്കു വേണ്ടിയുള്ള ഇന്റഗ്രേറ്റഡ് വിമൻ സെക്യൂരിറ്റി ആപ്പ് പുറത്തിറക്കും. തനിച്ചു താമസിക്കുന്ന മുതിർന്ന പൗരൻമാർക്കുള്ള വി-കെയർ പദ്ധതി ആരംഭിക്കും. നൂറുദിന പരിപാടികളുടെ പൂർണ്ണ വിശദാംശങ്ങൾ പിന്നീട് അറിയിക്കുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. സർക്കാർ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്. പ്രകടനപത്രികയിൽ പ്രഖ്യാപിച്ച 600 ഇന പരിപാടികളിൽ 570 എണ്ണവും പൂർത്തിയാക്കി. ബാക്കിയുള്ളവ വേഗത്തിൽ തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുകയാണ്.

പ്രകടനപത്രികയിൽ ഉൾപ്പെടാത്ത നൂറുകണക്കിന് പദ്ധതികളും പരിപാടികളും സർക്കാർ നടപ്പാക്കിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.

□

13 സർക്കാർ ആശുപത്രികൾക്കു കൂടി ദേശീയ ഗുണനിലവാര അംഗീകാരം

സംസ്ഥാനത്തെ 13 സർക്കാർ ആശുപത്രികൾക്ക് കൂടി നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ് (എൻ.ക്യൂ.എ.എസ്) അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ അറിയിച്ചു. കോട്ടയം പെരുന്ന അർബൻ പ്രൈമറി ഹെൽത്ത് സെന്റർ (സ്കോർ 94.34), മലപ്പുറം മൊറയൂർ കുടുംബാരോഗ്യ കേന്ദ്രം (92.73), കോഴിക്കോട് മേപ്പയ്യൂർ കുടുംബാരോഗ്യ കേന്ദ്രം (92.16), കണ്ണൂർ എരമംകുറ്റൂർ കുടുംബാരോഗ്യ കേന്ദ്രം (92.6), കണ്ണൂർ കല്ല്യാശേരി കുടുംബാരോഗ്യ കേന്ദ്രം (91.8) എന്നീ കേന്ദ്രങ്ങൾക്കാണ് ഇപ്പോൾ ദേശീയ ഗുണനിലവാര അംഗീകാരമായ എൻ.ക്യൂ.എ.എസ്. ബഹുമതി ലഭിച്ചത്. ഇതുകൂടാതെ തൃശൂർ വേലൂർ കുടുംബാരോഗ്യ കേന്ദ്രം (95), കണ്ണൂർ ചെറുകുന്നത്തറ (88), കണ്ണൂർ ആറളം ഫാം കുടുംബാരോഗ്യ കേന്ദ്രം (84), കണ്ണൂർ ഉദയഗിരി പ്രാഥമികാരോഗ്യ കേന്ദ്രം (94), പത്തനംതിട്ട ചെന്നീർക്കര കുടുംബാരോഗ്യ കേന്ദ്രം (87.5), തിരുവനന്തപുരം കരകുളം കുടുംബാരോഗ്യ കേന്ദ്രം (90), കണ്ണൂർ പുളിങ്കോം പ്രാഥമികാരോഗ്യ കേന്ദ്രം (90), എറണാകുളം മണീട് പ്രാഥമികാരോഗ്യ കേന്ദ്രം (95) എന്നിവയ്ക്കും അടുത്തിടെ എൻ.ക്യൂ.എ.എസ്. ബഹുമതി ലഭിച്ചുവെന്ന് മന്ത്രി വ്യക്തമാക്കി.

കൊവിഡിനിടയിലും സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ രാജ്യത്ത് തന്നെ മികച്ചതായി മാറിയിരിക്കുകയാണ്. രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ആദ്യത്തെ 12 സ്ഥാനവും കേരളം ഇപ്പോഴും നിലനിർത്തുകയാണ്. ഇന്ത്യയിൽ ആകെയുള്ള 5190 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളുള്ളതിൽ 36 എണ്ണത്തിന് മാത്രമാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിൽ 7 എണ്ണം കേരളത്തിലാണ്. 21 അർബൻ പ്രൈമറി സെന്ററുകൾക്ക് നോമിനേഷൻ ലഭിച്ചിരുന്നു. അതിൽ വിലയിരുത്തലുകൾ പൂർത്തിയായ 7 സ്ഥാപനങ്ങൾക്കാണ് അംഗീകാരം ലഭിച്ചത്. ജനുവരിയിൽ തന്നെ മറ്റുള്ളവയുടെ വിലയിരുത്തലുകൾ പൂർത്തിയാകും.

ഇതോടെ സംസ്ഥാനത്തെ 85 സ്ഥാപനങ്ങൾക്കാണ് എൻ.ക്യൂ.എ.എസ് അംഗീകാരം ലഭിച്ചിരിക്കുന്നത്. മൂന്ന് ജില്ലാ ആശുപത്രികൾ, നാല് താലൂക്ക് ആശുപത്രികൾ, അഞ്ച് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, ഏഴ് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 66 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് എൻ.ക്യൂ.എ.എസ് അംഗീകാരം നേടിയിട്ടുള്ളത്. തിരുവനന്തപുരം ഒറ്റശേഖരമംഗലം പൂഴനാട് കുടുംബാരോഗ്യ കേന്ദ്രവും കാസർഗോഡ് കയ്യൂർ രക്തസാക്ഷി സ്മാരക കുടുംബാരോഗ്യ കേന്ദ്രവും 99 ശതമാനം സ്കോർ കരസ്ഥമാക്കി ഇന്ത്യയിൽ തന്നെ ഒന്നാം സ്ഥാനത്താണ്. ജില്ലാതല ആശുപത്രികളുടെ പട്ടികയിൽ 96 ശതമാനം സ്കോർ നേടി ഡബ്ല്യൂ & സി ആശുപത്രി കോഴിക്കോടും, സബ് ജില്ലാ ആശുപത്രികളുടെ പട്ടികയിൽ 98.7 ശതമാനം സ്കോർ നേടി താലൂക്ക് ആശുപത്രി ചാലക്കുടിയും ഇന്ത്യയിൽ ഒന്നാമതാണ്. കണ്ണൂർ ജില്ലയിലെ 20 സ്ഥാപനങ്ങൾക്കാണ് എൻ.ക്യൂ.എ.എസ് അംഗീകാരം ലഭിച്ചത്. ഇത്രയേറെ എൻ.ക്യു.എ.എസ് അംഗീകാരം നേടിയെടുക്കുന്ന ഇന്ത്യയിലെ തന്നെ ഏക ജില്ലയാണ് കണ്ണൂർ.

സർവ്വീസ് പ്രൊവിഷൻ, പേഷ്യന്റ് റൈറ്റ്, ഇൻപുട്സ്, സപ്പോർട്ടീവ് സർവ്വീസസ്, ക്ലിനിക്കൽ സർവ്വീസസ്, ഇൻഫെക്ഷൻ കൺട്രോൾ, ക്വാളിറ്റി മാനേജ്മെന്റ്, ഔട്ട് കം, എന്നീ 8 വിഭാഗങ്ങളായി 6500 ഓളം ചെക്ക് പോയിന്റുകൾ വിലയിരുത്തിയാണ് എൻ.ക്യൂ.എ.എസ് അംഗീകാരം നൽകുന്നത്. ജില്ലാതല പരിശോധന, സംസ്ഥാനതല പരിശോധന എന്നിവയ്ക്ക് ശേഷം എൻ.എച്ച്.എസ്.ആർ.സി നിയമിക്കുന്ന ദേശീയതല പരിശോധകർ നടത്തുന്ന പരിശോധനകൾക്ക് ശേഷമാണ് ആശുപത്രികളുടെ ഗുണനിലവാര മാനദണ്ഡം ഉറപ്പാക്കുന്നത്. ഇവയിൽ ഓരോ വിഭാഗത്തിലും 70 ശതമാനത്തിൽ കൂടുതൽ മാർക്ക് നേടുന്ന സ്ഥാപനങ്ങൾക്കാണ് ഭാരത സർക്കാർ എൻ.ക്യു.എ.എസ് അംഗീകാരം നൽകുന്നത്. എൻ.ക്യു.എ.എസ് അംഗീകാരത്തിന് മൂന്നുവർഷ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയതല സംഘത്തിന്റെ പുനഃപരിശോധന ഉണ്ടാകും. എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന പി.എച്ച്.സി.കൾക്ക് രണ്ട് ലക്ഷം രൂപാ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപ എന്ന നിലയിലും വാർഷിക ഇൻസന്റീവ് ലഭിക്കും. ആശുപത്രിയുടെ കൂടുതൽ വികസനത്തിന് ഇത് സഹായിക്കും.

വാർത്തകൾ വിശേഷങ്ങൾ

സേവനാവകാശ നിയമം വിജ്ഞാപനം പുറപ്പെടുവിച്ചു

2012-ലെ സേവനാവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടറേറ്റ്, പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ ഓഫീസുകൾ, ഗ്രാമപഞ്ചായത്ത് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ, സേവനങ്ങൾ ലഭിക്കുന്നതിനുള്ള സമയപരിധി, നിയുക്ത ഉദ്യോഗസ്ഥർ, അപ്പീൽ അധികാരികൾ എന്നിവ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

വിജ്ഞാപനം. നം. PAN/14633/2020 - G2 തീയതി. 21.12.2020.

നിലാവ് പദ്ധതിക്ക് അംഗീകാരം

കേരളത്തിലെ തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചുകൊണ്ടും ഊർജ്ജ ലാഭം നേടിക്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി. സ്ഥാപിക്കുന്നതിനുള്ള നിലാവ് പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവായി.

സ. ഉ.(കൈ) നം. 202/2020/ത.സ്വ.ഭ.വ. തീയതി. 25.12.2020.

ഗ്രീൻ ഓഫീസ് - മാർഗ്ഗനിർദ്ദേശങ്ങൾ

സർക്കാർ ഓഫീസുകളിലെ ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രീൻ ഓഫീസ് സർട്ടിഫിക്കേഷനും ഗ്രേഡും നൽകുന്നതിന്റെ ഭാഗമായി ഹരിത ഓഡിറ്റ് നടത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച ഉത്തരവായി.

ജി.ഒ.(ആർ.ടി) നം. 2343/2020/എൽ.എസ്.ജി.ഡി തീയതി. 18.12.2020.

CMLRRP തുക അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിക്ക് കീഴിലെ പ്രവൃത്തികളുടെ നിർവ്വഹണത്തിന് തുക അനുവദിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു ഉത്തരവായി.

ജി.ഒ.(ആർ.ടി) നം. 2337/2020/എൽ.എസ്.ജി.ഡി തീയതി. 18.12.2020.

റീ ബിൽഡ് കേരള - നിർവ്വഹണ ഉദ്യോഗസ്ഥരെ നിയോഗിച്ചു

റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി വകയിരുത്തിയിരിക്കുന്ന തുക ഉപയോഗിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഗ്രാമപഞ്ചായത്തുകളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിലെ അസിസ്റ്റന്റ് എൻജിനീയർമാർക്കും കോർപ്പറേഷൻ/മുനിസിപ്പൽ പ്രദേശങ്ങളിൽ അതത് എൻജിനീയറിംഗ് വിഭാഗത്തിനും നൽകി ഉത്തരവായി.

ജി.ഒ.(ആർ.ടി) നം. 2319/2020/എൽ.എസ്.ജി.ഡി തീയതി. 16.12.2020.

മാലിന്യ സംസ്കരണ പദ്ധതി - വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥൻ

ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കുന്ന ശുചിത്വ-മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി വി.ഇ.ഒ മാരെ നിശ്ചയിച്ചുകൊണ്ടും ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ ഏകോപനത്തിന്റെയും റിപ്പോർട്ടിന്റെയും പൂർണ്ണ ചുമതല നൽകിക്കൊണ്ടും ഉത്തരവായി.

ജി.ഒ.(ആർ.ടി) നം. 2307/2020/എൽ.എസ്.ജി.ഡി തീയതി. 14.12.2020.

എം.ജി.എൻ.ആർ.ഇ.ജി.എസ്. കരാർ നിയമനം സ്പഷ്ടീകരണം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ കരാർ ജീവനക്കാരെ നിയമിക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സംവരണം ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. 210/ഡി.ഡി.2/2020/ത.സ്വ.ഭ.വ. തീയതി. 28/12/2020.

ഭിന്നശേഷി വിഭാഗം സ്കോളർഷിപ്പ് - നിർദ്ദേശങ്ങൾ

ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്, മറ്റ് സഹായം എന്നിവ മുടക്കം കൂടാതെ നൽകുന്നതിന് വേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

സർക്കുലർ നം. ഡി.എ 1/322/2020-ത.സ്വ.ഭ.വ. തീയതി. 24.12.2020.

ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം നിർവ്വഹണ ഉദ്യോഗസ്ഥരെ നിയോഗിച്ചു

ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെട്ടിട്ടില്ലാത്തതും യന്ത്രസാമഗ്രികൾ സ്ഥാപിക്കേണ്ടതില്ലാത്തതുമായ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി വി.ഇ.ഒ. മാരെചുമതലപ്പെടുത്തി കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചു.

സർക്കുലർ നം. എ2 -254/2020/പി.ഡി-ത.സ്വ.ഭ.വ. തീയതി. 11.12.2020.

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

ജീവന്റെ വിലയുള്ള ബദൽ

■ ഷിജ ഏലിയാസ്

ആരോഗ്യരക്ഷാസംവിധാനങ്ങളുടെ വിതരണത്തിലെ അനീതിയും അസന്തുലനവും ഭയാനകമാണ്. വെളുത്തവനും പണക്കാരനുമാണ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ മുൻഗണനാ ഉണഭോക്താക്കൾ എന്ന് സ്ഥാപിക്കാൻ ലളിതമായ കണക്കുകൾ മതിയാവും. ലോകത്ത് രോഗങ്ങളുടെ 25 ശതമാനവും ആഫ്രിക്കൻ രാജ്യങ്ങളിലാണ്. എന്നാൽ, രോഗ ചികിൽസയ്ക്കും ആരോഗ്യ സംരക്ഷണത്തിനും വേണ്ടി ലോക രാജ്യങ്ങൾ മൊത്തത്തിൽ ചെലവിടുന്ന തുകയുടെ രണ്ട് ശതമാനം മാത്രമാണ് ഈ ദരിദ്രരാജ്യങ്ങളിലെ ജനങ്ങൾക്ക് ലഭിക്കുന്നത്.

ഒരു രാജ്യം അതിന്റെ പൊതു ഫണ്ടിൽ അഞ്ച് ശതമാനമെങ്കിലും ആരോഗ്യ മേഖലയ്ക്കായി ചെലവഴിക്കണമെന്ന് ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുണ്ട്. ലോകത്ത് വിരലിൽ എണ്ണാവുന്നത്ര രാജ്യങ്ങൾ മാത്രമേ ആരോഗ്യ പരിരക്ഷയ്ക്ക് ഈ വിധം ഊന്നൽ നൽകുന്നുള്ളൂ. ഇന്ത്യയിൽ (കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ചെലവ് ഒരുമിച്ചെടുത്താൽ) മൊത്ത വരുമാനത്തിന്റെ ഒന്നര ശതമാനത്തിൽ താഴെ മാത്രമാണ് ആരോഗ്യ രക്ഷയ്ക്കായി ചെലവിടുന്നത്. ആരോഗ്യ സേവനങ്ങൾക്കായി സ്വകാര്യ മേഖലയെ അമിതമായി ആശ്രയിക്കാൻ ശരാശരി ഇന്ത്യക്കാരൻ നിർബന്ധിതനാണ്. എന്നാൽ, ജനങ്ങളിൽ സാമ്പത്തിക ഭദ്രതയില്ലാത്ത ബഹുഭൂരിപക്ഷവും സ്വകാര്യ മേഖലയുടെ ആരോഗ്യ സേവനങ്ങളിൽ നിന്ന് പണത്തിന്റെ അരിപ്പ കൊണ്ട് അരിച്ചു മാറ്റപ്പെടുന്നു. ഈ പ്രവണതയ്ക്ക് അപവാദങ്ങൾ ഇല്ലെന്നല്ല; നിർഭാഗ്യവശാൽ, അവ എണ്ണത്തിൽ കുറഞ്ഞു കുറഞ്ഞ്, വേറിട്ട തുരുത്തുകളായി, കൂടുതൽ ലക്ഷണമൊത്ത അപവാദങ്ങളായി, മാറിക്കൊണ്ടിരിക്കുന്നു. സാമ്പത്തിക കൊടുക്കൽ - വാങ്ങൽ യുക്തിയിലേക്ക് ആരോഗ്യ സേവനങ്ങൾ ചുരുക്കപ്പെട്ടിരിക്കുന്നു. രോഗത്തിന്റെ പിടിയിലാവുന്ന പൗരന്റെ ജീവൻ ലാഭം മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിച്ച് സർക്കാരുകൾ കൈയും കെട്ടി നിൽക്കുന്നതാണ് സമ്പന്ന രാജ്യങ്ങളെന്നോ ദരിദ്ര രാജ്യങ്ങളെന്നോ, അമേരിക്കയെന്നോ ഏഷ്യയെന്നോ, വ്യത്യാസമില്ലാതെ ഇന്ന് പൊതുവിൽ കാണുന്നത്.

പരമദരിദ്രരോ സാധാരണക്കാരോ താഴ്ന്ന ഇടത്തരക്കാരോ ആയ മനുഷ്യരുടെ ജീവൻ ഈ ഷൈലോക്കുമാരുടെ കൈകളിൽ എത്ര കണ്ട് സുരക്ഷിതമാണെന്ന ചോദ്യം ബാക്കിയാണ്. ജാതി, മത, വർഗ, വർണ്ണ ഭേദചിന്തകൾ ജനാധിപത്യ പൗരസമൂഹത്തിന്റെ വളർച്ച തടയുന്നതു കൊണ്ടാവണം, മറ്റ് മേഖലകളിൽ എന്നപോലെ ഈ രംഗത്തും, മൂലധന ശക്തികളുടെ കൊള്ളകൾക്ക് എതിരായ ജനകീയ ഉണർവ് ദുർബലമാവുകയാണ്. കൊറോണ വൈറസ് മഹാമാരി ആരോഗ്യ മേഖലയിലെ വിള്ളലുകൾ ഒരിക്കൽക്കൂടി മറനീക്കിയ സാഹചര്യത്തിൽ പൊതുജനാരോഗ്യത്തിന്റെ രാഷ്ട്രീയവും സിവിൽ സമൂഹ യുക്തികളും ഒരിക്കൽക്കൂടി ചർച്ചയാവുകയാണ്.

മൂലധന താൽപര്യങ്ങൾ ദേശീയ സർക്കാരുകളുടെ നയരൂപീകരണത്തെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഈ കാലത്ത് ലോകജനതയിൽ വലിയൊരു വിഭാഗത്തിനും ആരോഗ്യകരമായ ജീവിത ചുറ്റുപാടും സ്വാഭാവിക വിഭവങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇന്ന് ലോകത്തെ 80 കോടിയിലധികം പേർ ആവശ്യത്തിന് ശുദ്ധജലം ലഭ്യമല്ലാത്തവരാണ്. ജലസമൃദ്ധങ്ങളായ അധിവാസ കേന്ദ്രങ്ങളിൽ നിന്ന് പറിച്ചെറിയപ്പെട്ടവരോ ഊഷരമാക്കപ്പെട്ട സ്വന്തം മണ്ണിൽ നിസ്സഹായരായി ജീവിക്കേണ്ടി വരുന്നവരോ ആണ് അവരിൽ നല്ലൊരു ഭാഗവും. ദരിദ്ര, പാർശ്വവൽകൃത വിഭാഗങ്ങൾ കുടിവെള്ളത്തിനു വേണ്ടി ആശ്രയിക്കുന്ന കുളങ്ങളും അരുവികളും നീർത്തോടുകളും ലാഭക്കൊതിയോടെയുള്ള പ്രകൃതി ചൂഷണത്തിന്റെ ഫലമായി വറ്റുകയോ മലിനമാവുകയോ ചെയ്തിരിക്കുന്നു. ശുദ്ധജല വിതരണം ഏറ്റവും ലാഭകരമായ ഒരു കോർപ്പറേറ്റ് വ്യവസായമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഓരോ വർഷവും 34 ലക്ഷത്തോളം കുട്ടികളാണ് ശുദ്ധജലം കിട്ടാതെ ജലജന്യ രോഗങ്ങൾ കൊണ്ട് മാത്രം മരിക്കുന്നത്. സാധാരണക്കാരായ മനുഷ്യർ ജീവിച്ചു വന്ന സ്വാഭാവിക പ്രകൃതി മൂലധന താൽപര്യങ്ങൾക്കനുസൃതമായ അശാസ്ത്രീയ വികസനത്തിന്റെ ഫലമായി നശിപ്പിക്കപ്പെട്ടിരിക്കുന്നു. സ്വന്തം മണ്ണിൽ യുദ്ധം ചെയ്യാതിരിക്കുക എന്ന സമ്പന്ന യൂറോ- അമേരിക്കൻ രാജ്യങ്ങളുടെ തന്ത്രം അവർ പ്രകൃതി ചൂഷണത്തിന്റെ രംഗത്തേക്കു കൂടി വ്യാപിപ്പിച്ചിരിക്കുന്നു. ദരിദ്ര, പിന്നോക്ക രാജ്യങ്ങളിലെ മണ്ണും പ്രകൃതിയും ചൂഷണം ചെയ്ത് ലാഭം കൊയ്യുകയും സ്വന്തം നാടുകൾ താരതമ്യേന സുരക്ഷിതമാക്കി വയ്ക്കുകയുമെന്ന നയം യൂറോ-അമേരിക്കൻ കോർപ്പറേറ്റുകൾ വിജയകരമായി പ്രയോഗിക്കുന്നു. ദരിദ്ര, വികസ്വര രാജ്യങ്ങളുടെ, വിശേഷിച്ച് ഈ രാജ്യങ്ങളിലെ ദരിദ്ര, പാർശ്വവൽകൃത വിഭാഗങ്ങളുടെ ജീവന്റെയും ആരോഗ്യത്തിന്റെയും ചെലവിലാണ് ബഹുരാഷ്ട്ര കോർപ്പറേറ്റുകളിൽ ഒരു വിഭാഗം കൊഴുത്തു കൊണ്ടിരിക്കുന്നത്. കുത്തക മൂലധനശക്തികളുടെ ഇടപെടലുകൾ ദരിദ്ര, വികസ്വര രാജ്യങ്ങളുടെ പരിസ്ഥിതി അനാരോഗ്യകരമാക്കി മാറ്റുന്നതിലൂടെ, ഈ രാജ്യങ്ങളിലെ ഗ്രാമീണ ജനതയുടെ സ്വസ്ഥതയും സ്വൈരജീവിതവും ആരോഗ്യവും തകർക്കുന്നു.

ആരോഗ്യരക്ഷാസംവിധാനങ്ങളുടെ വിതരണത്തിലെ അനീതിയും അസന്തുലനവും ഭയാനകമാണ്. വെളുത്തവനും പണക്കാരനുമാണ് ആധുനിക വൈദ്യശാസ്ത്രത്തിന്റെ മുൻഗണനാ ഗുണഭോക്താക്കൾ എന്ന് സ്ഥാപിക്കാൻ ലളിതമായ കണക്കുകൾ മതിയാവും. ലോകത്ത് രോഗങ്ങളുടെ 25 ശതമാനവും ആഫ്രിക്കൻ രാജ്യങ്ങളിലാണ്. എന്നാൽ, രോഗ ചികിൽസയ്ക്കും ആരോഗ്യ സംരക്ഷണത്തിനും വേണ്ടി ലോക രാജ്യങ്ങൾ മൊത്തത്തിൽ ചെലവിടുന്ന തുകയുടെ രണ്ട് ശതമാനം മാത്രമാണ് ഈ ദരിദ്രരാജ്യങ്ങളിലെ ജനങ്ങൾക്ക് ലഭിക്കുന്നത്. ലോക ജനസംഖ്യയുടെ പതിനൊന്ന് ശതമാനം മാത്രമുള്ള ആഫ്രിക്കയിലാണ് ലോകത്തിലെ നാല് കോടിയിൽ കൂടുതൽ വരുന്ന എയ്ഡ്സ് ബാധിതരിൽ 60 ശതമാനവും. ലോകത്തിലെ മലേറിയ രോഗികളിൽ 90 ശതമാനത്തിലധികവും ആഫ്രിക്കയിലാണ്. സഹാറൻ മേഖലയിലെ 60 ശതമാനത്തിൽ താഴെ ആളുകൾക്ക് മാത്രമേ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുള്ളൂ. ഏറ്റവും ഉയർന്ന മാതൃമരണനിരക്കും ശിശുമരണ നിരക്കും ഈ രാജ്യങ്ങളിലാണ്.

ഏഷ്യാ പസഫിക് രാജ്യങ്ങളിലെ കണക്ക് പരിശോധിച്ചാലും ഈ അസമത്വം കാണാം. ലോകത്ത് ഓരോ വർഷവും അഞ്ച് വയസിനു മുമ്പ് മരിക്കുന്ന ഒരു കോടിയോളം കുട്ടികളിൽ 40 ശതമാനത്തിൽ കൂടുതലും ഏഷ്യാ-പസഫിക് രാജ്യങ്ങളിലാണ്. നവജാത ശിശുമരണങ്ങളുടെ കണക്കെടുത്താൽ 55 ശതമാനത്തിലധികവും ഈ രാജ്യങ്ങളിൽ തന്നെ. ഏഷ്യയിലെ 60 ശതമാനത്തോളം കുട്ടികൾക്കും പോഷകാഹാരക്കുറവ് ഉള്ളതായി പഠനങ്ങൾ കാണിക്കുന്നു. ഈ മേഖലയിലെ മൂന്നു കുട്ടികളിൽ രണ്ടും പോഷകാംശങ്ങളുടെ കുറവു കൊണ്ടുള്ള വളർച്ചാ വൈകല്യങ്ങളോടെ ജനിക്കുന്നവരാണ്. താരതമ്യേന ഭേദപ്പെട്ട കണക്കുകളുള്ള ഏതാനും രാജ്യങ്ങളുടെ ചെലവിലാണ് ഈ പൊതു നിലവാരം എന്നതു കൂടി പരിഗണിച്ചാലേ അസന്തുലിതത്വത്തിന്റെ തീവ്രത വ്യക്തമാവൂ.

ലോകത്തെ വൈദ്യശാസ്ത്ര പുരോഗതിയുടെ ന്യായമായ വിഹിതം ദരിദ്ര രാജ്യങ്ങൾക്കും ലോകത്തെങ്ങുമുള്ള ദരിദ്രർക്കും ലഭിക്കുന്നില്ലെന്ന ആക്ഷേപം വെറുതെയല്ല. ലോക ജനസംഖ്യയുടെ 20 ശതമാനം മാത്രമുള്ള സമ്പന്ന രാജ്യങ്ങളിലാണ് ലോകത്താകെ രോഗ ചികിൽസയ്ക്കും ആരോഗ്യ സംരക്ഷണത്തിനും വേണ്ടി ചെലവഴിക്കുന്ന തുകയുടെ 90 ശതമാനവും എത്തുന്നത്. ബാക്കിയുള്ള 80 ശതമാനത്തിന് ലഭിക്കുന്നത് വെറും 10 ശതമാനം മാത്രമാണ്. ആരോഗ്യ സംരക്ഷ

ണത്തിനു വേണ്ടിയുള്ള ആളോഹരി ചെലവിന്റെ കാര്യത്തിലും ന്യായീകരിക്കാനാവാത്ത അന്തരം പ്രകടമാണ്. വികസ്വര രാജ്യങ്ങളിലെ അഞ്ച് വയസ് തികയാത്ത ഒന്നേ കാൽ കോടിയിലധികം ശിശുക്കളാണ് ഓരോ വർഷവും മരിക്കുന്നത്. പത്തു ലക്ഷത്തിലധികം കുട്ടികൾ ഓരോ വർഷവും മലേറിയ ബാധിച്ച് മരിക്കുന്നു. ഈ മരണങ്ങളിൽ നാലിൽ മൂന്നും ചെറിയ ചികിൽസ കൊണ്ടോ വൈദ്യസഹായം കൊണ്ടോ തടയാൻ കഴിയുന്നവയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഒരു കോടിയോളം ശിശുക്കളെ ഓരോ വർഷവും നമ്മൾ കൊലയ്ക്കു കൊടുക്കുന്നു. ആരോഗ്യരംഗത്തെ ഈ ചിത്രം ലോകത്തെ പൊതു ചിത്രത്തിന്റെ ഭാഗമാണ്. ദരിദ്ര രാജ്യങ്ങളിൽ പിറന്നു വീഴുന്ന ശിശുക്കൾ രണ്ടാം തരക്കാരാവാൻ ശപിക്കപ്പെട്ടവരാണെന്ന് പറഞ്ഞാൽ അധികമാവില്ല.

ലോകത്ത് 4 കോടിയോളം പേരാണ് ആരോഗ്യ പരിരക്ഷാ രംഗത്ത് ജോലി ചെയ്യുന്നത്. ഇതിൽ എട്ടിൽ ഒരു ഭാഗം മാത്രമാണ് ലോക ജനസംഖ്യയുടെ നാലിൽ ഒരു ഭാഗവും വസിക്കുന്ന തെക്ക്- കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിൽ പ്രവർത്തിക്കുന്നത്. ആഫ്രിക്കയുടെ കണക്കും ദയനീയമാണ്. ദരിദ്ര രാജ്യങ്ങളിൽ ജനിച്ചു വീഴുന്നുവെന്ന ഒരൊറ്റ കാരണം കൊണ്ടു മാത്രം ലോക ജനസംഖ്യയിലെ വലിയൊരു വിഭാഗത്തിന് മികച്ച നിലവാരമുള്ള ആരോഗ്യ പരിരക്ഷ നിഷേധിക്കപ്പെടുന്നു എന്നർത്ഥം. ദരിദ്ര രാജ്യങ്ങളിൽ ദരിദ്രരായോ പാർശ്വവൽക്കരിക്കപ്പെട്ട സാമൂഹിക വിഭാഗങ്ങളിലോ ജനിക്കുന്നവരുടെ കാര്യം പറയുകയേ വേണ്ട. സമ്പന്ന മുതലാളിത്ത രാജ്യങ്ങളിലെ ആരോഗ്യ പ്രവർത്തകരിൽ ചെറുതല്ലാത്ത ഒരു വിഭാഗം ഈ ദരിദ്ര, പിന്നോക്ക രാജ്യങ്ങളിൽ നിന്ന് തൊഴിൽ തേടി എത്തിയവരാണ് എന്നതുകൂടി ഇതിനോട് ചേർത്തു വായിക്കണം.

വൻകിട ഫാർമസ്യൂട്ടിക്കൽ കോർപ്പറേറ്റ് കമ്പനികളുടെ സാമ്പത്തിക താൽപര്യങ്ങൾക്ക് അമേരിക്കൻ ഐക്യനാടുകൾ അടക്കമുള്ള രാജ്യങ്ങളുടെ ആരോഗ്യ നയരൂപീകരണത്തിൽ നിർണ്ണായക സ്വാധീനമുണ്ട്. സമ്പന്ന രാജ്യങ്ങളെന്നോ ദരിദ്ര രാജ്യങ്ങളെന്നോ ഭേദമില്ലാതെ, സാമ്പത്തിക ജീവിതത്തിന്റെ കണ്ണികൾ കൂട്ടിയിണക്കുന്നതിൽ രോഗവും രോഗചികിൽസയും പ്രധാന പങ്കുവഹിക്കുന്നു. ഒരു പുതിയ രോഗം കണ്ടെത്തുന്നതോടെ വലിയൊരു സാധ്യതയാണ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേറ്റുകൾക്കു മുന്നിൽ തുറക്കുന്നത്. ലോകത്തെ ഏറ്റവും പ്രസിദ്ധങ്ങളായ യൂണിവേഴ്സിറ്റികളുടെ ഡോക്ടറേറ്റ് പ്രബന്ധങ്ങളേക്കാൾ ആധികാരികങ്ങളായ ഗവേഷണ റിപ്പോർട്ടുകൾ കോർപ്പറേറ്റ് ഭീമൻമാരുടെ മേശപ്പുറത്തുണ്ട്. കമ്പോളത്തിലെ പ്രവണതകളും അതിനെ സ്വാധീനിക്കാനുള്ള തന്ത്രവുമാണ് പഠനവിഷയം എന്നു മാത്രം.

രോഗത്തെ ഒരു സാധ്യതയായി കാണുന്ന ആധുനിക ലോക ക്രമത്തിന്റെ പരിമിതികൾക്ക് ഉള്ളിലാണ് ഇന്ത്യയുടെ ആരോഗ്യരംഗവും. ജനാധിപത്യ പൗരസമൂഹത്തിന്റെ സമ്മർദ്ദം ഉയർന്നു വരാത്ത കാലത്തോളം കമ്പോള കേന്ദ്രീകൃതമായ വികസന നയങ്ങൾ പൊളിച്ചെഴുതാൻ രാഷ്ട്രീയ സമൂഹം മുൻകൈയെടുക്കുമെന്ന് പ്രതീക്ഷിക്കാൻ വയ്യ. ഈ ചട്ടക്കൂടിനുള്ളിൽ, ഒരു ഫെഡറൽ ഭരണ സംവിധാനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് കേരളം പൊതുജനാരോഗ്യ പരിരക്ഷയുടെ ഒരു തനതു ബദൽ വികസിപ്പിച്ചത്. ലോക ശ്രദ്ധ നേടിയ കേരളവികസന ബദലിന്റെ അവിഭാജ്യ ഘടകമാണത്. കേരളത്തിന്റെ പൊതുജനാരോഗ്യ ബദൽ ഉയർത്തിക്കാട്ടി ആഗോളവൽക്കരണ കാലത്തെ കമ്പോളാധിഷ്ഠിത ആരോഗ്യനയത്തിന്റെ ദൗർബല്യം തുറന്നുകാട്ടുന്ന എത്രയെങ്കിലും പഠനങ്ങളുണ്ട്.

വളർച്ചയല്ല വികസനം

രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ 25 മെഡിക്കൽ കോളേജുകളാണ് ഇന്ത്യയിൽ ഉണ്ടായിരുന്നത്. ഇന്നത് ഏതാണ്ട് ഇരുപത് മടങ്ങുകണ്ട് (542- 2020 മേയ്) വർദ്ധിച്ചിരിക്കുന്നു. അന്നില്ലാതിരുന്ന കോഴ്സുകളാണ് ഇന്നുള്ളതിൽ കൂടുതലും. ഈ കാലത്തിനിടയിൽ ലാഭകരമായ ഒരു വ്യവസായമായി ചികിൽസാരംഗം മാറി. തൊണ്ണൂറുകളുടെ തുടക്കത്തിൽ ആഗോളവൽക്കരണ, ഉദാരവൽക്കരണ, സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പിലായതിനു ശേഷം ആശുപത്രികളുടെയും മെഡിക്കൽ കോളേജുകളുടെയും എണ്ണം കുത്തനെ വർദ്ധിച്ചു. കൂണുപോലെ മുളച്ചുപൊന്തുന്ന മെഡിക്കൽ, നഴ്സിങ് കോളേജുകളിൽ പഠിച്ചിറങ്ങുന്നവരുടെ ബലത്തിൽ, ഇന്ത്യയിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും എണ്ണം അതിവേഗം വർദ്ധിക്കുന്നുവെന്നതിൽ സംശയമില്ല. എന്നാൽ, ഇതിന്റെ പ്രയോജനം രാജ്യത്തെ നല്ലൊരു വിഭാഗം ജനങ്ങളും വസിക്കുന്ന

ഗ്രാമീണ, പിന്നോക്ക മേഖലകൾക്ക് വേണ്ട യളവിൽ ലഭിക്കുന്നില്ല. അലോപ്പതി, ആയുർവേദം, ഹോമിയോ, യൂനാനി തുട ങ്ങിയവ ഒരുമിച്ചെടുത്താൽ 1000 പേർക്ക് ഒരു ഡോക്ടറെന്ന അനുപാതം ഇന്ത്യ കൈവരിച്ചു (1:868- 2018). നഴ്സുമാരുടെ എണ്ണ ത്തിലും താരതമ്യേന ഭേദപ്പെട്ട അനുപാതം നാം ആർജ്ജിച്ചിട്ടുണ്ട്. രാജ്യത്ത് അലോപ്പ തിക്കാരായ പതിനൊന്നര ലക്ഷത്തിലധി കവും ആയുർവേദ, ഹോമിയോ, യുനാനി രംഗത്ത് പ്രവർത്തിക്കുന്ന 7.5 ലക്ഷത്തിലധി കവും മെഡിക്കൽ പ്രാക്ടീഷണർമാരുണ്ട്. നഴ്സുമാരുടെ എണ്ണം 30 ലക്ഷത്തിൽ കൂടുതലാണ്.

രാജ്യത്തെ എണ്ണായിരത്തി അഞ്ഞൂറില ധികം നഴ്സിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് 3 ലക്ഷത്തിലധികം പേരാണ് ഓരോ വർഷവും പഠിച്ചിറങ്ങുന്നത്. ഇവരെ വേണ്ട വിധം വിന്യസിച്ചാൽ, രാജ്യത്തിന്റെ പൊതു ജനാരോഗ്യ രംഗം ശക്തിപ്പെടുത്താൻ കഴി യുമെന്നതിൽ സംശയമില്ല. രാജ്യത്തെ അലോപ്പതി, ആയുർവേദ, ഹോമിയോ ഡോക്ടർമാരിൽ പത്തു ശതമാനത്തിലും എത്രയോ കുറവാണ് സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്നവർ. അവരിൽ ഗ്രാമങ്ങളിൽ ജോലി ചെയ്യുന്നവർ വളരെ ചെറിയൊരു ശതമാനമേയുള്ളൂ. ഇന്ത്യയിലെ നല്ലൊരു ഭാഗം കമ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രൈമറി ഹെൽത്ത് സെന്ററുകളിലും സബ് സെന്ററുകളിലും ആവശ്യത്തിന് ആരോഗ്യ പ്രവർത്തകരില്ല. ഗ്രാമങ്ങളിലെ സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർ മാരെ കിട്ടാത്ത സാഹചര്യം എത്രയെങ്കിലും സർക്കാർ രേഖകളിൽ വിശദീകരിച്ചിട്ടുണ്ട്.

മൊത്തം ചികിൽസാ ചെലവിന്റെ 50 ശതമാനം മുതൽ 80 ശതമാനം വരെ സർക്കാർ വഹിക്കുന്ന വികസിത രാജ്യങ്ങ ളുണ്ട്. കോർപ്പറേറ്റ് വൽക്കരണത്തിന്റെ പാതയിലൂടെ അതിവേഗം മുന്നോട്ടു പോവുന്ന അമേരിക്കയിൽ പോലും ആരോഗ്യ സേവനങ്ങളിലെ സർക്കാർ വിഹിതം വെട്ടിക്കുറയ്ക്കാൻ അനുവദിക്കാത്ത വിധം പൗരസമൂഹത്തിന്റെ സമ്മർദ്ദം ശക്തമാണ്. ഏറ്റവും പുതിയ കണക്കനുസ രിച്ച് ഇന്ത്യയിൽ 7 ലക്ഷത്തിലധികം ആശുപത്രി കിടക്കകളാണുള്ളത്. 1990 കളിലെ സ്ഥിതിവച്ചു നോക്കിയാൽ ഇത് മുന്നേറ്റമാണ്. 600 പേർക്ക് ഒരു ആശുപത്രി കിടക്ക എന്ന കണക്കിൽ ആശുപത്രി സൗകര്യങ്ങൾ ഉണ്ടാവണമെന്നാണ് ലോകാരോഗ്യ സംഘടന നിർദ്ദേശിക്കു ന്നത്. രാജ്യത്തെ ആശുപത്രി കിടക്കകളുടെ എണ്ണം പരിമിതമാണ് എന്നു മാത്രമല്ല, ഇതിൽ ചെറിയ ശതമാനം മാത്രമാണ് പൊതുമേഖലയിലുള്ളത്. സ്വകാര്യ മേഖലയിലും, ഇത് പ്രധാനമായി നഗരങ്ങ ളിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

ശതമാനക്കണക്കെടുത്താൽ, പൊതുജ നാരോഗ്യ രംഗത്ത് ഏറ്റവും കുറച്ച് മുതൽ മുടക്കുന്ന ലോകത്തിലെ അഞ്ച് രാജ്യങ്ങ ളിൽ ഒന്ന് ഇന്ത്യയാണ്. ആരോഗ്യ പരിരക്ഷാ രംഗത്തെ മൊത്തം ചെലവിൽ 80 ശതമാനവും സ്വകാര്യ വ്യക്തികൾ മുടക്കു ന്ന ലോകത്തിലെ ആദ്യ പതിനഞ്ച് രാജ്യ ങ്ങളിൽ ഒന്നും ഇന്ത്യ തന്നെയാണ്. സേവന മേഖലകൾ മൂലധന ശക്തികൾക്ക് അടിയറ വയ്ക്കുന്ന നയങ്ങളുടെ സ്വാഭാവിക ഫലം മാത്രമാണിത്. രാജ്യത്ത് ആരോഗ്യ സംര ക്ഷണത്തിനു വേണ്ടി ചെലവഴിക്കുന്ന തുകയുടെ ഇരുപത് ശതമാനത്തിൽ താഴെ മാത്രമാണ് സർക്കാർ വിഹിതം. പണം മുടക്കാൻ കഴിവുള്ളവരുടെ കൈകളിലാണ് വൈദ്യസേവനങ്ങളിൽ 80 ശതമാനവും എത്തിച്ചേരുന്നത് എന്നർത്ഥം. മറ്റ് വാക്കു കളിൽ പറഞ്ഞാൽ, ഇന്ത്യയിലെ 140 കോടി ജനങ്ങൾ ആരോഗ്യ രക്ഷയ്ക്കായി ചെലവഴി ക്കുന്ന തുകയിൽ 80 ശതമാനവും ചെന്നു ചേരുന്നത് ലാഭക്കണ്ണോടെ പ്രവർത്തിക്കുന്ന സ്വകാര്യ ആതുരാലയങ്ങളിലാണ്. പണം വാങ്ങി രോഗികളെ ചികിൽസിക്കുക എന്ന തിനപ്പുറത്ത്, രോഗപ്രതിരോധം ഈ സ്വകാര്യ ആതുരാലയങ്ങളുടെ വിഷയമേയ ല്ല. ആദിവാസി, പിന്നോക്ക മേഖലകളിൽ പട്ടിണി മരണങ്ങൾ പെരുകുന്നതിന് മറ്റ് കാരണങ്ങൾ അന്വേഷിക്കേണ്ടതില്ല. ലോകത്തെ പോഷകാഹാരക്കുറവുള്ള മൂന്ന് കുട്ടികളിൽ ഒരാൾ ഇന്ത്യയിലാണ്.

ഇന്ത്യയിൽ ഓരോ 20 മിനിട്ടിലും പ്രസവ വേളയിൽ ഒരമ്മ മരിക്കുന്നു. സാധാരണക്കാ രിലേക്ക് ആധുനിക വൈദ്യശാസ്ത്രത്തിന്റെ നേട്ടങ്ങൾ എത്തിക്കുന്നതിൽ ഒരളവിൽ കവിഞ്ഞ് നമുക്കിന്നും വിജയിക്കാൻ കഴി ഞ്ഞിട്ടില്ലെന്ന് ഈ കണക്കുകൾ സംശയ ത്തിനിടയില്ലാതെ വ്യക്തമാക്കുന്നു. ഈ പൊതു ചിത്രത്തിൽ നിന്ന് കേരളം വ്യത്യസ്ത മായിരിക്കുന്നത് സാമൂഹ്യ തുല്യതയിലും പൊതുഫണ്ടിന്റെ നീതിയുക്തമായ വിതര ണത്തിലും ഊന്നുന്ന കേരളത്തിന്റെ തനതു വികസന മാതൃകയുടെ ബലത്തിലാണ്.

കേരളത്തിലേക്ക് നോക്കുക

ആഗോളവൽക്കരണ നയങ്ങൾ പൊതു ജനാരോഗ്യ രംഗത്തുണ്ടാക്കിയ പ്രത്യാഘാ തങ്ങൾ നിശിതമായി ചർച്ച ചെയ്യപ്പെട്ടു തുടങ്ങിയ തൊണ്ണൂറുകളുടെ രണ്ടാം പകുതിയിൽ കേരളത്തിലെ ആരോഗ്യ നിലവാര സൂചികകൾ ലോകമെങ്ങും ചർച്ച ചെയ്യപ്പെട്ടു. ഇന്ത്യയിലെ ശിശുമരണ നിരക്ക് 50 ന് മുകളിൽ നിന്നപ്പോൾ കേരള ത്തിൽ അത് ഒറ്റയക്കത്തോട് ഏറെക്കുറെ അടുക്കുകയായിരുന്നു. മരണനിരക്ക് 7ൽ താഴെയെത്തിച്ച് കേരളം വികസിത രാജ്യ ങ്ങൾക്ക് ഒപ്പം നിന്നു. സംസ്ഥാനത്തെ ജനന നിരക്ക് ദരിദ്ര രാജ്യങ്ങളുടെ പൊതു നിലവാരത്തെ അപേക്ഷിച്ച് 60 ശതമാനം കണ്ട് താഴെയെത്തി. അത് അമേരിക്കൻ ഐക്യനാടുകളെ പിന്നിലാക്കി. പ്രതീക്ഷിത ആയുർദൈർഘ്യം ഇന്ത്യയിൽ 64 ആയിരു ന്നപ്പോൾ കേരളം 75 ൽ എത്തി. 1990 കളിൽ ഇന്ത്യയിൽ ഏറ്റവും താഴ്ന്ന മാതൃമര ണനിരക്ക് (1.3/1000) കേരളത്തിലാണ് രേഖപ്പെടുത്തിയത്.

1990 കൾ മുതൽക്ക് കേരളത്തിലെ ആരോഗ്യരംഗം അന്നുവരെയില്ലാത്ത പുതിയ വെല്ലുവിളികൾ നേരിടാൻ തുടങ്ങി. പക്ഷിപ്പനി, പന്നിപ്പനി, നിപ്പ എന്നിങ്ങനെ കടൽ കടന്നെത്തിയ എത്രയെങ്കിലും പകർ ച്ചവ്യാധികളെ നമുക്ക് നേരിടേണ്ടി വന്നു. സ്വാതന്ത്ര്യത്തിന് ശേഷമുള്ള ഏതാനും പതി റ്റാണ്ടുകൾ കൊണ്ട് കേരളം കെട്ടിപ്പടുത്ത പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ വിപുല മായ ശൃംഖലയാണ് ഇത്തരം വ്യാധികളെ നേരിടാൻ നമുക്ക് കരുത്തു പകർന്നത്. എറ്റ വുമൊടുവിൽ, കൊവിഡ് വൈറസ് രോഗത്തെ ഭേദപ്പെട്ട നിലയിൽ നേരിടുന്ന തിലും ഈ പശ്ചാത്തലസൗകര്യ മികവും ജനകീയാരോഗ്യ പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ച അനുഭവസമ്പത്തും കേരളത്തെ സഹായിക്കുന്നു. ഇന്ത്യയിൽ കൊവിഡ് ബാധ ആദ്യം റിപ്പോർട്ട് ചെയ്ത കേരളത്തി ലാണ് രോഗികളോ രോഗം സംശയിക്കുന്ന വരോ ആയ എറ്റവും കൂടുതൽ പേർ വിദേശത്തു നിന്നും ഇതര സംസ്ഥാനങ്ങ ളിൽ നിന്നും എത്തിച്ചേർന്നത്. "കേരള ത്തിലെ ബലിഷ്ഠമായ പൊതുജനാരോഗ്യ സംവിധാനവും ഗ്രാമതലത്തിലേക്ക് അധികാരം പകർന്നു നൽകിയതിലൂടെ താഴെ തട്ടിൽ സൃഷ്ടിക്കപ്പെട്ട ജനാധിപത്യ സംസ്കാരവുമാണ് ആദ്യഘട്ടത്തിൽ കൊറോണ വൈറസ് വ്യാപനം തടഞ്ഞു നിർത്താൻ കേരളത്തെ സഹായിച്ചതെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു (BBC- എപ്രിൽ 20, 2020). കൊറോണ വൈറസി

ന്റെ വ്യാപനവും വൈറസ് രോഗത്തിന്റെ പ്രവണതകളും സംബന്ധിച്ച ധാരണകൾ ശൈശവാവസ്ഥയിലായിരുന്ന ആദ്യ ഘട്ടത്തിൽ ലോക രാജ്യങ്ങളെ അതിശയിപ്പിക്കുന്ന മികവോടെ വ്യാപനം തടഞ്ഞു നിർത്താൻ നമുക്കായി. ജാഗ്രതയുടെ സന്ദേശം മുഴുവൻ ജനങ്ങളിലേക്കും എത്തിക്കുന്നതിലും, രോഗികളെ ചികിൽസിക്കുന്നതിനും അവരുമായി സമ്പർക്കത്തിലുള്ളവരെ കണ്ടെത്തി ക്വാറന്റയിനിൽ പാർപ്പിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിലും കേരളത്തിലെ പൊതുജനാരോഗ്യ പ്രവർത്തകർ വിജയിച്ചു.

10 മെഡിക്കൽ കോളേജുകൾ, 18 ജില്ലാ ആശുപത്രികൾ, 22 സ്പെഷ്യാലിറ്റി ആശുപത്രികൾ, 81 താലൂക്ക് ആശുപത്രികൾ എന്നിവയ്ക്കു പുറമെ, സംസ്ഥാനമൊട്ടുക്കും വ്യാപിച്ചു കിടക്കുന്ന ആരോഗ്യ കേന്ദ്രങ്ങളുടെ ബലിഷ്ഠമായ ശൃംഖല കേരളത്തിലുണ്ട്. 2018-ൽ സംസ്ഥാന ആരോഗ്യ വകുപ്പ് പ്രസിദ്ധപ്പെടുത്തിയ രേഖകൾ പ്രകാരം, മോഡേൺ മെഡിസിൻ വിഭാഗത്തിൽ, ആരോഗ്യ കേന്ദ്രങ്ങളുടെ സബ് സെന്ററുകൾ അടക്കം, 6688 ആരോഗ്യരക്ഷാ കേന്ദ്രങ്ങളാണ് ആരോഗ്യ ഡയറക്ടറേറ്റിനു കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ജനറൽ ആശുപത്രികളിൽ 6920 ഉം ജില്ലാ ആശുപത്രികളിൽ 5167 ഉം താലൂക്ക് ആസ്ഥാന ആശുപത്രികളിൽ 5795 ഉം താലൂക്ക് ആശുപത്രികളിൽ 2643 ഉം സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ 6571 ഉം 24x7 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 3145 ഉം ആശുപത്രിക്കിടക്കകളുണ്ട്. മറ്റ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, ജില്ല ടി.ബി. സെന്ററുകൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ, ടി.ബി. ആശുപത്രികൾ എന്നിവിടങ്ങളിലും ഭേദപ്പെട്ട കിടത്തി ചികിൽസാ സൗകര്യങ്ങളുണ്ട്. കൊറോണാ വ്യാപനത്തിന്റെ വേളയിൽ ഈ കണക്കുകൾക്ക് ജീവന്റെ വിലയുണ്ട്.

7.65 എന്ന ഡോക്ടർ - ആശുപത്രി കിടക്ക അനുപാതവും 879 എന്ന ജനസംഖ്യ – കിടക്ക അനുപാതവും താഴ്ന്നവരുമാന രാജ്യങ്ങളിലെ പൊതുസ്ഥിതി വച്ചു നോക്കിയാൽ അസൂയാവഹമാണ്. 2016-17 ൽ കേരളത്തിൽ 4,57,922 പ്രസവങ്ങൾ നടന്നതിൽ 1,24,097 എണ്ണവും സർക്കാർ ആശുപത്രികളിലാണ് നടന്നത്. അതേ വർഷം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ 50,581 സിസേറിയൻ പ്രസവങ്ങൾ നടന്നു. (ആർദ്രം ദൗത്യത്തിന്റെ ഭാഗമായി എർപ്പെടുത്തിയ അധിക സൗകര്യങ്ങളും നടത്തിയ മെച്ചപ്പെടുത്തലുകളും സംബന്ധിച്ച വിവരങ്ങൾ സമാഹരിച്ചാൽ ഒരു പടി കൂടി മെച്ചപ്പെട്ട ചിത്രം ലഭിക്കും). കേരളത്തിലെ ചെറുതും വലുതുമായ ആരോഗ്യരക്ഷാ സ്ഥാപനങ്ങളിൽ നാലിൽ ഒന്നും ആശുപത്രി കിടക്കകളിൽ ഏകദേശം 40 ശതമാനവും പൊതുമേഖലയിലാണ്. ആരോഗ്യകേന്ദ്രങ്ങളിൽ മുക്കാൽ പങ്കും ഗ്രാമങ്ങളിലാണ് എന്നതാണ് ഈ ശൃംഖലയുടെ ഏറ്റവും പ്രധാന പ്രത്യേകത. ഇത് ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ നഗരങ്ങളിൽ കേന്ദ്രീകരിക്കുന്ന ലോകത്തിലെ പൊതു പ്രവണതയ്ക്ക് നേരെ വിരുദ്ധമാണ്.

ആരോഗ്യ കേന്ദ്രങ്ങൾ വഴിയുള്ള സാന്ത്വന പരിചരണ രംഗത്ത് ഇന്ന് കേരളത്തിന് സമാനമായ മറ്റൊരു മാതൃക രാജ്യത്തില്ല. ഇന്ത്യയിൽ ആകെ നൽകപ്പെടുന്ന പൊതു സാന്ത്വന പരിചരണ സേവനങ്ങളിൽ പകുതിയിലധികവും കേരളത്തിലാണെന്നത് വിസ്മയകരമായ കണക്കാണ്. കേരളത്തിന്റെ പല മടങ്ങ് സമ്പത്തുള്ള വാഷിങ്ങ്ടൺ ഡി.സി.യെ അപേക്ഷിച്ച് മികച്ച ആരോഗ്യ പരിരക്ഷയുള്ളത് കേരളത്തിലാണെന്ന് വ്യക്തമാക്കുന്ന പഠനം (Hans Risling) ലോകത്ത് ചർച്ചയാവുകയുണ്ടായി.

കുത്തക മൂലധനത്തിന്റെ കുതിപ്പിൽ ദരിദ്രന്റെ കൈകളിലേക്ക് തെറിച്ചു വീഴുന്നതും, അധാർമികമായ സാമ്പത്തിക വളർച്ചയുടെ ഫലമായി താഴെ തട്ടിലേക്ക് കിനിഞ്ഞിറങ്ങുന്നതും മാത്രമല്ല വികസനമെന്ന് ലോക ജനസംഖ്യയിൽ അര ശതമാനത്തിൽ താഴെ വരുന്ന ഈ ജനത നിരന്തരം തെളിയിച്ചു കൊണ്ടിരിക്കുന്നു. കൊറോണ വൈറസ് രോഗത്തിനു മുന്നിൽ ലോകം പകച്ചു നിൽക്കുമ്പോൾ ഈ ബദലിന് ജീവന്റെ വിലയുണ്ട്.

□

ലേഖകൻ ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറാണ്.

ഇടുക്കി

■ ഡോ. വിളക്കുടി രാജേന്ദ്രൻ

സഹ്യന്റെ മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന മലയോരജില്ല. പൈനാവ് ആണ് ആസ്ഥാ നം. കടിയേറ്റക്കാരുടെ ജില്ല എന്ന കൂടി അറിയപ്പെടുന്ന ഇടുക്കി ഹൈറേഞ്ചി ന്റെ ഭാഗമാണ്. 1972 ജനുവരി 26ന് ജില്ല നിലവിൽ വന്നു. ജില്ലാ നാമം ഇടുക്കി എന്നാ ണെങ്കിലും ആ പേരിലുള്ള ഒരു പ്രത്യേക സ്ഥലം ഇല്ല. കേരളത്തിൽ ഏറ്റവുമധികം വനപ്രദേശമുള്ള ജില്ലയാണിത്. കേരള ത്തിലെ അഞ്ച് ദേശീയോദ്യാനങ്ങളിൽ നാലും ഇടുക്കിയിലാണ്. ഇരവികുളം, മതി കെട്ടാൻ ചോല, ആനമുടി ചോല, പാമ്പാ ടുംചോല, എന്നിവയാണവ. പെരിയാർ, മീനച്ചിലാർ മൂവാറ്റുപുഴയാർ, മണിമലയാർ എന്നിവയാണ് പ്രധാനനദികൾ. കേരള ത്തിൽ ഏറ്റവും കൂടുതൽ ജല വൈദ്യുത പദ്ധ തികൾ ഉള്ളത് ഈ ജില്ലയിലാണ്. ഇടുക്കി ജല വൈദ്യുത പദ്ധതിയാണ് കേരളത്തിലെ ഏറ്റവും വലിയ ജല വൈദ്യുത പദ്ധതി. മൂന്നാർ, വാഗമൺ, കുട്ടിക്കാനം, തേക്കടി തുടങ്ങി ധാരാളം ടൂറിസ്റ്റ് സങ്കേതങ്ങൾ ഈ മലയോര ജില്ലയിലുണ്ട്. പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയർന്ന കൊടുമുടിയായ 'ആനമുടി' ഈ ജില്ലയിലാണ് (മൂന്നാർ പഞ്ചായത്ത്).

ഇടുക്കി എന്ന പേര്:

കുറവൻ-കുറത്തി പാറയിടുക്കുകളിലൂടെ പെരിയാർ ഒഴുകുന്നിടത്താണ് ഇടുക്കി അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. ആ 'ഇടു ക്കാ'വാം ഇടുക്കിക്കു കാരണം. എത്തിച്ചേ രാൻ പ്രയാസമുള്ള ഇടുക്കുവഴികൾ നിറഞ്ഞ പ്രദേശം ഇടുക്കിയായതുമാവാം. കരുവെ ള്ളായൻ കൊലുമ്പൻ എന്ന ആദിവാസി മൂപ്പനാണ് കുറവൻ - കുറത്തി പാറകളെപ്പ റ്റിയുള്ള അറിവ് ബ്രിട്ടീഷ് എഞ്ചിനീയറായ ഡബ്ല്യു.ജെ. ജോണിന് നൽകിയത് (1935). തുടർന്നുള്ള സ്ഥലപരിശോധനയ്ക്കും മറ്റും കൊലുമ്പൻ സഹായം നൽകി. ചെറുതോ ണി ഡാമിനരികിൽ കൊലുമ്പന്റെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്.

വനവാസക്കാലത്ത് സീതയും രാമനും ലക്ഷ്മണനും ഇവിടെ പാർത്തിരുന്നുവെന്നും സീതാസ്നാനം ഒളിച്ചുകണ്ടുനിന്ന കുറവ നെയും കുറത്തിയെയും ശിലകളായിപ്പോക ട്ടെ എന്നു ശ്രീരാമൻ ശപിച്ചെന്നും അങ്ങനെ യാണ് കുറവൻ - കുറത്തി പാറകൾ ജന്മം കൊണ്ടതെന്നുമാണ് ഐതിഹ്യം. ശാപമോ ക്ഷം ഒന്നുമുണ്ടായില്ല. പക്ഷെ ആ സ്ഥലത്ത് കൊലുമ്പൻ ഉണ്ടാവുകയും ഇടുക്കി ജല വൈദ്യുത പദ്ധതിക്ക് നിമിത്തമാവുകയും ചെയ്തത് ചരിത്രം. □

മണ്ണാണ് ജീവൻ മണ്ണ് ജീവന്റെ ഹരിതകം

മുരളീധരൻ തഴക്കര

മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്കു തന്നെ മടങ്ങും എന്നത് വചനാമൃതം! മനുഷ്യൻ ആറടി മണ്ണിന്റെ ജന്മിയാണ്! എന്റെ മണ്ണ് ചതിക്കില്ല-പഴയ കൃഷിക്കാരന്റെ ആത്മവിശ്വാസത്തിന്റെ പ്രതിഫലനം! മണ്ണും പെണ്ണും ഒരുപോലെയാണ്! ഇങ്ങനെ മണ്ണുമായി ചേർന്ന തത്വചിന്താപരമായ ദർശനങ്ങളും ചിന്തകളും എത്രയെത്ര! “മണ്ണിനെ സുസ്ഥിരമായി കാത്തുസംരക്ഷിക്കാം. മണ്ണിന്റെ ജൈവ സമ്പുഷ്ടിയും വൈവിധ്യതയും നിലനിർത്താം” എന്നതായിരുന്നു ഈ വർഷത്തെ മണ്ണുദിന സന്ദേശം!!!

പക്ഷേ ചവിട്ടി നിൽക്കുന്ന ഈ മണ്ണാണ് ജീവന്റെയും ജീവിതത്തിന്റെയും അടിസ്ഥാനശില എന്ന പരമമായ സത്യം നാം മറക്കുന്നു. നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളൊന്നുമേ മണ്ണുദിനത്തെക്കുറിച്ച് ഓർക്കുകയോ ഓർമ്മിപ്പിക്കുകയോ ചെയ്യാൻ മറന്നുപോയി! സമൂഹമാധ്യമങ്ങളിലൂടെ പലരും മണ്ണിന്റെ നന്മ പങ്കുവച്ചിരിക്കുന്നു എന്നത് ആശ്വാസദായകം!!! സ്വർണ്ണക്കടത്തിന്റെയും ഡോളർക്കടത്തിന്റെയും ലഹരിക്കടത്തിന്റെയും -വലിയ വാർത്തകൾക്കിടയിൽ മണ്ണിനെന്തു കാര്യം!!

പൊന്നുരുക്കുന്നിടത്ത് പൂച്ചയ്ക്കെന്തു കാര്യം? പക്ഷെ ഈ മഞ്ഞ സ്വർണ്ണവും ദ്രാവക സ്വർണ്ണമായ പെട്രോളിയവും കുഴിച്ചെടുക്കുന്നതും ഈ മണ്ണടരുകളിൽ നിന്നു തന്നെയാണെന്ന യാഥാർത്ഥ്യം മറക്കാതിരിക്കാം. മണ്ണ് ഭൂമിശാസ്ത്രപരമായ ഒരു വസ്തുത എന്ന നിലയിൽ മാത്രം കാണാവുന്ന ഒന്നല്ല. ഭൂഗുരുത്വം എന്ന സ്നേഹാകർഷണത്തിന്റെ ഉറപ്പിക്കൽ മണ്ണിലാണ്. മണ്ണിൽ കാലുറപ്പിച്ചു നിൽക്കുക എന്നതാണ് ജീവിച്ചുതുടങ്ങുന്നതിന്റെ ആദ്യപാഠം. മണ്ണിൽ നിന്നുകൊണ്ട് നിവരുമ്പോഴാണ് നാം ശരിക്കും മനുഷ്യരാകുന്നത്. എന്റെ മണ്ണ് എന്നത് സങ്കുചിതമായ സ്വാർത്ഥതയായും അഭിനന്ദനീയമായ ദേശാഭിമാനമായും മാറുന്നത് നമുക്ക് ചരിത്രത്തിൽ നിന്ന് വീണ്ടെടുക്കാൻ കഴിയും. എല്ലാ യുദ്ധങ്ങളും മണ്ണിനും പെണ്ണിനും വേണ്ടിയാണല്ലോ? പാറകൾ പൊടിഞ്ഞ് ഒരുപിടി മേൽമണ്ണുണ്ടാകുവാൻ പ്രകൃതിയ്ക്ക് ഒരായിരം വർഷത്തെ പ്രവർത്തന പ്രതിപ്രവർത്തനങ്ങൾ ആവശ്യമായി വരുമെന്നത് പ്രൈമറി ക്ലാസ്സിൽ പഠിച്ച ബാലപാഠം.

യഥാർത്ഥത്തിൽ മണ്ണിന്റെ ഏറ്റവും വലിയ പുണ്യം നമ്മുടെ കൈയ്യിലുള്ള ഒരു പിടി ധാന്യത്തെ അന്നമായി തിരിച്ചുതരാൻ കഴിയുമെന്നതാണ്. ഏറ്റവും വലിയ ബാങ്കാണ് മണ്ണ്! മനസ്സറിഞ്ഞ് നിക്ഷേപിച്ചാൽ മുതലും പലിശയുമടക്കം പതിന്മടങ്ങ് പൊലിപ്പിച്ച് തരുന്ന ബാങ്ക്, അന്നം മാത്രമല്ല അക്ഷരം ഉറപ്പിച്ചു തരുന്നതും ഈ മണ്ണുതന്നെയാണ്. അറിവിന്റെ ഹരിശ്രീ കുറിക്കുന്നതും മണ്ണിലായിരുന്നല്ലോ! അന്നവും അറിവും അമ്മയുമായ മഹാവിസ്മയമായ മണ്ണിനെ തൊട്ടു വന്ദിക്കുന്നത് അന്ധവിശ്വാസമല്ല! മറിച്ച് സർവ്വംസഹ

...എന്ന് വായനക്കാർ

ജനസൗഹൃദ ഗ്രാമപഞ്ചായത്തുകൾ

പൗരന് സേവനം നൽകുന്ന കാര്യത്തിൽ കേരളത്തിലെ പഞ്ചായത്തുകൾ ഇന്ന് എല്ലാ സർക്കാർ ഓഫീസുകൾക്കും മാതൃകയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനവും കാത്തിരിപ്പുമുറിയുമൊക്കെ പല പഞ്ചായത്തുകളിലും കോർപ്പറേറ്റ് കമ്പനികളെപോലും വെല്ലുന്ന തരത്തിലാണ് ഒരുക്കിയിട്ടുള്ളത്. ഐ.എസ്.ഒ. അംഗീ കാരം നേടിക്കൊണ്ട് എല്ലാ ഗ്രാമപഞ്ചായത്തുകളും ഈ നിലവാരം കൈവരിച്ചതിനാൽ സേവനങ്ങൾക്കായി പലതവണ കയറിയിറങ്ങേണ്ട സാഹചര്യം ഇന്നില്ല. സേവനമോ സേവനം ലഭ്യമാകുന്ന തീയതിയോ ഫ്രണ്ട് ഓഫീസിൽനിന്നും ലഭ്യമാകും. സേവനങ്ങൾ ഓൺലൈനായി വീട്ടിൽ ലഭ്യമാക്കുന്നതിന് വേണ്ട സംവിധാനങ്ങൾ മുഴുവൻ പഞ്ചായത്തുകളിലും കൊണ്ടുവരുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നതായി പഞ്ചായത്ത് രാജ് മാസിക ഒക്ടോബർ ലക്കം പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ ലേഖനത്തിൽ നിന്നും വ്യക്തമാകുന്നു. 25 വർഷങ്ങൾ പൂർത്തീകരിച്ച ജനകീയാസൂത്രണത്തെക്കുറിച്ചുള്ള ധനകാര്യമന്ത്രിയുടെ ലേഖനം ശ്രദ്ധേയമായി. മാലിന്യസംസ്കരണ സംവിധാനങ്ങളെക്കുറിച്ചുള്ള അറിവ് തരുന്ന ലേഖനവും ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. വിജ്ഞാനപ്രദമായ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന പഞ്ചായത്ത് രാജ് മാഗസിനും പിന്നണി പ്രവർത്തകർക്കും എല്ലാവിധ ഭാവുകങ്ങളും.

നൗഷാദ്, പാലക്കാട്

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.

യായ മണ്ണ് നമ്മുടെ ജീവന്റെയും ജീവിതത്തിന്റെയും ആധാരശിലയാണെന്ന തിരിച്ചറിവും പ്രാർത്ഥനാപൂർവ്വമായ നന്ദി പ്രകാശനവുമാണത്.

മനുഷ്യജീവിത വ്യവഹാരത്തിൽ മണ്ണുപോലെ ഇഴുകിച്ചേർന്ന മറ്റെന്താണുള്ളത്? കൊച്ചുകുട്ടികളെ സംബന്ധിച്ച് യഥേഷ്ടം ഓടിച്ചാടി കളിക്കാനുള്ള ഇടമാണ് മണ്ണ്. കണ്ണൻ ചിരട്ടയിൽ മണ്ണപ്പം ചുട്ടും, ചിരട്ടയിൽമണ്ണു നിറച്ച് കല്ലടുപ്പുകൂട്ടി അരിയും കറിയും വച്ചും കളിക്കാത്ത ബാല്യമുണ്ടോ? നിലത്തെഴുത്താശാന്മാർ ചൂണ്ടുവിരൽ പിടിച്ച് എഴുതിയ്ക്കുന്നതും മണ്ണിൽത്തന്നെയായിരുന്നു. പക്ഷേ, ഇന്ന് നാം നമ്മുടെ കുഞ്ഞുങ്ങളെ മണ്ണിൽ ചവിട്ടാൻപോലും അനുവദിക്കാറില്ല. സോക്സും ഷൂസും ഇടീച്ചാണ് കുഞ്ഞുങ്ങളെ വീടിനുള്ളിൽപ്പോലും നടത്തുന്നത്. അല്ലെങ്കിൽത്തന്നെ കുട്ടികൾക്കു കളിയ്ക്കാൻ മുറ്റമെവിടെ? മുറ്റത്തെ ഇത്തിരി മണ്ണുപോലും കോൺക്രീറ്റ് ചെയ്തോ ഇന്റർലോക്കു ചെയ്തോ മറയ്ക്കുന്നു. മണ്ണിനെ ജീവനോടെ 'സംസ്ക്കരിക്കുന്ന' വകതിരിവില്ലാത്ത പുത്തൻ സംസ്ക്കാരം.

ഓരോരുത്തരും മണ്ണിനെ നോക്കി കാണുന്നത് ഓരോ തരത്തിലാണ്. കുട്ടികൾക്കു മണ്ണ് കളിക്കാനുള്ള ഇടമാണെങ്കിൽ കർഷകനത് ഒരിക്കലും ചതിക്കില്ലെന്ന് വിശ്വസിക്കുന്ന, എല്ലാം വിളയിച്ചെടുക്കുന്ന കൃഷിയിടമാണ്. ഗൃഹനിർമ്മാണ വിദഗ്ധന് കെട്ടിട നിർമ്മാണത്തിനുള്ള പ്രതലമാണ്. കലാകാരനായ ശില്പിക്ക് അതീവസുന്ദര ശിൽപ്പങ്ങൾ മെനയുവാനുള്ള ഉപാധിയാണ്. കുശവനെ സംബന്ധിച്ച് മൺപാത്ര നിർമ്മാണത്തിനുള്ള അസംസ്കൃതവസ്തു. ഒരു പര്യവേഷകനാകട്ടെ ഏതെങ്കിലും ഇന്ധനങ്ങൾ മണ്ണടരുകളിൽ ഒളിഞ്ഞിരിപ്പുണ്ടോയെന്ന അന്വേഷണബുദ്ധ്യാ ഖനനം ചെയ്യുന്ന വസ്തു. എന്നാൽ കച്ചവടത്തിലൂടെ ലാഭം കൊയ്യുന്ന ഒരു റിയൽ എസ്റ്റേറ്റ് മുതലാളിക്ക് മണ്ണ് കേവലം വിൽപ്പനച്ചരക്ക് മാത്രം!

ദേഹമാസകലം പച്ചമണ്ണു പൊതിഞ്ഞുള്ള മണ്ണു ചികിത്സ തന്നെയുണ്ട്. ഒരു തരം പ്രകൃതി ചികിത്സ. കേരളത്തിൽ ഇന്നും ചില ക്ഷേത്രങ്ങളിൽ മണ്ണും ചെളിയും പ്രസാദമായി നൽകിവരുന്നു. ഓച്ചിറയിലും തൃച്ചേറ്റുപുറത്തും ചെളിയാണ് പ്രസാദം. ഇവിടെ മണ്ണ് ഭക്തന് ആദ്ധ്യാത്മിക ചൈതന്യമാണ് പ്രദാനം ചെയ്യുന്നത്. നമ്മുടെ എല്ലാ കുതിപ്പുകളുടെയും അടിസ്ഥാന ഊർജ്ജമായി നിൽക്കുന്നത് മണ്ണാണ്. എത്രകണ്ട് നമുക്ക് മുകളിലേക്ക് ഉയരാം എന്നത് എത്രത്തോളം നമുക്ക് ഭൂമിയിലേക്ക് താഴാം എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു. ആ താഴ്ചയാണ് നമുക്ക് ഉയർച്ചയിലേക്കുള്ള, ഉന്നതിയിലേക്കുള്ള കരുത്തു നൽകുന്നത്. ആകാശത്തോളം ഉയരത്തിൽപ്പോയാലും താഴെ വന്നേ സമ്മാനമുള്ളൂ എന്നു പറയുന്നതിന്റെ പൊരുളും മറ്റൊന്നല്ല.

നമ്മുടെ മുറ്റത്തെ ഇത്തിരി മണ്ണുപോലും കോൺക്രീറ്റ് ചെയ്തോ, ഇന്റർലോക്കു ചെയ്തോ മണ്ണിനെ ജീവനോടെ സംസ്ക്കരിക്കുന്ന വകതിരിവില്ലായ്മ ചെയ്യാതിരിക്കാം! മണ്ണിന്റെ ആരോഗ്യം മനുഷ്യന്റെ ആരോഗ്യമാണെന്ന വിവേകമാണുണ്ടാകേണ്ടത്. മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി മണ്ണു പരിശോധിച്ച് ആവശ്യാധിഷ്ഠിതമായി മാത്രം വളം ചെയ്യണം. ഇങ്ങനെ മണ്ണിന്റെ രക്ഷയ്ക്കായി നമുക്കു ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്യുമെന്ന് പ്രതിജ്ഞ ചെയ്യാം. അത് പ്രവൃത്തിയാക്കി മാറ്റാം. നമ്മുടെ കുഞ്ഞുങ്ങളുടെ കാലിലെ സോക്സൂരി മാറ്റിയിട്ട് അവരെ ഒരിത്തിരി നേരം മണ്ണിൽ ചവിട്ടാൻ അനുവദിക്കാം. നഗ്നപാദരായി നമുക്കും ഇത്തിരി നേരം മണ്ണിൽ നടക്കാം. ഒപ്പം ജീവന്റെ നിദാനമായ മണ്ണിനോടൽപ്പം കാരുണ്യം കാണിക്കാം. രാസകീടനാശിനികളും കളനാശിനികളും അമിതമായി മണ്ണിൽ തളിക്കാതിരിക്കാം. പ്ലാസ്റ്റിക്കടക്കം അജൈവ മാലിന്യങ്ങൾ ഒന്നുംതന്നെ മണ്ണിലേക്ക് വലിച്ചെറിയാതിരിക്കാം. കുന്നായ കുന്നുകളെല്ലാം ഇടിച്ചുനിരത്തി ഭൂമിയുടെ ആമാശയമായ അവശേഷിക്കുന്ന വയലുകളെങ്കിലും നികത്താതിരിക്കാം.

മണ്ണിനെക്കുറിച്ച് ഓർക്കുമ്പോൾ, സർവ്വതും സംഹരിക്കുവാൻ തയ്യാറായി ഒരു രാക്ഷസനെപ്പോലെ വായ്പിളർന്നു പാഞ്ഞുവരുന്ന ചില യന്ത്രങ്ങളാണ് ഇപ്പോൾ മനസ്സിലേക്ക് കടന്നുവരുന്നത്. എല്ലാ കുന്നുകളും സംഹരിക്കുന്ന, എല്ലാ തണ്ണീർത്തടങ്ങളും നികത്തുന്ന വയൽപ്പരപ്പുകളെല്ലാം കുഴിച്ചുകളും തോണ്ടുന്ന 'ജെ.സി.ബി' കളും മണ്ണുമായി ചീറിപ്പായുന്ന 'ടിപ്പർ' ലോറികളുമാണ് ഇപ്പോൾ ഒരു ദുഃസ്വപ്നം പോലെ മണ്ണിനെ ഓർമ്മിപ്പിക്കുന്നത്. 'ഉപ്പുതൊട്ട്' ഉറിയിലെ ചെറു മൺകലങ്ങൾ വരെ കവർന്നു കൊണ്ടുപോകുന്ന അധിനിവേശത്തിന്റെ ആസുരകാലമാണിത്. ഇന്നിതാ മണ്ണും പെണ്ണുമാണ് എല്ലാ അതിക്രമങ്ങൾക്കും ഇരയാകുന്നത്. പെൺവാണിഭവും മൺവാണിഭവും ഏറ്റവും ലാഭകരമായ വ്യവസായമായി വളരുന്നു! നാം ചവിട്ടിനിൽക്കുന്ന ഈ മണ്ണ് ഏതാനും സെക്കന്റുകൾ ഒന്നു തരിച്ചാൽ റിച്ചർ സ്കെയിലിന്റെ ഗ്രാഫ് നില തെല്ലുയർന്നാൽ കണ്ണടച്ചുതുറക്കുംമുമ്പ് സർവ്വവും വിഴുങ്ങാൻ ഈ മണ്ണിന് കഴിയും എന്ന പ്രപഞ്ചസത്യം നാം മറന്നുകൂടാ.

പരസ്യ നിരക്ക്

കവർ (അവസാന പുറം) കളർ	₹ 12000
കവർ (ഉൾവശം) കളർ	₹ 10000
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	₹ 8000
മറ്റു പേജുകൾ (കളർ)	₹ 8000
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	₹ 6000
അരപേജ് (കളർ)	₹ 5000
അര പേജ് (ബ്ലാക്ക് & വൈറ്റ്)	₹ 3000

പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

PANCHAYAT RAJ (Monthly) December 2020
Annual Subscription ₹120, Published on 20 December 2020

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20



Printed & Published by Dr.P.K. Jayasree IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: Dr.P.K. Jayasree IAS